# രക്ഷകനും രക്തസാക്ഷികളും



ശാന്താ ജോൺസൺ

# രക്ഷകനും
# രക്തസാക്ഷികളും

Mrs. ശാന്താ ജോൺസൺ

പ്രസാധകർ

സത്യം പബ്ലിക്കേഷൻസ്

പി.ബി. നമ്പർ. 25, വെസ്റ്റേൺ കോംപ്ലക്സ്, തിരുവല്ല, 689101
Phone: (0473) 634252, 619209, Fax: 91-473-635386
E-Mail sathyamindia@satyam.net.in

# അവതാരിക

അത്യുന്നതനായ ദൈവത്തിന് മനുഷ്യനോടുള്ള സ്നേഹത്തിന്റെ പ്രദർശനമാണ് കാൽവറിക്രൂശിൽ നാം ദർശിക്കുന്നത്. മനുഷ്യനെ സ്നേഹിച്ചപ്പോൾ മനുഷ്യപുത്രന് ക്രൂശ് അപമാനത്തിന്റെ സ്ഥാനമായിരുന്നില്ല. ദൈവക്രോധാഗ്നിയിൽ നിത്യയാതനയ്ക്ക് വിധിക്കപ്പെട്ട മനുഷ്യന് നേടുന്നതിനുള്ള ഏക മാർഗ്ഗം ക്രൂശുമരണം ആകയാൽ കൈൽവറി ക്രൂശ് ക്രിസ്തുവിന് വളരെ വിലപ്പെട്ടതായിരുന്നു.

ക്രിസ്തുവിനെ അനുഗമിക്കുന്ന ഒരുവന് പ്രതീക്ഷിക്കാവുന്ന ഈ ലോകത്തിന്റെ പ്രതിഫലം ക്രൂശാണ്. 'ലോകം നിങ്ങളെ പകയ്ക്കും' എന്നതിൽ ഈ സത്യം അന്തർലീനമായിരിക്കുന്നു. ഒരുവൻ താൻ ക്രിസ്തു ശിഷ്യനാണെന്ന് പറഞ്ഞാൽ ക്രിസ്തുവിനായി ക്രൂശിക്കപ്പെടുവാനും അവൻ തയ്യാറാണെന്ന് സമ്മതിക്കയാണ്. സത്യ വിശ്വാസികൾ തങ്ങളുടെ ജീവിതത്തിൽ ഇക്കാര്യം തെളിവാക്കിയിട്ടുണ്ട്. സഭാചരിത്രം ഈ മഹൽ സത്യത്തിന് സാക്ഷ്യം വഹിക്കുന്നു.

സഭയുടെ രൂപീകരണദിവസം മുതൽ സാത്താന്യ അധികാരത്തിൻ കീഴിലുള്ള മാനുഷിക ഭരണാധികാരികൾ സഭയ്ക്കെതിരെ ആക്രമണങ്ങൾ അഴിച്ചുവിട്ടിരുന്നു. സത്യം തുറന്നു പറഞ്ഞതിനാൽ ക്രിസ്തു ശിഷ്യനായ സ്തേഫാനോസ് രക്തസാക്ഷിയായി. അപ്പോസ്തോല പിതാക്കന്മാർ എല്ലാവരും തന്നെ ക്രിസ്തുവിനായി തങ്ങളുടെ ജീവിതം അർപ്പിച്ചു. ക്രിസ്തുവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച വിശ്വാസവീരന്മാരുടെ ഒരു നിരതന്നെ ചരിത്രം നമുക്കു മുമ്പാകെ അവതരിപ്പിക്കുന്നുണ്ട്.

പിഞ്ചുകുഞ്ഞുങ്ങൾ തുടങ്ങി വൃദ്ധജനങ്ങൾ വരെ ക്രിസ്തുവിശ്വാസത്തിനുവേണ്ടി തങ്ങളുടെ ജീവൻ ബലിയർപ്പിച്ചു. തങ്ങൾക്കു മുമ്പാകെ ഭീതിജനകമായ പീഢനമുറകൾ ഓരോന്നായി നിരന്നപ്പോഴും തങ്ങളുടെ വിശ്വാസനയകനെ തള്ളിപ്പറയുവാൻ അവർക്കു മനസ്സായില്ല. കാരണം അവർ ക്രിസ്തുവിനെ തങ്ങളുടെ ജീവിതത്തിൽ വ്യക്തമായി അനുഭവിച്ച് അറിഞ്ഞിരുന്നു. നഗ്നരാക്കി തെരുവിലൂടെ വലിച്ചിഴയ്ക്കപ്പെട്ടപ്പോഴും മൃഗങ്ങളുടെ തോലിൽ പൊതിയപ്പെട്ട് തീപ്പന്തങ്ങളായി എരിഞ്ഞടങ്ങിയപ്പോഴും തിളച്ച എണ്ണയിൽ വറുക്കപ്പെട്ടപ്പോഴും ഈർച്ചവാളാൽ അറുക്കപ്പെട്ടപ്പോഴും നാടുകടത്തപ്പെട്ടപ്പോഴും ക്രിസ്തുവിന്റെ തേജോജ്വലമായ മുഖം അവരിൽ ധൈര്യം പകർന്നു.

ക്രൂരമർദ്ധനത്താൽ അടിച്ചൊതുക്കുവാൻ, ഉന്മൂലനം ചെയ്യുവാൻ ശ്രമിച്ച റോമൻ ചക്രവർത്തിയായ നീറോയെപ്പോലുള്ള ക്രൂരരും നികൃഷ്ടരുമായ ഭരണാധികാരികൾ മൃത്യുവിന് വിധേയരായി ചരിത്രത്തിലുറഞ്ഞടിഞ്ഞപ്പോൾ രക്തച്ചൊരിച്ചിലിനാൽ നേടിയെടുത്ത ജയത്തിൻ ഭേരി മുഴക്കിക്കൊണ്ട് ക്രിസ്തീയ വിശ്വാസം ഈ 21-ാം നൂറ്റാണ്ടിലും മുന്നേറുകയാണ്.

രക്തസാക്ഷികളുടെ ചരിത്രം ക്രിസ്തു ശിഷ്യർക്ക് എക്കാലവും ഉത്തേജനം പകരുന്നതാണ്. നമ്മുടെ പിതാമഹന്മാർ വിശ്വാസ സംരക്ഷണത്തിന് നല്കിയ വില എത്രവലുതാണെന്ന് ഈ ചരിത്രം നമ്മെ ഓർമ്മപ്പെടുത്തുന്നു.

എന്റെ ആത്മീക ഉപദേഷ്ടാവായ ഡോ. ജോൺസൺ സി. ഫിലിപ്പിന്റെ സഹധർമ്മിണി ശ്രീമതി ശാന്താ ജോൺസന്റെ പ്രഥമകൃതിയായ ഈ ഗ്രന്ഥത്തിന് സവിശേഷതകൾ ഏറെയാണ്. രക്തസാക്ഷി മരണത്തിന് മാതൃക കാണിച്ച ക്രിസ്തുവിനെക്കുറിച്ചുള്ള വ്യക്തവും ലളിതവും ഹ്രസ്വവുമായ ഒരു വിവരണം ഇതിലുണ്ട്. കൂടാതെ സ്തേഫാനോസ് തുടങ്ങി നിരവധി രക്തസാക്ഷികളുടെ

ത്യാഗമരണത്തെപ്പെറ്റി അന്തരാത്മാവിനെ തട്ടിഉണർത്തും വിധം അവതരിപ്പിക്കുന്നതിൽ എഴുത്തുകാരി വിജ യിച്ചിട്ടുണ്ട്. ക്രിസ്തുവിശ്വാസികൾ നേരിട്ട ക്രൂരമായ പീഢ നമുറകളുടെ ചിത്രീകരണവും ഈ ഗ്രന്ഥത്തിന്റെ മേന്മ വർദ്ധിപ്പിച്ചിട്ടുണ്ട്.

വായിച്ചുതുടങ്ങിയാൽ ഒടുവോളം വായിക്കുവാൻ പ്രേരി പ്പിക്കുന്ന ലാളിത്യപൂർണ്ണമായ വാചക ഘടനയും പ്രചോദ നദായക പ്രസ്താവനകളും ഈ കൃതിയുടെ സവിശേഷ തയാണ്. എല്ലാ ക്രിസ്തീയ ഭവനത്തിലും ഈ ഗ്രന്ഥത്തിന്റെ ഓരോ പ്രതികൾ അത്യന്താപേക്ഷിതമാണ്. വിശ്വാസത്തി ന്റെ മഹത്വം കാണുവാനാഗ്രഹിക്കുന്ന ക്രൈസ്തവ സമൂഹ ത്തിന് ഈ ഉത്തമ ഗ്രന്ഥം സവിനയം അവതരിപ്പിച്ചു കൊള്ളുന്നു.

1-09-2000 ക്രിസ്തുവിൽ,

പത്തനംതിട്ട സനീഷ് ചെറിയാൻ **(B.Th, M.Div)**

# മുഖവുര

ആദിമ മനുഷ്യനായ ആദാമിന്റെ അനുസരണക്കേടി നാൽ ദൈവസന്നിധിയിൽ നിന്നും പുറന്തള്ളപ്പെട്ടു, സാത്താനും അവന്റെ അനുയായികൾക്കുമായി ഒരുക്കിയ നിത്യനരകത്തിനു അവകാശികളായിത്തീർന്ന മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനത്രെ കാല സമ്പൂർണ്ണതയിൽ പ്രവചന-നിവൃത്തിയായികന്യകയിലൂടെ-മനുഷ്യവേഷധാരിയായി ദൈവപുത്രൻ ഭൂമിയൽ വന്നത്. മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാൻ വന്നതിനാൽ തനിക്കു യേശു (രക്ഷകൻ) എന്നു പേർവിളിച്ചു.

പാപത്തിന്റെ ഫലമായി മനുഷ്യരിലുണ്ടായ ബലഹീനതകളിലും കഷ്ടതകളിലും ആശ്വാസദായകനായ ഈ അരുമനാഥൻ തന്റെ ശുശ്രൂഷാക്കാലം തികച്ചു. അന്ധനു കാഴ്ച നൽകുന്നവനായും ചെകിടനു കേൾവി നൽകുന്നവനായും കുഷ്ഠരോഗിക്കു ശുദ്ധിവരുത്തുന്നവനായും അശരണർക്കു ആശ്രയമായും തളർന്നവർക്കു താങ്ങായും വർത്തിച്ച മനുഷ്യപുത്രന് ലോകം സമ്മാനിച്ചതു ക്രൂശാണ്. അത്ഭുതം ആഗ്രഹിച്ച ഹെരോദാവും കുറ്റമില്ലെന്നു കണ്ട പീലാത്തോസും തനിക്കു ക്രൂശ് യോഗ്യമെന്നു വിധിച്ചു. പാപമില്ലാത്തവനും പാപമറിയാത്തവനുമായ നമ്മുടെ കർത്താവിനു ലോകം നൽകിയതു സമൂഹത്തിലെ നികൃഷ്ടന്മാർക്കു നൽകുന്ന മരക്കുറിശത്രേ. നമ്മെ ഓരോരുത്തരെയും ഓർത്തപ്പോൾ-സർവ്വലോകത്തേകാളും വിലയേറിയ മനുഷ്യാത്മാവിനെ ദർശിച്ചപ്പോൾ ക്രൂശിനെ സഹിക്കുന്നത് രക്ഷിതാവിനു പൂർണ്ണ സമ്മതമായിരുന്നു.

കഴിഞ്ഞ രണ്ടായിരം വർഷങ്ങളിൽ ക്രിസ്തുവിൽ ആശ്വാസവും പ്രത്യാശയും കണ്ടെത്തിയവർ നിരവധിയാണ്. രക്തം ചൊരിഞ്ഞ് വീണ്ടെടുത്ത കർത്താവിനായ് രക്തം ചൊരിയുവാൻ, ക്രൂശിക്കപ്പെടുവാൻ, അഗ്നികുണ്ഠത്തിൽ എരിഞ്ഞടങ്ങുവാൻ, മൃഗങ്ങളുടെ ദംഷ്ട്ര

ങ്ങൾക്കിരയാകുവാൻ, വിഷജന്തുക്കൾക്കു തന്നെത്താൻ അർപ്പിക്കുവാൻ, ചമ്മട്ടികൾക്കു പുറം കാട്ടുവാൻ, വാളിനു ശിരസ്സേല്പിക്കുവാൻ, തടങ്കലിൽ ആകുവാൻ അവർക്കു മടിയില്ല-ഭയമില്ല-ആശങ്കയില്ല. അതാണ് ചരിത്രം സാക്ഷിക്കുന്നത്.

ക്രിസ്തുവിശ്വാസത്തിൽ ആദ്യ രക്ത സാക്ഷിത്വം വഹിച്ച സ്തേഫാനോസ് മുതൽ ഇന്നു സുവിശേഷ രണാങ്കണത്തിൽ ചോരയൊഴുക്കുന്നവർ വരെ ഈ ഗണത്തിൽ പെടുന്നു. റോമൻ നിയമത്തിനു മുമ്പിൽ തല കീഴായി ക്രൂശിക്കപ്പെട്ട വി. പത്രോസും ശിരസ്സു കുനിച്ച വി.പൗലോസും ഇന്നു സത്യവിശ്വാസികൾക്കു പ്രചോദനമാകുന്നു. കഷ്ടം സഹിക്കുന്നതിനു ക്രിസ്തു വെച്ചേച്ചുപോയ മാതൃക പിൻതുടരുക ക്രിസ്തു വിശ്വാസികൾക്കു പ്രചോദനമാണ്-അഭിമാനമാണ്.

സ്തേഫാനോസ് തുടങ്ങി കഴിഞ്ഞ നൂറ്റാണ്ടുകളിൽ ക്രിസ്തുവിനായി രക്ത സാക്ഷിത്വം വഹിച്ച ചില മഹത് ജീവിതങ്ങളെക്കുറിച്ചാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഈ ക്രിസ്തു ഭക്തരുടെ ജീവിതവും സമർപ്പണവും ത്യാഗവും നമുക്കു ഉത്തേജനം നൽകട്ടെ.

നമ്മുടെ രാജ്യത്തും ക്രിസ്തു ഭക്തർക്കെതിരെ പടവാൾ ഉയർന്നു തുടങ്ങി. നമ്മുടെ വിശ്വാസത്തിന്റെ ശോധനയുടെ നാൾ അടുത്തുവരുന്നു. ഇത്തരണത്തിൽ ഈ ഭക്തരുടെ ത്യാഗം നമുക്കു പ്രചോദനവും ധൈര്യവുമേകും. ഇവരുടെ ജീവിതത്തിന്റെ വെളിച്ചത്തിൽ നാം വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നമ്മെത്തന്നെ ശോധന ചെയ്യാം.

"ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ?" ഇല്ല (റോമ. 8:35). ഇല്ല ഇവയ്ക്കൊന്നും നമ്മെ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും വേർപിരിക്കാനാവില്ല. മറിച്ച്, നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും നാം പൂർണ്ണ ജയം പ്രാപിക്കും. അതാണ് ക്രിസ്തുവിൽ നമുക്കുള്ള ഉറപ്പ്.

# ഉള്ളടക്കം


1 രക്ഷകന്റെ ജനനം
2 പരസ്യ പ്രവർത്തനങ്ങൾ
3 ക്രൂശീകരണം
4 ഉയർത്തെഴുന്നേല്പ്
5 സ്തേഫാനോസ് - ആദ്യത്തെ രക്തസാക്ഷി
6 അപ്പൊസ്തലന്മാർ
7 കൊലക്കളം
8 അരിസ്റ്റാർഹെസ് (1-ാമത്തെ മതപീഡ ഏ.ഡി. 64)
9 തിമൊഥേയൊസ് (2-ാമത്തെ മതപീഡ ഏ.ഡി. 85)
10 സിബോറസും 7 പുത്രന്മാരും (3-ാമത്തെ മതപീഡ ഏ.ഡി. 108)
11 തീയിലും സിംഹവായിലുംകൂടി കടന്ന് നിത്യതയിലെത്തിചേർന്ന ഇഗ്നാത്തോസ് (ഏ.ഡി. 108)
12 പോളികാർപ്പ് (4-ാമത്തെ മതപീഡ ഏ.ഡി. 163)
13 തത്വജ്ഞാനിയായ ജസ്റ്റിൻ ,,
14 രണ്ടു ഉറ്റ സ്നേഹിതന്മാർ ,,
15 യജമാനനെ ഒറ്റിക്കൊടുത്ത അടിമ ,,
16 സംസാരിക്കുന്ന ചുണ്ണാമ്പുകട്ടകൾ ,,
17 രക്തസാക്ഷിയായ ഫെലിസ്റ്റയും പെർപ്പചിയും (5-ാമത്തെ മതപീഡ (ഏ.ഡി. 200)
18 പട്ടാളമേധാവി രക്ഷിക്കപ്പെടുവാൻ ഇടയായ അമ്മയും രണ്ടു പെൺമക്കളും (ഏ.ഡി. 200)
19 സിസിലിയ (ഏ.ഡി. 200)
20 70 വയസ്സുകാരി അപ്പോലോനിയ (6-ാമത്തെ മതപീഡ ഏ.ഡി 235)
21 മൂന്നു സഹോദരന്മാരും ഒരു സഹോദരിയും ,,
22 ക്രിസ്തുവിനെ കണ്ടെത്തിയ മന്ത്രവാദികൾ (7-ാമത്തെ മതപീഡ (ഏ.ഡി. 249)
23 പട്ടിണികിടന്നു മരിച്ച ഏഴു പട്ടാളക്കാർ ,,
24 അഗതാ ,,

25 ഒറിഗൻ ,,
26 സുന്ദരിയായ തിയോഡറസ്സും ദിദിമോസും ,,
27 രണ്ടു വധുവരന്മാർ (8-ാമത്തെ മതപീഡ ഏ.ഡി. 257)
28 ലോറൻസ് ,,
29 സിപ്രിയൻ ,,
30 യുജീനിയ ,,
31 ബധിരയായ സോയേ (9-ാമത്തെ മതപീഡ ഏ.ഡി. 270)
32 ഇരട്ടകളായ മാർക്കസ്സും
മാർസെലിയാനസും ,,
33 6001 പട്ടാളക്കാർ ,,
34 പ്രഥമ ബ്രിട്ടീഷ് രക്തസാക്ഷി ,,
35 സെബാസ്റ്റിൻ (10-ാമത്തെ മതപീഡ ഏ.ഡി. 303)
36 ബാലനായ വൈറ്റസ്സ് ,,
37 മാസിലിയക്കാരനായ വിക്ടർ ,,
38 രക്തസാക്ഷിയായ 3 സഹോദരന്മാർ ,,
39 റോമനസ് ,,
40 പിഞ്ചുപൈതൽ ,,
41 ജലിറ്റയും പിഞ്ചുപൈതലും ,,
42 വിൻസെന്റ് ,,
43 സറ്റേർണിനസ്സും 4 ആൺമക്കളും ,,
44 മൂന്നു സഹോദരിമാർ ,,
45 തിയോഡറ്റാസ് ,,
46 ഏഴു വല്യമ്മച്ചിമാർ ,,
47 നവദമ്പതികൾ ,,
48 ധൈര്യശാലിയായ ബെയ്സിൽ (ഏ.ഡി. 361)
49 കടന്നലുകളുടെ കുത്തേറ്റു മരിച്ച മർക്കോസ് (ഏ.ഡി. 361)
50 സ്കൂൾ അദ്ധ്യാപകന്റെ മരണം ,,
51 കൊലക്കളത്തിലെ അവസാനത്തെ രക്തസാക്ഷി (ഏ.ഡി. 375)



യേശുവിന്റെ ജനനത്തിങ്കൽ കുപിതനായ ഹേരോദാവ് രാജാവ് ബേദ്ലഹേമിലെ ആൺകുഞ്ഞുങ്ങളെ കൊലചെയ്യുന്നു.

# 1

# യേശുവിന്റെ ജനനം

ഗലീലയിലെ നസറെത്ത് എന്ന പട്ടണത്തിൽ സുന്ദരിയും, സുശീലയുമായ ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവളുടെ പേരായിരുന്നു മറിയ. അവളുടെ വിവാഹം ദാവീദ് ഗൃഹത്തിലെ ഹേലിയുടെ മകനായ യോസേഫ് എന്ന യുവാവുമായി നിശ്ചയിച്ചു. വിവാഹം അടുക്കാറായി.

ഒരു ദിവസം ഒരു ദൂതൻ മറിയയുടെ അടുക്കൽ വന്ന് കൃപ ലഭിച്ചവളേ നിനക്കു വന്ദനം എന്നു പറഞ്ഞു. പ്രധാന ദൂതനായിരുന്നു അവളുടെ അടുക്കൽ വന്നിരുന്നത്. അവൻ അവളോട് കർത്താവ് നിന്നോടു കൂടെയുണ്ടെന്നും നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും അവന് യേശു എന്ന് പേരിടണം എന്നും അരുളിച്ചെയ്തു. മറിയ അവനോട് ഇത് എങ്ങനെ സംഭവിക്കും എന്ന് ചോദിച്ചു. അതിനു ദൂതൻ പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും, ഉൽഭവിക്കുന്ന പ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടുമെന്നും ഉത്തരം പറഞ്ഞു. എല്ലാറ്റിനെക്കാളും ദൈവത്തെ സ്നേഹിച്ച മറിയ "ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞു. അപ്രകാരം പരിശുദ്ധാത്മാവിനാൽ മറിയ ഗർഭിണിയായി.

മറിയ ഗർഭിണിയായി എന്നറിഞ്ഞപ്പോൾ യോസേഫ് അവളെ ഗൂഢമായി ഉപേക്ഷിപ്പാൻ ഭാവിച്ചു. എന്നാൽ ദൂതൻ അവനു പ്രത്യക്ഷനായി അവനോട് മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട, അവളിൽ ഉൽപാദിതമായിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ ആകുന്നു, അവൾ ഒരു മകനെ പ്രസവിക്കും അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്കകൊണ്ട് നിങ്ങൾ അവന് യേശു എന്ന് പേർ ഇടേണം എന്നു പറഞ്ഞു.

ഔഗൂസ്തോസ് കൈസറുടെ കൽപനയാൽ പേർവഴി ചാർത്തേണ്ടതിന് യോസേഫ് മറിയയോടുകൂടി തന്റെ പട്ടണമായ ബെത്ലഹേമിലേയ്ക്കു യാത്രയായി. അവിടെവെച്ച് മറിയയ്ക്കു പ്രസവത്തിനുള്ള സമയം തികഞ്ഞു. അവൾ ഒരു മകനെ പ്രസവിച്ചു. വഴിയമ്പലത്തിൽ സ്ഥലമില്ലായ്കയാൽ അവർ ശിശുവിനെ പശുത്തൊട്ടിയിൽ കിടത്തി.

അന്നു ആ പ്രദേശത്തു കുറച്ച് ആട്ടിടയന്മാർ കാവൽകാത്തുകൊണ്ട് വെളിമ്പ്രദേശത്ത് പാർത്തിരുന്നു. പെട്ടെന്ന് അവരുടെ മുമ്പിൽ ഒരു തേജസ്സ് ചുറ്റിമിന്നി. അവർ ഭയപരവശരായി. അപ്പോൾ ദൂതൻ അവരോട് ഭയപ്പെടേണ്ട കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു എന്നു പറഞ്ഞു. അത്യു ന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനു ഷ്യർക്ക് സമാധാനം എന്ന സ്വർഗ്ഗീയ സൈന്യത്തിന്റെ ഗാനവും അവർ കേട്ടു. ആട്ടിടയന്മാർ പോയി പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവിനെ കണ്ടു. തങ്ങളോട് ദൂതന്മാർ പറഞ്ഞ വാക്ക് അറിയിച്ച് ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ട് മടങ്ങിപ്പോയി.

ആ കാലത്ത് കിഴക്കുനിന്നും വിദ്വാന്മാർ യരുശലേമിൽ ഹെരോദാ രാജാവിന്റെ അടുക്കൽ എത്തി, യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്ക് കണ്ട് അവനെ നമസ്ക്ക രിപ്പാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു. ഇതു കേട്ടിട്ട് ഹെരോദാ രാജാവും, യരുശലേമും ഭ്രമിച്ചു. ക്രിസ്തുവിന്റെ ജനനം എവിടെ യായിരിക്കുമെന്ന് അദ്ദേഹം പണ്ഡിതഗണത്തോട് ചോദിച്ചു. ബേത്ത്‌ല ഹേമിലായിരിക്കുമെന്ന് വിചാരിച്ച് നക്ഷത്രം കണ്ട സമയം ചോദിച്ചറിഞ്ഞ് അവരെ ബേത്ത്‌ലഹേമിലേക്ക് അയച്ചു. മാത്രമല്ല നിങ്ങൾ ചെന്ന് ശിശുവിനെ കണ്ടതിനുശേഷം എനിക്കും നമസ്ക്കരിക്കേണ്ടതിന് എന്നോടു പറയണം എന്നും രാജാവ് വിദ്വാന്മാരോട് പറഞ്ഞു.

അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്ന നക്ഷത്രം ശിശു ഇരിക്കുന്ന സ്ഥലത്തിനു മീതെ വന്നു നിന്നു. അവർ യേശുവിനെ കണ്ട് നമസ്ക്ക രിച്ചു. നിക്ഷേപപാത്രങ്ങളെ തുറന്ന് പൊന്ന്, മൂര്, കുന്തുരുക്കം ഇവ കാഴ്ചവെച്ചു. ഹെരോദാവിന്റെ അടുക്കൽ മടങ്ങിപ്പോകരുത് എന്ന കല്പനയുണ്ടായിട്ട് അവർ വേറെ വഴിയായി സ്വദേശത്തേക്കു മടങ്ങിപ്പോയി.

ദൂതൻ പറഞ്ഞതിൻ പ്രകാരം യോസേഫ് യേശുവിനേയും മറിയയേയും കൂട്ടി മിസ്രയീമിലേയ്ക്കു പോയി.

വിദ്വാന്മാർ തന്നെ കളിയാക്കി എന്നു ഹെരോദാവ് കണ്ട് വളരെ കോപിച്ചു, വിദ്വാന്മാരോട് ചോദിച്ചറിഞ്ഞ കാലത്തിന് ഒത്തവണ്ണം രണ്ടുവയസ്സും താഴെയുമുള്ള ആൺകുട്ടികളെ ഒക്കെയും കൊല്ലുവാൻ ആജ്ഞാപിച്ചു. പടയാളികൾ ഒരു ദാക്ഷണ്യവുമില്ലാതെ വീടുകളിൽ

കയറി രണ്ടു വയസ്സും അതിനു താഴെയുമുള്ള കുഞ്ഞുങ്ങളെയെല്ലാം കൊന്നൊടുക്കി. അങ്ങനെ രാമയിൽ ഒരു കൂട്ടനിലവിളിയുണ്ടായി.

# 2

# പരസ്യ പ്രവർത്തനങ്ങൾ

യേശുക്രിസ്തു യോഹന്നാനാൽ സ്നാനം ഏറ്റു. വെള്ളത്തിൽ നിന്നു കയറിയ ഉടനെ സ്വർഗ്ഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റേമേൽ വരുകയും ചെയ്തു. മാത്രമല്ല നീ എന്റെ പ്രിയ പുത്രൻ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി. യേശുവിന് താൻ പ്രവൃത്തി ആരംഭിക്കുമ്പോൾ ഏകദേശം മുപ്പതു വയസ്സുണ്ടായിരുന്നു. ഏകദേശം 3½ വർഷത്തോളം തന്റെ ശിഷ്യന്മാരുമൊത്ത് അൽഭുതങ്ങളും, അടയാളങ്ങളും ചെയ്തു കൊണ്ട് യെരുശലേമിലുടനീളം സഞ്ചരിച്ചു.

ഗലീലയിലെ കാനാവിലെ ഒരു വിവാഹ വിരുന്നിൽ അദ്ദേഹം പച്ച വെള്ളത്തെ വീഞ്ഞാക്കി, കുരുടർക്ക് കാഴ്ച നൽകി, മുടന്തരെ നടക്കു മാറാക്കി, ചെകിടർ കേട്ടു, പക്ഷവാതം പിടിച്ചവർ നടന്നു, അഞ്ച് അപ്പം കൊണ്ട് അയ്യായിരംപേരെ പോഷിപ്പിച്ചു, ഭൂതങ്ങളെ പുറത്താക്കി, മരിച്ചവരെ ഉയിർപ്പിച്ചു. അങ്ങനെ അനേക അത്ഭുതങ്ങളും, അടയാളങ്ങളും അദ്ദേഹം ചെയ്തു. കൂടാതെ അനേകർക്ക് അവരുടെ പാപത്തിൽ നിന്നും മോചനവും കൊടുത്തു.

ജനങ്ങൾ യേശുവിനെ ദൈവപുത്രനെന്ന് വിശ്വസിക്കുകയും അവൻ പോകുന്നിടത്തെല്ലാം അവനെ അനുഗമിക്കുകയും ചെയ്തു. മാത്രമല്ല അവന്റെ അധരങ്ങളിൽ നിന്നും അടർന്നു വീണ അനുഗ്രഹീതമായ വചസ്സുകളെ ശ്രദ്ധിച്ചും പോന്നു.

# 3

# ക്രൂശീകരണം

തന്റെ മരണവിധം യേശു മുന്നമെ തന്നെ അറിഞ്ഞിരുന്നു. താൻ പോകുന്നതിനുള്ള നാഴിക വന്നു എന്ന് യേശു കണ്ടിട്ട് പന്ത്രണ്ട് ശിഷ്യന്മാരെയും വിളിച്ച് അവരോടൊന്നിച്ച് പെസഹ കഴിച്ചു. അതിനു ശേഷം അവർ ഒന്നിച്ച് ഒലിവ് മലയിലേയ്ക്കു പോയി. അവിടെയുള്ള ഗത്സമെന എന്ന തോട്ടത്തിൽ യേശു പ്രാർത്ഥനയിൽ മുഴുകി. അവിടെ വച്ച് തന്റെ ശിഷ്യന്മാരിൽ ഒരുവനായ ഇസ്കർയ്യോത്താ യൂദാ ചുംബന ത്താൽ മഹാപുരോഹിതന്മാർക്കും, പ്രമാണികൾക്കും തന്നെ മുപ്പത് വെള്ളിക്കാശിനുവേണ്ടി ഒറ്റിക്കൊടുത്തു.

തന്നെ പിടിക്കുവാൻ വന്നവരോട് "നിങ്ങൾ ആരെ തിരയുന്നു" എന്ന് യേശു ചോദിച്ചു. "നസറായനായ യേശുവിനെ" എന്ന് അവർ പ്രതിവചിച്ചു. അതു ഞാൻ തന്നെ എന്ന് യേശു പറഞ്ഞു. അത് കേട്ട മാത്രയിൽ അവർ പിൻവാങ്ങി നിലത്തുവീണു. നിങ്ങൾ ആരെ തിരയുന്നു എന്ന് യേശു പിന്നെയും അവരോട് ചോദിച്ചതിന് നസറായനായ യേശു വിനെ എന്ന് അവർ ഉത്തരം പറഞ്ഞു. അതു ഞാൻ തന്നെ, എന്നെ പിടിച്ചുകൊള്ളൂ എന്നു പറഞ്ഞ് യേശുക്രിസ്തു സ്വയം ഏൽപ്പിച്ചു കൊടുത്തു.

യേശുവിനെ അവർ പിടിച്ച് മഹാപുരോഹിതന്റെ വീട്ടിൽ കൊണ്ടു പോയി, അവിടെവച്ച് അവർ അവനെ പരിഹസിക്കുകയും, കണ്ണുകെട്ടി തല്ലുകയും, മുഖത്ത് തുപ്പുകയും ചെയ്തു. അതിനുശേഷം അവർ അവനെ ന്യായാധിപസംഘത്തിന്റെ മുമ്പിലും അതിനുശേഷം പീലാത്തോസിന്റെ അടുക്കലും. തുടർന്ന് ഹെരോദാവിന്റെ അടുക്കലും, അവർ യേശുവിനെ കൊണ്ടുപോയി. എന്നാൽ അവർ അവനിൽ ഒരു കുറ്റവും കാണാത്ത തിനാൽ തിരിച്ച് പീലാത്തോസിന്റെ അടുക്കൽ തിരികെ കൊണ്ടുവന്നു. എന്നാൽ വിചാരണയ്ക്കു ശേഷം പീലാത്തോസ് പുറത്തുവന്ന് ജനത്തോട് "നിങ്ങൾ ചുമത്തിയ കുറ്റം ഒന്നും അവനിൽ കാണുന്നില്ല മാത്രമല്ല ഹെരോദാവും കണ്ടില്ല എന്നു പറഞ്ഞു. മരണ യോഗ്യമായത് ഒന്നും ഇവൻ പ്രവർത്തിച്ചിട്ടില്ല സ്പഷ്ടം. അതുകൊണ്ട് ഞാൻ അവനെ അടിപ്പിച്ച് വിട്ടയക്കാം എന്നു പറഞ്ഞു.

അനന്തരം പീലാത്തോസ് യേശുവിനെ കൊണ്ടുപോയി വാറുകൊണ്ട് അടിപ്പിച്ചു. പടയാളികൾ മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞ് അവന്റെ തലയിൽവെച്ചു. അവന്റെ മുഖത്ത് അടിക്കുകയും അവനെ പരിഹസിക്കുകയും ചെയ്തു. എന്നാൽ യേശുവിൽ അവർ ഒരു കുറ്റവും കണ്ടില്ല. പീലാത്തോസ് യേശുവിനെ പുറത്ത് കൊണ്ടുവന്ന് ആ മനുഷ്യൻ ഇതാ എന്ന് ജനസമൂഹത്തോട് പറഞ്ഞു. രോഷാകുലരായ ജനങ്ങൾ അവനെ ക്രൂശിക്ക, ക്രൂശിക്ക എന്ന് ആർത്തുവിളിച്ചു. അവസാനം അവരുടെ നിലവിളി ഫലിച്ചു. കുറ്റമില്ലാത്തവനെ ക്രൂശിക്കേണ്ടതിന് കൽപ്പിച്ചു. അതിനുശേഷം അവർ യേശുവിനെ കയ്യേറ്റു, യേശു താൻ തന്നെ ക്രൂശു ചുമന്നുകൊണ്ട് ഗോൽഗോഥാ എന്ന സ്ഥലത്തേയ്ക്കു യാത്രയായി.

പോകുന്ന വഴിയിൽ ശീമോൻ എന്ന കുറേനക്കാരനെ പിടിച്ച് അവർ ക്രൂശ് ചുമപ്പിച്ചു. തലയോടിടം എന്ന സ്ഥലത്ത് അവർ യേശുവിനെയും രണ്ട് ദുഷ്പ്രവൃത്തിക്കാരെയും ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തും യേശുവിനെ നടുവിലുമായി ക്രൂശിച്ചു. അവനെ ക്രൂശിക്കുമ്പോൾ യേശു പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ എന്നു പറഞ്ഞു. ഒരു കള്ളൻ അവനെ പരിഹസിച്ചു, മറ്റവനോ യേശുവേ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നേയും ഓർക്കണമേ എന്നു അപേക്ഷിച്ചു മറുപടിയായി യേശു അവനോട് ഇന്ന് നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്ന് ഞാൻ സത്യമായി നിന്നോട് പറയുന്നു എന്നു പറഞ്ഞു.

ഉച്ച സമയമായപ്പോൾ സൂര്യൻ ഇരുണ്ടുപോയി. മൂന്നു മണിക്കൂർ നേരത്തേയ്ക്ക് ദേശമെങ്ങും അന്ധകാരം ഉണ്ടായി. ദൈവ മന്ദിരത്തിലെ തിരശ്ശീല നടുവെ ചീന്തിപ്പോയി യേശു അത്യുച്ചത്തിൽ പിതാവേ ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏൽപിക്കുന്നു എന്നു പറഞ്ഞു പ്രാണനെ വിട്ടു.

അനന്തരം അരിമത്യയിലെ യോസഫ് പീലാത്തോസിന്റെ അടുക്കൽ ചെന്ന് യേശുവിന്റെ ശരീരം ചോദിച്ചു. അത് ക്രൂശിൽ നിന്നും ഇറക്കി. നിക്കൊദെമോസ് ഏകദേശം നൂറു റാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ടു കൊണ്ടുവന്നു യേശുവിന്റെ ശരീരത്തെ യഹൂദമര്യാദപ്രകാരം സുഗന്ധവർഗ്ഗത്തോടുകൂടെ പൊതിഞ്ഞുകെട്ടി. അതിനുശേഷം അതിനെ ആരെയും ഒരിക്കലും വെച്ചിട്ടില്ലാത്ത ഒരു കല്ലറയിൽ വെച്ചു. എന്നാൽ മഹാപുരോഹിതൻ പീലാത്തോസിന്റെ അനുമതിയോടെ കല്ലറ മുദ്ര



നീറോ ചക്രവർത്തി റോമാനഗരം കത്തിച്ച് ചാമ്പലാക്കിയതിനുശേഷം ആ കുറ്റം ആരോപിച്ച് ക്രിസ്ത്യാനികളെ പീഡിപ്പിച്ചു.

വെയ്ക്കുകയും കല്ലറയ്ക്കു കാവൽ നിൽക്കുവാൻ പടയാളികളെ നിയോഗിക്കയും ചെയ്തു.

# 4

# ഉയർത്തെഴുന്നേൽപ്പ്

താൻ മുമ്പ് പറഞ്ഞിരുന്നതുപോലെ യേശു മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു. ഭയപരവശരായ കാവൽക്കാർ ഓടി പുരോഹിതന്മാരുടെ അടുക്കൽ ചെന്നു. വിവരം മനസ്സിലാക്കിയ പുരോഹിതന്മാർ കാവൽക്കാർക്ക് കാശ് കൊടുക്കുകയും തങ്ങൾ ഉറങ്ങുമ്പോൾ യേശുവിന്റെ ശിഷ്യന്മാർ അവന്റെ ശരീരം കട്ടുകൊണ്ടുപോയി എന്ന് പറയിപ്പിക്കുകയും ചെയ്തു.

ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ അതികാലത്ത് സ്ത്രീകൾ കല്ലറയ്ക്കൽ എത്തി. കല്ലറയിൽ നിന്നും കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നതു കണ്ട് അകത്തു കടന്നാറെ അവിടെ യേശുവിന്റെ ശരീരം കണ്ടില്ല. പരിഭ്രാന്തരായ അവർക്ക് ദൂതന്മാർ പ്രത്യക്ഷരാവുകയും യേശുക്രിസ്തു ഉയർത്തെഴുന്നേറ്റു എന്ന സന്തോഷവാർത്ത അവരെ അറിയിക്കുകയും ചെയ്തു. എന്നാൽ മറിയ അവിടെത്തന്നെ കരഞ്ഞുംകൊണ്ട് നിന്നു. ആ സമയം യേശു അവൾക്കു പ്രത്യക്ഷനാവുകയും എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവുമായവന്റെ അടുക്കലേയ്ക്ക് ഞാൻ കയറിപ്പോകുന്നു എന്ന് സഹോദരന്മാരുടെ അടുക്കൽ ചെന്നു പറയുവാനും അവളോട് പറഞ്ഞു.

അതിനുശേഷം യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷനായി അവരോട് നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു. എന്നാൽ ആ കൂട്ടത്തിൽ ദിദിമോസ് എന്ന തോമസ് ഉണ്ടായിരുന്നില്ല. മറ്റുള്ളവർ തങ്ങൾ കർത്താവിനെ കണ്ടു എന്ന് തോമസിനോട് പറഞ്ഞപ്പോൾ ഞാൻ അവന്റെ ആണിപ്പഴുതിൽ വിരലിടുകയും, അവന്റെ വിലാപ്പുറത്ത് കൈയ്യിടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല എന്ന് അവൻ അവരോട് തീർത്തു പറഞ്ഞു.

പിന്നെ ശിഷ്യന്മാർ എല്ലാവരും ഇരിക്കെ യേശു അവരുടെ നടുവിൽ നിന്നുകൊണ്ട് നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞു. പിന്നെ തോമസിനോട് നിന്റെ വിരൽ ഇങ്ങോട്ടു നീട്ടി എന്റെ വിലാപ്പുറത്ത് ഇടു എന്ന്

പറഞ്ഞു. തോമസ് അവനോട് എന്റെ കർത്താവും എന്റെ ദൈവവുമായു ള്ളോവേ എന്ന് ഉത്തരം പറഞ്ഞു.

പതിനൊന്നു ശിഷ്യന്മാർ ഗലീലയ്ക്കു പോയി. അവിടെവെച്ചു അവർ യേശുവിനെ കണ്ടു നമസ്ക്കരിച്ചു. എന്നാൽ ചിലർ സംശയിച്ചു. യേശു അവരോട് നിങ്ങൾ ഭൂലോകമൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്ന് അരുളിചെയ്തു.

ഇങ്ങനെ അവരോട് അരുളിചെയ്തതിന് ശേഷം കർത്താവായ യേശു ക്രിസ്തു സ്വർഗ്ഗത്തിലേയ്ക്ക് ആരോഹണം ചെയ്തു. ഒരു മേഘം അവനെ മൂടീട്ട് അവൻ അവരുടെ കാഴ്ചയ്ക്കു മറഞ്ഞു. അവൻ പോകുന്നേരം അവർ ആകാശത്തിലേയ്ക്ക് ഉറ്റുനോക്കുമ്പോൾ വെള്ള വസ്ത്രം ധരിച്ച രണ്ട് പുരുഷന്മാർ അവരുടെ അടുക്കൽ നിന്ന്: ഗലീലാ പുരുഷന്മാരേ നിങ്ങൾ ആകാശത്തിലേയ്ക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു.

# 5

# സ്തേഫാനോസ്-ആദ്യത്തെ രക്തസാക്ഷി

ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ പേരിൽ രക്തസാക്ഷിയായിത്തീർന്ന ആദ്യത്തെ വ്യക്തിയായിരുന്നു സ്തേഫാനോസ്. ആദിമ സഭയിലെ വിധവമാരായ വിശ്വാസികളെ ശുശ്രൂഷിക്കുവാൻ വേണ്ടി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അതിൽ അദ്ദേഹം വളരെ വിശ്വസ്തനായിരുന്നു.

വളരെ കൃപയും ശക്തിയും നിറഞ്ഞവനായി അദ്ദേഹം ജനത്തിന്റെ ഇടയിൽ വലിയ അത്ഭുതങ്ങളും, അടയാളങ്ങളും ചെയ്തു. അന്യജാതി ക്കാർ സ്തേഫാനോസിനോട് തർക്കിച്ചു. എന്നാൽ എതിർത്തു നിൽക്കുവാൻ കഴിയാത്തതുകൊണ്ട് അവർ അവനെതിരായി കള്ള സാക്ഷ്യം പറഞ്ഞു. തുടർന്ന് അവർ അദ്ദേഹത്തെ പിടിച്ച് ന്യായാധിപസംഘത്തിൽ കൊണ്ടു പോയി. അദ്ദേഹം ദൈവാലയത്തിന് വിരോധമായി സംസാരിച്ചു എന്ന്

കള്ളസാക്ഷ്യം പറഞ്ഞു. ഇതു ഉള്ളതാണോ എന്ന് പുരോഹിതന്മാർ ചോദിച്ചതിന്, വിശ്വാസ വീരനായ അബ്രഹാം മുതൽ യേശുക്രിസ്തുവരെ യുള്ള ചരിത്രം ആത്മനിറവോടെ സ്തേഫാനോസ് സംസാരിച്ചു. അദ്ദേഹത്തിന്റെ മുഖം ഒരു ദൈവദൂതന്റെ മുഖംപോലെയായിരുന്നു. മാത്രമല്ല പരിശുദ്ധാത്മാവിനോട് മറുത്തു നിൽക്കുന്ന നിങ്ങൾ ഇപ്പോഴും ന്യായപ്രമാണം പ്രമാണിക്കുന്നവരല്ലായെന്ന് തന്നെ അഭിമുഖീകരിച്ച പുരോ ഹിതന്മാരോടും യഹൂദാ ജനങ്ങളോടും അദ്ദേഹം ധൈര്യമായി പറഞ്ഞു.

ഇത് കേട്ടപ്പോൾ അവർ കോപാക്രാന്തരായി അവന്റെ നേരെ പല്ലു കടിച്ചു. അവനോ പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗ്ഗത്തിലേയ്ക്ക് ഉറ്റുനോക്കി 'ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതായും മനുഷ്യപുത്രൻ ദൈവ ത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതായും ഞാൻ കാണുന്നു എന്ന് വിളിച്ചു പറഞ്ഞു.


അവർ ഒന്നിച്ച് ചെവിപൊത്തിക്കൊണ്ട് അവന്റെ നേരെ പാഞ്ഞു ചെന്നു. തുടർന്ന് അവർ അദ്ദേഹത്തെ നഗരത്തിന് പുറത്താക്കി കല്ലെറിഞ്ഞു. കല്ലേറുകൊണ്ട് പിടഞ്ഞ അദ്ദേഹം കർത്താവായ യേശുവേ എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ എന്ന് വിളിച്ചു പറഞ്ഞു, ഇതു കേട്ട ജനക്കൂട്ടം വീണ്ടും കല്ലെറിഞ്ഞു. ഒടുവിൽ അദ്ദേഹം മുട്ടുകു ത്തിനിന്ന് ഇവർക്ക് ഈ പാപം നിറുത്തരുതേ എന്നു പറഞ്ഞതിനുശേഷം നിദ്രപ്രാപിച്ചു.

## 6

# യാക്കോബ്

മീൻപിടുത്തക്കാരനായിരുന്ന സെബദിയുടെ മൂത്തമകനായിരുന്നു യാക്കോബ്. അവൻ ഗലീല കടലിൽ മീൻപിടിച്ചുകൊണ്ടിരിക്കുമ്പോൾ യേശു അവന്റെ അടുക്കൽ വന്ന് "എന്നെ അനുഗമിക്ക" എന്നു പറഞ്ഞു. അങ്ങനെ അവൻ സകലവും വിട്ട് യേശുവിനെ അനുഗമിച്ചു.

ക്രിസ്ത്യാനികളെ കഠിനമായി പീഢിപ്പിച്ച അഗ്രിപ്പാ രാജാവ് യാക്കോബി നെയും പിടിച്ചു. എന്നാൽ അവൻ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ അടിയുറച്ച് നിന്നു. തുടർന്ന് രാജാവ് അവനെ വാൾ



ചുട്ടുപഴുത്ത ഇരുമ്പുകട്ടിലിൽ കിടത്തി കൊലചെയ്യപ്പെട്ട വി. ലോറൻസ്

കൊണ്ട് കൊന്നു. അങ്ങനെ യാക്കോബ് മരണമില്ലാത്ത വീട്ടിൽ എത്തിച്ചേർന്നു. പന്ത്രണ്ട് അപ്പോസ്തലന്മാരിൽ ആദ്യത്തെ രക്തസാക്ഷിയായിരുന്നു അപ്പോസ്തലനായ യാക്കോബ്.

7

## ഫിലിപ്പോസ്

ഫിലിപ്പോസ് ഗലീലയിൽ ജനിച്ചു. യേശുക്രിസ്തു അവനെ വിളിച്ചു വേർതിരിച്ചു. തുടർന്ന് ജാതികളോട് സുവിശേഷം അറിയിക്കുവാൻ അദ്ദേഹത്തിന് ദൈവിക വിളിയുണ്ടായി. ഏഷ്യാമൈനറിലെ അനേക സ്ഥലങ്ങളിൽ ക്രിസ്തുവിനെ സാക്ഷിച്ചുകൊണ്ട് ഒടുവിൽ അദ്ദേഹം ഹിറാപ്പൊലിസ് എന്ന സ്ഥലത്ത് എത്തിച്ചേർന്നു. എന്നാൽ അവിടത്തെ ജനങ്ങൾ ബിംബാരാധികളും, ദൈവത്തെ അറിയാത്തവരും മാത്രമല്ല സർപ്പത്തിന്റെ പ്രതിമയെ നമസ്ക്കരിക്കുന്നവരുമായിരുന്നു.

അനേകം ജാതികളായ ആളുകൾ ക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. മാത്രമല്ല സർപ്പത്തിന്റെ ആ വലിയ ബിംബത്തെ നശിപ്പിക്കുവാനും ഫിലിപ്പോസിന് കഴിഞ്ഞു.

ഇതിൽ ക്രുദ്ധരായ ജനങ്ങൾ ഫിലിപ്പോസിനെ ജയിലിലടച്ചു. അതിനുശേഷം അദ്ദേഹത്തെ നിരവധിയായുള്ള പീഢന മുറകളിലൂടെ കടത്തിവിട്ടു. അവർ അദ്ദേഹത്തെ അടിച്ച് അവശനാക്കി. അതിനുശേഷം ക്രൂശിച്ചു.

8

## മത്തായി

നസറെത്ത് എന്ന പട്ടണത്തിൽ ജനിച്ചു. കഫർന്നഹൂമിൽ ചുങ്കം പിരിക്കുന്ന ജോലിയിൽ അദ്ദേഹം ഏർപ്പെട്ടിരുന്നു. ചുങ്കം പിരിക്കുന്നിടത്തുനിന്ന് അവനെ കർത്താവ് വിളിച്ചു. അവൻ സകലവും വിട്ട് കർത്താവിനെ അനുഗമിച്ചു. ജാതികളോട് സുവിശേഷം അറിയിക്കുന്നതിനായി പോകുന്നതിനു മുമ്പ് എബ്രായ ഭാഷയിൽ യെഹൂദന്മാർക്കായി

ഒരു സുവിശേഷം അദ്ദേഹം എഴുതി. അതിനു ശേഷം എത്യോപ്യയി ലേയ്ക്കു പോയി അവിടെ നിന്നും അനേകരെ കർത്താവിനായി നേടി. അവിടെ നിന്നും പാർത്തിയയിൽപോയി. അവിടെ വെച്ചു അദ്ദേഹം വാളാൽ ഛേദിക്കപ്പെട്ടു.

**9**

## മർക്കോസ്

മർക്കോസിന്റെ ജനനം ഒരു ലേവ്യ കുടുംബത്തിലായിരുന്നു. അലക് സാണ്ട്രിയയിലെ മൂപ്പനായി അനേകരെ കർത്താവിനായി നേടി.

അവിടെവെച്ച് ക്രിസ്തുവിരോധികൾ മർക്കോസിനെ പിടിച്ച് ബന്ധിച്ച തിനുശേഷം തെരുവീഥിയിലൂടെ വലിച്ചുകൊണ്ടു നടന്നു. കല്ലും മുള്ളു മുള്ള ആ തെരുവീഥിയിൽ വലിച്ചിഴച്ചതിന്റെ ഫലമായി അദ്ദേഹത്തിന്റെ കാലിലെ തൊലിയെല്ലാം പൊളിഞ്ഞു. മുറിവിൽ നിന്നും രക്തം ഒഴുകി. അതിനുശേഷം അദ്ദേഹം കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു പിറ്റേ ദിവസം വീണ്ടും ആ ക്രിസ്തുവിരോധികൾ മർക്കോസിനെ കാരാഗൃഹത്തിൽ നിന്നും പുറത്തുകൊണ്ടുവന്നു. തുടർന്ന്, കർത്താവിന് വേണ്ടി സകലവും സഹിച്ച ആ ദൈവത്തിന്റെ വിലയേറിയ ദാസനെ അവർ കെട്ടിത്തൂക്കി ചുട്ടു കളഞ്ഞു.

**10**

## മത്ഥിയാസ്

ഇസ്കർയ്യോത്താ യൂദയുടെ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു ശിഷ്യനായിരുന്നു മത്ഥിയാസ്. ദൈവത്തിന്റെ ദാസനായിരുന്ന അദ്ദേ ഹത്തെ യെരുശലേമിൽ വെച്ച് ക്രിസ്തുവിരോധികൾ പിടിക്കുകയും കല്ലെ റിഞ്ഞ് അവശനാക്കിയതിനു ശേഷം ശിരഃച്ഛേദം ചെയ്യുകയും ചെയ്തു.

# 11

## ചെറിയ യാക്കോബ്

യെരുശലേമിലെ സഭാശുശ്രൂഷകനായിരുന്നു യാക്കോബ്. അദ്ദേഹം ദുരുപദേശങ്ങൾക്കെതിരെ ഒരു ലേഖനം എഴുതി. ജനക്കൂട്ടം യാക്കോബിനെ പിടിക്കുകയും മർദ്ദിക്കുകയും ചെയ്തു. അടിയാൽ അദ്ദേഹത്തിന്റെ ശരീരം കീറപ്പെട്ടു. അവസാനം അവർ അദ്ദേഹത്തെ കല്ലെറിഞ്ഞുകൊന്നു.

# 12

## തദ്ദായി യൂദാ

യാക്കോബിന്റെ സഹോദരനായ യൂദ കർത്താവിന്റെ വേലയ്ക്കായി പേർഷ്യയിലേക്ക് പോയി. അവിടെവെച്ച് അദ്ദേഹം അനേക അത്ഭുതങ്ങളും അടയാളങ്ങളും ചെയ്ത് അനേകരെ ക്രിസ്തുവിലേയ്ക്ക് നേടി. ജാതികൾ തങ്ങളുടെ ലാഭം ഇല്ലാതാകുന്നുവെന്നു മനസ്സിലാക്കി, അദ്ദേഹത്തെ പിടിക്കുകയും ക്രൂശിക്കുകയും ചെയ്തു.

# 13

## ബർത്തൊലൊമായി

കർത്താവിന്റെ ശിഷ്യന്മാരിൽ ഒരാളായിരുന്ന ഇദ്ദേഹം അനേക സ്ഥലങ്ങൾ സഞ്ചരിച്ച് കർത്താവിനെക്കുറിച്ച് പറഞ്ഞതിനുശേഷം രക്തസാക്ഷി മരണം വരിച്ചു. അനേകം ആളുകൾ ക്രിസ്തുവിനെ കണ്ടെത്തുവാൻ മുഖാന്തരമായിത്തീർന്ന അദ്ദേഹത്തെ വിഗ്രഹാരാധികൾ പിടിച്ച് അടിക്കുകയും അതിനുശേഷം വാളാൽ കൊലപ്പെടുത്തുകയും ചെയ്തു.



*നാഥാ! ഇവരോട് ക്ഷമിക്കേണമേ:*

എരിതീയിലും തിളച്ച എണ്ണയിലും കിടന്നിട്ടും ക്രിസ്തുവിനെ തള്ളിപ്പറയാത്ത രണ്ട് ക്രിസ്തുശിഷ്യർ

## 14

# തോമസ്

പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഒരുവനായിരുന്ന തോമസ് കർത്താവിന്റെ ഉയർപ്പിനുശേഷം ഇൻഡ്യയിലേയ്ക്കു വന്നു. അദ്ദേഹത്തിന്റെ പ്രവർത്തന ഫലമായി കേരളത്തിലും അനേക സഭകളുണ്ടായി. കേരളത്തിൽ നിന്നും മദ്രാസിലേയ്ക്കുപോയ അദ്ദേഹത്തെ അവിടെയുണ്ടായിരുന്ന ബ്രാഹ്മണ ന്മാർ കുന്തത്താൽ കുത്തിക്കൊന്നു.

## 15

# ശിമോൻ

പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഒരുവനായിരുന്ന ശിമോൻ കർത്താവിന്റെ വചനവുമായി ആഫ്രിക്കയിലേയ്ക്കു പോയി. അവിടെ നിന്നും അനേകരെ കർത്താവിനുവേണ്ടി നേടുവാൻ അദ്ദേഹത്തിനു സാധിച്ചു. മാത്രമല്ല ബ്രിട്ടണിൽ നിന്നും അനേകർ കർത്താവിലേയ്ക്ക് തിരിഞ്ഞു. എന്നാൽ ജാതികൾ അദ്ദേഹത്തെ പിടിച്ച് ഉപദ്രവിക്കുകയും അതിനുശേഷം ക്രൂശിൽ തറെച്ച് കൊല്ലുകയും ചെയ്തു.

## 16

# അന്ത്രെയോസ്

പത്രോസിന്റെ സഹോദരനും പന്ത്രണ്ട് അപ്പൊസ്തലന്മാരിൽ ഒരുവനു മായിരുന്ന അന്ത്രെയോസ്, ഏഷ്യയുടെ പല ഭാഗങ്ങളിലും സുവിശേഷം പ്രസംഗിച്ചു. ഗ്രീസിലെ ഗവർണ്ണർ അന്ത്രെയോസിനോട് ഞങ്ങൾ സേവി ക്കുന്ന ദൈവങ്ങളെക്കുറിച്ച് നീ എന്തെങ്കിലും പറഞ്ഞാൽ നിന്നെ കൊന്നു കളയും എന്നു പറഞ്ഞു. എന്നാൽ അന്ത്രെയോസ് ഭയം ലേശമില്ലാതെ ക്രിസ്തുവിനെ പ്രസംഗിച്ചുകൊണ്ടിരുന്നു.

ഗവർണ്ണർ അദ്ദേഹത്തെ ക്രൂശിക്കുവാൻ കൽപ്പിച്ചു പെട്ടെന്ന് മരിക്കാതിരിക്കേണ്ടതിന് ആണി തറയ്ക്കുന്നതിന് പകരം കയറുകൊണ്ട് വരിഞ്ഞു കെട്ടുകയാണ് ചെയ്തത്. മൂന്നു ദിവസം മുഴുവനും കുരിശിൽ തൂങ്ങിക്കിടന്ന അദ്ദേഹം അതിവേദനയിൽ കൂടി കടന്നു പോയപ്പോഴും ചുറ്റുപാടുമുള്ള വരോട് ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് വർണ്ണിച്ചുകൊണ്ടിരുന്നു. ഇത് കേട്ടുകൊണ്ടിരുന്ന ജനങ്ങളുടെ ഹൃദയങ്ങളിൽ അലിവുണ്ടാവുകയും അദ്ദേഹത്തെ ക്രൂശിൽ നിന്നും ഇറക്കുവാൻ ഗവർണ്ണറോട് അപേക്ഷിക്കുകയും ചെയ്തു. ജനാവലിയെ പ്രകോപിപ്പിക്കാതിരിപ്പാൻ ഗവർണ്ണർ അന്ത്രെയോസിനെ ക്രൂശിൽ നിന്നും ഇറക്കുവാൻ തീരുമാനിച്ചു. എന്നാൽ കയറഴിക്കുന്ന സമയം തന്നെ അന്ത്രെയോസ് താൻ സ്നേഹിച്ച കർത്താവിന്റെ സന്നിധിയിൽ എത്തിച്ചേർന്നു.

# 17

# പത്രോസ്

ബേത്ത്സയിദയിലെ ഗലീലയിൽ ജനിച്ചു. പാറക്കഷണം എന്നർത്ഥം വരുന്ന പത്രോസ് എന്ന പേര് അദ്ദേഹത്തിനു നല്കിയത് യേശുകർത്താവായിരുന്നു. ഒരു ഉറച്ച വിശ്വാസിയായിരുന്ന പത്രോസിന് പെന്തക്കോസ്ത് നാളിൽ അനേകരെ കർത്താവിനുവേണ്ടി നേടുവാൻ കഴിഞ്ഞു. പല തവണ തടവിലാക്കപ്പെടുകയും പ്രഹരിക്കപ്പെടുകയും ചെയ്തിട്ടുള്ള പത്രോസ് കഷ്ടമനുഭവിക്കുന്നത് ഭാഗ്യമായി കരുതി.

ആ കാലഘട്ടത്തിൽ ഒരു മാജിക്കുകാരനും അന്നത്തെ ചക്രവർത്തിയായിരുന്ന നീറോയുടെ ഉറ്റ സ്നേഹിതനുമായിരുന്ന സൈമൺ മാഗസ് എന്ന മാജിക്കുകാരൻ ജാലവിദ്യകൾകൊണ്ട് ആകാശത്തിലൂടെ പറക്കുവാൻ കഴിയും എന്നു പ്രഖ്യാപിച്ചു. അദ്ദേഹം ജാലവിദ്യകൾ കാണിച്ച് പണം അപഹരിച്ച് ജീവിച്ചു പോന്നു. ആകാശത്തിലൂടെ പറക്കുന്നതു കാണുവാൻ അനേകം ആളുകൾ വന്നുകൂടി, കൂട്ടത്തിൽ പത്രോസും പൗലോസും ഉണ്ടായിരുന്നു. അനേക വിദ്യകൾ കാണിക്കുവാൻ സൈമനു സാധിച്ചു. എന്നാൽ ആ സമയം പത്രോസും, പൗലോസും അവിടെ മുട്ടുമടക്കി പ്രാർത്ഥിച്ചു. അത്ഭുതമെന്നു പറയട്ടെ പിന്നെ ഒരു വിദ്യയും കാണിക്കുവാൻ സൈമനു കഴിഞ്ഞില്ല.


ഈ വാർത്തയറിഞ്ഞ നീറോ ചക്രവർത്തിയ്ക്ക് സഹിക്കുവാൻ കഴിഞ്ഞില്ല. മാത്രവുമല്ല നീറോയുടെ കുടുംബത്തിലുള്ള ചിലരും കർത്താവിനെ സ്വീകരിച്ചു. അതിനാൽ അദ്ദേഹം പത്രോസിനേയും, പൗലോസിനേയും കാരാഗൃഹത്തിലടച്ചു. എന്നാൽ ആ കാരാഗൃഹത്തിൽ കിടന്ന 42 പേരെ ക്രിസ്തുവിലേയ്ക്ക് ആനയിക്കുവാൻ അവർക്കു കഴിഞ്ഞു.

ഏകദേശം ഒമ്പത് മാസം കാരാഗൃഹത്തിലിട്ടതിനുശേഷം പത്രോസിനെ വെളിയിൽ കൊണ്ടുവന്നു. ആ ക്രിസ്തു വിരോധികൾ അദ്ദേഹത്തെ ക്രൂരമായി മർദ്ദിച്ചു. പ്രഹരമേറ്റ് അദ്ദേഹത്തിന്റെ ശരീരം കീറി. അതിനുശേഷം ക്രൂശിക്കേണ്ടതിനു ഏല്പിച്ചു. എന്നാൽ തന്റെ യജമാനനായ ക്രിസ്തു മരിച്ചനിലയിൽ മരിക്കുവാൻ അർഹതയില്ലാത്തതിനാൽ തന്നെ തലകീഴായി ക്രൂശിക്കേണമേ എന്ന് പത്രോസ് അവിടെ നിന്നിരുന്ന പടയാളികളോട് അപേക്ഷിച്ചു. അപേക്ഷപ്രകാരം അവർ അദ്ദേഹത്തെ തലകീഴായി ക്രൂശിച്ചു കൊന്നു.

# 18

## യോഹന്നാൻ

യാക്കോബിന്റെ സ്നേഹിതനും യേശു ഏറ്റം അധികം സ്നേഹിച്ച ഒരു ശിഷ്യനുമായിരുന്നു യോഹന്നാൻ. യോഹന്നാൻ ഗ്രീസിൽ അനേകം സഭകൾ സ്ഥാപിച്ചു. എന്നാൽ ക്രൂരനായ ഡൊമിഷ്യൻ ചക്രവർത്തി അദ്ദേഹത്തെ പത്മൊസ് ദ്വീപിലേയ്ക്കു നാടു കടത്തി. അവിടെ വെച്ച് കർത്താവ് ഭാവികാര്യങ്ങളെ അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുക്കുകയും അങ്ങനെ അദ്ദേഹം വെളിപ്പാട് പുസ്തകം എഴുതുകയും ചെയ്തു. ഡൊമിഷ്യൻ ചക്രവർത്തിയുടെ മരണാനന്തരം നേർവ ചക്രവർത്തിയായി സ്ഥാനമേറ്റു. ക്രിസ്ത്യാനികളോട് സഹതാപമുണ്ടായിരുന്ന അദ്ദേഹം യോഹന്നാനെ എഫെസോസിലേയ്ക്ക് തിരികെ അയച്ചു. അവിടെവെച്ച് അദ്ദേഹം സ്വാഭാവിക മരണം വരിക്കുകയും ചെയ്തു. മരിക്കുമ്പോൾ അദ്ദേഹത്തിന് നൂറിലധികം വയസ്സുണ്ടായിരുന്നു.



ക്രൈസ്തവർ അഭിമുഖീകരിച്ച ക്രൂരമായ പീഡനമുറകൾ

## 19

# പൗലോസ്

കർത്താവിനുവേണ്ടി അന്ത്യത്തോളം വീറോടെ പോരാടിയ ഒരു ധീര പടയാളിയായിരുന്നു പൗലോസ്. ക്രിസ്തുവിനുവേണ്ടി അദ്ദേഹം അനേക കഷ്ടങ്ങൾ സഹിച്ചു. അടികൊണ്ട് മരിക്കാറായ അനേകം സന്ദർഭങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായി. പട്ടിണിയും, പീഢനവും സന്തോഷ ത്തോടെ സഹിച്ച് അനേക സ്ഥലങ്ങളിൽ സഞ്ചരിച്ച അദ്ദേഹം അനേകരെ കർത്താവിനായി നേടുകയും അനേകം സഭകൾ സ്ഥാപിക്കുകയും ചെയ്തു. പലപ്രാവശ്യം അദ്ദേഹത്തെ കാരാഗൃഹത്തിലടയ്ക്കുകയും ഉപദ്രവിക്കു കയും ചെയ്തു. എന്നാൽ അതെല്ലാം ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണി.

നീറോ ചക്രവർത്തി പൗലോസിനെ കാരാഗൃഹത്തിലടച്ചു. എന്നാൽ കാരാഗൃഹത്തിൽ വെച്ച് അനേകരെ അദ്ദേഹം കർത്താവിനുവേണ്ടി നേടി. ഒടുവിൽ അദ്ദേഹത്തെ കാരാഗൃഹത്തിനു പുറത്തു കൊണ്ടുവന്നു. അതിനുശേഷം വാളുകൊണ്ട് അദ്ദേഹത്തിന്റെ ശിരസ്സിനെ ഛേദിച്ചു. അങ്ങനെ പൗലോസ് തനിക്കു മുമ്പിൽ വെച്ചിരുന്ന ഓട്ടം സ്ഥിരതയോടെ ഓടിയതിനുശേഷം നീതിയുടെ കിരീടം പ്രാപിക്കുവാനായി അക്കരെ നാട്ടിൽ എത്തിച്ചേർന്നു.

## 20

# കൊലക്കളം (കൊലോസിയം)

റോമാചക്രവർത്തിമാരുടെയും റോമാ ജനതയുടെയും പ്രധാനപ്പെട്ട ഒരു വിനോദമായിരുന്നു രക്തച്ചൊരിച്ചിൽ കാണുന്നത്. അതിനുവേണ്ടി വെസ്പേഷ്യൻ ചക്രവർത്തിയുടെ കാലത്തു പണിയാരംഭിച്ചതും ടൈറ്റസ് ചക്രവർത്തിയുടെ കാലത്തു പൂർത്തിയാക്കിയതുമായ ഒരു യുദ്ധ പ്രദർശനശാലയുണ്ടായിരുന്നു. അതിന് കൊലോസിയം (colosseum)

എന്നു പറയുന്നു. ഇതിന്റെ മദ്ധ്യഭാഗത്തു കൊലക്കളം സ്ഥിതിചെയ്യുന്നു. പിന്നെ തട്ടുതട്ടുകളായി സർക്കസിലും സ്റ്റേഡിയത്തിലുമുള്ള തരത്തിൽ, ഏകദേശം 1,00,000 ആളുകൾക്ക് ഇരിക്കത്തക്ക സൗകര്യം ഇതിന് ഉണ്ടായിരുന്നു (ഒരു തരത്തിൽ പറഞ്ഞാൽ kaloor stadium പോലെ). ഈ ശാലയ്ക്ക് 612 അടി നീളവും 512 അടി വീതിയും ഉണ്ടായിരുന്നു. ഇതു വൃത്താകൃതിയിൽ നിർമ്മിച്ചതായിരുന്നു.

ജനങ്ങൾ ഇതിൽ തടിച്ചുകൂടുക പതിവായിരുന്നു. ചക്രവർത്തിമാരും പ്രമാണികളും ഉദ്യോഗസ്ഥന്മാരും കൂടാതെ വനിതകളും ഇതിൽ നടക്കുന്ന ക്രൂരകൃത്യങ്ങൾ കണ്ടാനന്ദിക്കുന്നതിന് വന്നുകൂടുമായിരുന്നു ഇവിടെ സിംഹങ്ങൾ തമ്മിലുള്ള യുദ്ധവും കൂടാതെ, മനുഷ്യരെ സിംഹങ്ങളുടെ മുൻപിൽ ഇട്ട് വലിച്ചുകീറികളയുന്നതും കണ്ടാനന്ദിക്കുന്നത് പതിവായിരുന്നു.

ഈ കൊലക്കളത്തിന്റെ ഉത്ഘാടനത്തിനുവേണ്ടി 5000 വന്യമൃഗങ്ങളെ കൊണ്ടുവന്നു 100 ദിവസം വരെ പ്രദർശനമുണ്ടായിരുന്നു.

ഈ കൊലക്കളത്തിൽ അനേകം ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടു. അനേകർ അവരുടെ വിശ്വാസത്തിന് വേണ്ടി സന്തോഷത്തോടെ ജീവനെ വെച്ചുകൊടുത്തു. ജീവൻ വെച്ചു കൊടുക്കുന്നതിനു മുൻപായി അവരുടെ അവസാന ആഗ്രഹപ്രകാരം അവർ കർത്താവിനെക്കുറിച്ചു സാക്ഷിച്ചു. ക്രൂരകൃത്യം കാണാൻ കൊതിച്ചിരിക്കുന്ന കാണികളോട് അവർ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്ക എന്നാൽ നങ്ങൾ രക്ഷപ്പെടും. ക്രിസ്തുവല്ലാതെ ഒരു വഴി നിത്യതയിലേക്കു ഇല്ല; അതുകൊണ്ട് നിങ്ങളുടെ ഹൃദയം കർത്താവിനു കൊടുക്കുക. ഇതു കേൾക്കെ ജനങ്ങൾ ''അവനെ കൊല്ലുക സിംഹങ്ങൾക്ക് കൊടുക്കുക'' എന്നാർക്കുക പതിവായിരുന്നു.

കഠിനമായ പീഡ ദൈവമക്കളെ അധൈര്യപ്പെടുത്തിയില്ല, അവർക്കു 'മരണം' സ്നേഹിക്കുന്നവന്റെ അടുക്കലേയ്ക്കുള്ള പ്രവേശനകവാടം മാത്രമായിരുന്നു.

# 21

# അരിസ്റ്റാർഹെസ്


അരിസ്റ്റാർഹെസ് ജനിച്ചതു തെസ്സലോനിക്യ എന്ന പട്ടണത്തിലായിരുന്നു. ജാതീയ ദേവന്മാരെ ആരാധിച്ചുകൊണ്ട് ജീവിച്ച അദ്ദേഹം ഒരുദിവസം പൗലോസിന്റെ പ്രസംഗം കേട്ടു. കർത്താവായ യേശുക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ചു, കർത്താവിന്റെ മകനായിത്തീർന്നു. കൂടാതെ പൗലോസ് പോകുന്ന സ്ഥലത്തെല്ലാം ഇദ്ദേഹം പൗലോസിനെ പിൻഗമിച്ചു.

ഈ സമയത്തു അഗ്രിപ്പാനിയ രാജ്ഞി തന്റെ ഭർത്താവായ ക്ലൗഡിയസിനെയും മകനെയും വിഷം കൊടുത്ത് കൊന്നു. അതിനുശേഷം തന്റെ ആദ്യത്തെ കുടിയിലെ മകനായ നീറോയെ ചക്രവർത്തിയാക്കി. നീറോ കുറച്ചുനാൾ ഭരണം നല്ലതുപോലെ നടത്തി; പിന്നെ തന്റെ സ്വഭാവം വെളിപ്പെടുത്തി തുടങ്ങി. അമ്മയ്ക്കു ചേർന്ന മകനായിരുന്ന നീറോ.

ദുഷ്ടനായിരുന്ന അദ്ദേഹം തന്റെ ഭാര്യയെ ക്രിസ്ത്യാനികൾ രക്ഷപ്പെടുന്നതിനു സഹായിച്ചു എന്നു തോന്നിയതിനാൽ മുക്കിക്കൊന്നു. അതിന് ശേഷം ദുഷ്ടയും കൊള്ളരുതാത്തവളുമായ പോപ്പിയെ വിവാഹം കഴിച്ചു.

രണ്ടുപേരും കൂടി ചെയ്ത ദുഷ്ടയ്ക്കു ഒരു അതിരുമില്ലാതിരുന്ന ഈ സമയത്താണ് അവരുടെ കർമ്മ രസത്തിനുവേണ്ടി റോമ നഗരത്തിന് തീ കൊളുത്തിയത്. എകദേശം 6 ദിവസം ഈ തീ കത്തിക്കൊണ്ടിരുന്നു. റോമാനഗരം കത്തി ചാമ്പലായി. ജനങ്ങൾ ക്ഷുഭിതരായി എന്നറിഞ്ഞപ്പോൾ രാജാവ് ഈ കുറ്റം ക്രിസ്ത്യാനികൾ ചെയ്തതു എന്നു ആക്കി തീർത്തു.

ക്രിസ്ത്യാനികളെ കൂട്ടത്തോടെ കൊന്നു. ചിലരെ വന്യമൃഗങ്ങളുടെ തോലിൽ കെട്ടിയിട്ടു നായ്ക്കൾക്ക് ആഹാരമായി കൊടുത്തു. മറ്റുചിലരെ മരത്തിൽ കാലുകെട്ടി തൂക്കിയിട്ടു കീഴെ തീ കൊളുത്തി അവരെ കത്തിച്ചു. ചിലരെ തിളച്ച എണ്ണയിലിട്ടു വറുത്തു. പലസ്ഥലങ്ങളിലും ക്രിസ്ത്യാനികളെ തുണിയിൽ ചുറ്റി എണ്ണഒഴിച്ചു കത്തിച്ചു അവരെ തീപന്തങ്ങളാക്കി,



*ക്രിസ്തീയ കൂട്ടായ്മ മരണത്തിലും :* ഒരു കപ്പലിൽ ചുട്ടുകരിയ്ക്കപ്പെട്ട 80 ക്രിസ്ത്യാനികൾ

ഈ സമയത്താണ് അരിസ്റ്റാർഹെസ് റോമിൽ പൗലോസിനോട് കൂടെ എത്തുന്നത്. അരിസ്റ്റാർഹെസിനെ പിടിച്ചു കാരാഗൃഹത്തിലടച്ചു. അനേകം പീഡകൾ ചെയ്തു. വിശ്വാസം തള്ളിപ്പറഞ്ഞാൽ രക്ഷപെടാം എന്നു പറഞ്ഞു. എന്നാൽ ഇതു ഒന്നും അവന്റെ വിശ്വാസത്തിൽ നിന്നു അവനെ വ്യതിചലിപ്പിക്കുവാൻ കഴിവുള്ളതായിരുന്നില്ല. ഒടുവിൽ ചക്രവർത്തിയുടെ കല്പനയാൽ ശിരച്ഛേദം ചെയ്യപ്പെട്ടു.

ഇങ്ങനെയുള്ള അനേകരുടെ മരണം ദൈവമക്കളെ അധൈര്യപ്പെടുത്തിയില്ല. നേരെ മറിച്ച്, ഒരു മണി ചാകുമ്പോൾ തൽ സ്ഥാനത്തു പത്ത് പുതിയ മണി ഉണ്ടാകുമെന്ന ചൊല്ലുപോലെ അനേകർ ക്രിസ്ത്യാനികളായിത്തീർന്നു.

ഇവർക്കു ആരാധിക്കുന്നതിനു പള്ളികളോ വീടുകളോ ഉണ്ടായിരുന്നില്ല. ഇവർ പട്ടണത്തിന് വെളിയിലുള്ള പാറയുടെ ഗഹ്വരങ്ങളിലും തുരങ്കങ്ങളിലും കർത്താവിനെ ആരാധിച്ചുപോന്നു. കൂടാതെ. രക്തസാക്ഷികളായവരുടെ ശവം കൊണ്ടുവന്ന് ഈ തുരങ്കങ്ങളിൽ അടക്കവും ചെയ്തിരുന്നു. ലോകം അവർക്ക് യോഗ്യമായിരുന്നില്ല. അവർ കാണാത്ത നല്ല ദേശത്തിനായി നോക്കി പാർത്തു സകലതും ചപ്പുംചവറുമായി എണ്ണി. മനോഹരമായ നിത്യനഗരം അവരുടെ മുമ്പിൽ കണ്ടു, അതിനായി ജീവിച്ചു യത്നിച്ചു മരിച്ചു.

# 22

## തിമൊഥെയോസ്

തിമൊഥെയോസ് ഏഷ്യാമൈനറിൽ ലുസ്ത്ര എന്ന പട്ടണത്തിൽ ജനിച്ചു. പിതാവ് യവനനും മാതാവ് ഒരു യഹൂദ സ്ത്രീയുമായിരുന്നു. ഇവർ ക്രിസ്ത്യാനികളായി തീർന്നതിനുശേഷം മകനെ സുവിശേഷ സത്യങ്ങൾ അഭ്യസിപ്പിക്കുന്നതിൽ വളരെ ഉത്സുകരായിരുന്നു.

പൗലോസ് ആസ്യയിൽ വന്നപ്പോൾ തിമൊഥെയോസിനെ സഹപ്രവർത്തകനായി തെരഞ്ഞെടുത്തു. പൗലൊസിന്റെ ഒരു ഇഷ്ട മകനായിരുന്നു തിമൊഥെയോസ്. ഒരു മകനെപ്പോലെ തിമൊഥെയോസിനെ പൗലോസ് സ്നേഹിച്ചു. തിമൊഥെയോസ് പൗലോസിനോടുകൂടി മക്കദോന്യയിലേയ്ക്കു പോകുകയും അവിടെനിന്നു ഇരുവരും ഒന്നിച്ചു ഗ്രീസിലേയ്ക്കും പോയി.

തിമൊഥെയോസ് ഗ്രീസിൽ താമസിച്ചു അവിടെ ദൈവത്തിന്റെ വചനം ശക്തിയോടെ പ്രസ്താവിച്ചുകൊണ്ടിരുന്നു.

അതിനുശേഷം തിമൊഥെയോസ് പൗലോസിനോടും ശീലാസിനോടും ഒരുമിച്ച് കൊരിന്ത്, യെരുശലേം, എഫെസോസ് മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചു.

എഫെസോസിൽ താമസമാക്കുകയും അവിടെയുള്ള ആട്ടിൻ കൂട്ടത്തെ പാലിക്കയും ചെയ്തുകൊണ്ടിരുന്നു.

ചക്രവർത്തി ദെമത്രിയോസ് ക്രിസ്ത്യാനികളെ പീഡിപ്പിക്കാനാരംഭിച്ചു. പൗലൊസ് റോമിൽ ബന്ധനസ്ഥനായിരുന്നു തിമൊഥെയോസ് അവിടെ പോയി പലവട്ടം അദ്ദേഹത്തെ കാണുകയും സന്തോഷം അനുഭവിക്കുകയും ചെയ്തു.

എഫെസോസിൽ പെരുനാൾ ദിവസം ജനങ്ങൾ വികൃത വേഷധാരികളായി വിഗ്രഹങ്ങളെ ചുമന്നുകൊണ്ട് തെരുവുകൾ തോറും നടക്കുക പതിവായിരുന്നു. തുള്ളിയും ചാടിയും വിഗ്രഹത്തിൻ മുമ്പിൽ ആർത്തുകൊണ്ട് ചുറ്റിക്കൊണ്ടിരിക്കയും ചെയ്തിരുന്നു.

ഈ വിഗ്രഹാരാധന കണ്ടിട്ട് തിമൊഥെയോസ് ഇങ്ങനെ പ്രസംഗിച്ചു. സത്യദൈവം വിഗ്രഹാരാധനയിൽ പ്രസാദിക്കുന്നില്ല. നേരെമറിച്ചു ദൈവം നിങ്ങളെ സ്നേഹിച്ച് ഈ ലോകത്തിലേയ്ക്കു ഇറങ്ങിവന്നു നിങ്ങളുടെ പാപങ്ങൾക്ക് പകരമായി മരിച്ചു, ഇന്നും ജീവിക്കുന്ന അവനിൽ വിശ്വസിച്ചാൽ നിത്യജീവൻ ലഭ്യമാണ്.


കുപിതരായ ജനങ്ങൾ കുപിതരായി അദ്ദേഹത്തെ പിടിച്ചു വലിച്ചിഴച്ചു വടികൊണ്ട് അടിച്ചവശനാക്കി. ബോധംകെടുന്നതുവരെ അവർ അദ്ദേഹത്തെ അടിച്ചു. 2 ദിവസത്തിന് ശേഷം താൻ പ്രിയം വെച്ച രക്ഷകന്റെ സന്നിധിയിലേയ്ക്കു ആ വിശുദ്ധൻ കടന്നുപോയി.

# 23

# സിബോറസും ഏഴു പുത്രന്മാരും

സിബോറസ് എന്ന വിധവയ്ക്ക് ഏഴ് പുത്രന്മാരുണ്ടായിരുന്നു. മക്കളെയെല്ലാവരെയും ആ മാതാവ് ദൈവഭയത്തിൽ വളർത്തി. കർത്താവിനെ ഏറ്റവുമധികം സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്ത ഭവനം.

അന്നത്തെ ഭരണ കർത്താവ് ക്രൂരനായ ട്രോജൻ ചക്രവർത്തിയായിരുന്നു. തന്റെ രാജ്യത്തുള്ള എല്ലാവരും പൂജാ ക്ഷേത്രത്തിൽ വന്ന് ദേവന് ബലികഴിക്കണം. അങ്ങനെ ചെയ്യാത്തവരെ പിഡിപ്പിച്ച് കൊല്ലണം എന്ന കല്പനയും പുറപ്പെടുവിച്ചു. പൂജാ ക്ഷേത്രത്തിൽ വരാതിരുന്ന എല്ലാവരേയും കൽത്തുറുങ്കിലടച്ചു. ആ കൂട്ടത്തിൽ സിബോറസും ഏഴു പുത്രന്മാരുമുണ്ടായിരുന്നു. അവർ കാരാഗൃഹത്തിൽ ദൈവത്തെ പാടി സ്തുതിച്ചുകൊണ്ടിരുന്നു. മറ്റു തടവുകാർക്ക് ഇത് വളരെ ആശ്വാസമായിരുന്നു. സിബോറസിനെയും പുത്രന്മാരേയും എങ്ങനെയെങ്കിലും തടവിൽ നിന്നു വിടുവിക്കണമെന്ന് ചക്രവർത്തിക്ക് ആഗ്രഹമുണ്ടായിരുന്നു. ദൈവത്തെ ത്യജിച്ച് പൂജാക്ഷേത്രത്തിൽ വന്ന് ദേവന് ബലിയർപ്പിച്ചാൽ ഉടനെ വിടാമെന്ന് പറഞ്ഞു. മാത്രമല്ല അവർക്ക് പാർപ്പിടവും, നിലങ്ങളും, മക്കൾക്ക് ജോലിയും കൊടുക്കുമെന്നും വാഗ്ദാനം ചെയ്തു. എന്നാൽ ആ മാതാവ് വാഗ്ദാനങ്ങളൊന്നും സ്വീകരിച്ചില്ല. ഇതിൽ കുപിതനായ ചക്രവർത്തി സിബോറസിനെ ഹെർക്കുലീസ് ദേവന്റെ ക്ഷേത്രത്തിൽ കൊണ്ടുപോയി ധാരാളം അടിപ്പിച്ചു. അതിനുശേഷം അവളുടെ തലമുടിയിൽ അവളെ കെട്ടിത്തൂക്കിയിട്ടു. കഠിനമായ വേദന അവൾക്കുണ്ടായെങ്കിലും യഹോവയെ ത്യജിച്ചു പറഞ്ഞില്ല. പിന്നീട് മക്കളെ ഓരോരുത്തരേയും ഒരു തടിയോട് ചേർത്തു കെട്ടിയിട്ടു. വലിയ വടം കൊണ്ടുവന്ന് കയ്യും കാലും കെട്ടി ഇരുവശത്തേയ്ക്കും വലിക്കുവാൻ തുടങ്ങി. ഇത്ര കഠിനമായ പീഡനത്തിലും ആ അമ്മയും മക്കളും ചേർന്ന് ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു ഈ അവസരത്തിൽ മക്കളെ ധൈര്യപ്പെടുത്തുവാനും ആ മാതാവ് മറന്നില്ല. ക്രൂരനായ ചക്രവർത്തി മൂത്ത പുത്രനെ അവളുടെ മുമ്പിൽ നിർത്തി. തൂങ്ങിക്കിടന്നുകൊണ്ടു തന്നെ അമ്മ മകനോടു പറഞ്ഞു "മകനേ, ഞാൻ നിന്നെ ദൈവഭയത്തിൽ വളർത്തി. നീ ദൈവത്തിന്റെ ഭക്തനാണെന്ന് നിന്റെ ഇളയ സഹോദരങ്ങൾക്ക് കാണിച്ചു



പ്രാഗ്യുവിലെ ജെറോമിനെ ക്രിസ്തുസാക്ഷ്യം നിമിത്തം ദഹിപ്പിക്കുന്നു.

കൊടുക്കുക. ചക്രവർത്തി ആദ്യം മൂത്തമകനായ ക്രസൻഷ്യസിന്റെ കഴുത്തിൽ നീളമുള്ള കഠാര കുത്തിയിറക്കി. രണ്ടാമനായ ജീലിയനെ നെഞ്ചിൽ കുത്തി. നെഞ്ചു പിളർന്നു. മൂന്നാമനായ നെസ്സയിന്റെ ഹൃദയം കുത്തിത്തുറന്നു. നാലമാനായ പ്രിമറ്റിയസിന്റെ വയറ്റിലും, അഞ്ചാമനായ ജസ്റ്റിന്റെ പുറത്തും കുത്തി മുറിവേല്പിച്ചു. ആറാമനായ സ്റ്റാക്ടാസിന്റെ മാർവിലാണ് കുത്തിയത്. മക്കളുടെ അതിവേദനയും മരണവെപ്രാളവും, പിടച്ചിലും കണ്ടിട്ടും ആ അമ്മ ദൈവത്തെ ത്യജിച്ചില്ല. ഏറ്റവും ഇളയ വനായ യൂജിനിയസ്സിനെ ഇഞ്ചിഞ്ചായി വേദനിപ്പിച്ച് കൊല്ലണമെന്നു ചക്രവർത്തി തീരുമാനിച്ചു. ഒരു വലിയ കുഴി കുഴിച്ച് അതിൽ ഇറക്കി നിർത്തി. കുഴിയിൽ ഉമി കഴുത്തുവരെ നിറച്ചു. പിന്നീട് ഉമിക്ക് തീ കൊളുത്തി. അതു കണ്ടപ്പോൾ ആ അമ്മ മകനോട് ഇപ്രകാരം പറഞ്ഞു "മകനെ നിന്റെ പിതാവും, ആറു ജ്യേഷ്ഠന്മാരും ഇപ്പോൾ സ്വർഗ്ഗത്തിലിരി ക്കുന്നു. നീയും വേഗം അവരോടു ചേരും. നിന്റെ അമ്മ പുറകെ അവിടെ എത്തിച്ചേരും. അമ്മയുടെ വാക്കുകൾ കേട്ടപ്പോൾ ആ ബാലൻ സ്വർഗ്ഗത്തിലേക്കു കണ്ണുകളുയർത്തി. എന്നിട്ടു പറഞ്ഞു "സ്നേഹമുള്ള കർത്താവേ, എന്റെ ആത്മാവിനെ അങ്ങയുടെ കരങ്ങളിൽ ഏല്പിക്കുന്നു" എന്നു പറഞ്ഞു പ്രാണൻ വെടിഞ്ഞു. സിബോറസിന്റെ കഴുത്തിൽ ഒരു കല്ലുകെട്ടി നദിയിൽ എറിയുവാൻ ചക്രവർത്തി കല്പിച്ചു. അങ്ങനെ സിബോറസും, ഏഴു മക്കളും ദൈവത്തിനുവേണ്ടി തങ്ങളുടെ ജീവൻ വെച്ചുകൊടുത്തു.

# 24

# തീയിലും സിംഹവായിലും കൂടി കടന്നു നിത്യതയിലെത്തിച്ചേർന്ന ഇഗ്നാത്യോസ്

ട്രോജൻ ചക്രവർത്തിയുടെ ഭരണകാലത്ത് അനേകം വിശ്വാസികളെ, അവർ ക്രിസ്തുവിൽ വിശ്വസിച്ചു ദൈവമക്കളായി എന്ന ഒറ്റ കാരണത്താൽ അതിക്രൂരമായി വധിക്കുകയുണ്ടായി. രാജാവിന്റെ ക്രൂരത കണ്ട് യാതൊരു മനസ്സലിവുമില്ലാത്ത റോമൻ ജനത പോലും ദുഃഖിക്കുകയുണ്ടായി. പൊളീ നിയസ് സെക്കന്തർ എന്ന തത്വജ്ഞാനി ചക്രവർത്തിക്ക് ഇങ്ങനെ എഴുതി "ചക്രവർത്തി ഇങ്ങനെ ക്രൂരമായി ക്രിസ്ത്യാനികളെ ആരെയും

ഉപദ്രവിക്കരുത്.'' ''അവർ ദൈവത്തെ പാടി സ്തുതിക്കുന്നതല്ലാത മറ്റൊരു തെറ്റും ചെയ്യുന്നില്ലല്ലോ.'' എന്നിട്ടും ട്രോജന്റെ ക്രൂരത കൂടിവന്നതല്ലാതെ യാതൊരു ശമനവുമുണ്ടായില്ല. ഈ കാലത്തു വധിക്കപ്പെട്ട ഒരു വിശ്വാസവീരനാണ് ഇഗ്നോത്യോസ്.

ഇഗ്നാത്യോസിനെ ചക്രവർത്തിയുടെ മുമ്പിൽ വരുത്തി. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞാൽ വിട്ടയയ്ക്കാം എന്നു പറഞ്ഞു. ഇഗ്നാത്യോസ് വളരെ ധൈര്യത്തോടുകൂടി പറഞ്ഞു ''ഞാൻ ദൈവത്തെ വഹിക്കുന്നവനാണ്''

ചക്രവർത്തി: ''നിനക്ക് എന്നെ ഭയമില്ലേ''

ഇഗ്നാ: ''ഞാൻ ദൈവത്തെ മാത്രം ഭയപ്പെടുന്നവനാണ്.''

ചക്രവ: ''നീ എന്റെ കല്പന നിരസിക്കുന്നതുകൊണ്ട് ഒരു പിശാചാകുന്നു.''

ഇഗ്നാ: ''എന്റെ പേരിന്റെ അർത്ഥം പോലെ തന്നെ ഞാൻ ദൈവത്തെ വഹിക്കുന്നവനാണ്.''

ചക്രവ: ''നിനക്കായി ഒരുക്കി നിരത്തിയിരിക്കുന്ന സിംഹത്തേയും, തീയേയും നിനക്കു പേടിയില്ലേ.''

ഇഗ്നാ: അവ എന്റെ അരുമനാഥന്റെ അടുക്കൽ എത്തിക്കുന്ന മനോഹരങ്ങളായ വാഹനങ്ങളാണ്.

ഇതിൽ ഏറ്റവും കുപിതനായ ചക്രവർത്തി ആ ഭക്തനെ ചാട്ടവാറുകൊണ്ട് അടിക്കുവാൻ കല്പിച്ചു. അതു കഴിഞ്ഞ് ശീല ചുറ്റി അതിന്റെ മുകളിൽ എണ്ണ ഒഴിച്ച് തീ കൊളുത്തിയതിനുശേഷം കഠിനമായി വേദനിപ്പിക്കുന്നതിന് കൂർത്തു മൂർത്ത ഇരുമ്പാണികൾകൊണ്ട് ദേഹമെല്ലാം വരഞ്ഞു കീറി. ഈ സമയമെല്ലാം ഇഗ്നാത്യോസ് ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. തീയിൽ ഇഗ്നാത്യോസ് പൂർണ്ണമായും ദഹിച്ചിരുന്നില്ല. തന്മൂലം മൃഗങ്ങൾ കടിച്ചു കീറി കൊല്ലുന്നതിനായി ക്രൂരമൃഗങ്ങൾക്ക് തന്നെ എറിഞ്ഞുകൊടുത്തു. സിംഹങ്ങൾ കടിച്ചുകീറി ഇഗ്നാത്യോസ് വധിക്കപ്പെടുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് പോളികാർപ്പ് എന്ന ഭക്തന് ഇങ്ങനെ എഴുതി ''എനിക്കുവേണ്ടി ഒരുക്കപ്പെട്ടിരിക്കുന്ന മൃഗങ്ങൾക്ക് ഇരയായി തീരുന്നതിന് ദൈവം എന്നെ എത്രയുംവേഗം അനുവദിച്ചിരുന്നെങ്കിൽ ഞാൻ അത്രയധികം സന്തോഷിക്കുമായിരുന്നു.'' തന്റെ അവസാന വരികളായിരുന്നു ഇത്. ഇതോടുകൂടി ആ ഭക്തൻ ഈ ലോക ജീവിതമവസാനിപ്പിച്ചു.

# 25

## പോളികാർപ്പ്

A.D. 163-ൽ മാർക്കസ് ഔറേലിയസ് റോമൻ ചക്രവർത്തിയായി വാഴ്ത്തപ്പെട്ടു. കാഴ്ചക്കാർക്ക് കണ്ടു നിൽക്കുവാൻ സാധിക്കാത്ത നിലയിലുള്ള ക്രൂരവും, നിഷ്ഠൂരവുമായ പീഡനങ്ങൾക്ക് ക്രിസ്ത്യാനികൾ വശംവദരായി. ഈ മതപീഡനകാലത്ത് പീഡനങ്ങൾ അനുഭവിച്ചു രക്തസാക്ഷിത്വം വരിച്ച ഒരു വിശുദ്ധനായിരുന്നു 86കാരനായ പോളികാർപ്പ്.

ക്രിസ്തുഭക്തനായിരുന്ന ജെർമ്മാനിക്കസിനെ വന്യമൃഗങ്ങൾക്ക് ഇരയായി കൊടുക്കും എന്ന് ചക്രവർത്തി പട്ടണം മുഴുവനും കൊട്ടിഘോഷിച്ചു. ഈ കാഴ്ച കാണുന്നതിനായി ജനം തടിച്ചുകൂടി. എന്നാൽ ക്രിസ്തുവിന്റെ വിശുദ്ധ നാമത്തെപ്രതി ജീവനെ ത്യജിക്കുവാൻ തയ്യാറായി നിൽക്കുന്ന ഒരു യുവാവിന്റെ തേജോമയമായ മുഖത്തെയാണ് അവർക്കു കാണുവാൻ കഴിഞ്ഞത്. ചക്രവർത്തിയുടെ ശിക്ഷ വളരെ സന്തോഷത്തോടെ സ്വീകരിച്ച അദ്ദേഹം വന്യമൃഗങ്ങൾക്കു മുന്നിൽ എറിയപ്പെട്ടു. വന്യമൃഗങ്ങൾ അദ്ദേഹത്തെ കടിച്ചുകീറി. ഈ കാഴ്ച അത്ഭുതത്തോടെ നോക്കിനിന്ന കാണികളിൽ പലരും ജെർമ്മാനിക്കസിന്റെ കർത്താവിനെ തങ്ങളുടെ രക്ഷകനായി സ്വീകരിച്ചു. അക്കൂട്ടത്തിൽ ഒരാളായിരുന്ന ക്വാണ്ടസ് എന്ന യുവാവ് ജഡ്ജിയുടെ അടുക്കൽ കയറിച്ചെന്ന് ക്രിസ്ത്യാനികളെ എന്തിനാണ് ഇങ്ങനെ ഉപദ്രവിക്കുന്നത് എന്ന് ചോദിച്ചു. കോപാകുലനായ ജഡ്ജി ക്വാണ്ടസ് എന്ന യുവാവിനെയും ഘോരമൃഗത്തിനു മുന്നിൽ വലിച്ചെറിഞ്ഞു. ക്രിസ്ത്യാനികളെ പൂർണ്ണമായി കൊന്നുമുടിക്കേണം , എന്നുള്ള ഭയങ്കര ശബ്ദം അവിടെയങ്ങും മാറ്റൊലികൊണ്ടു. മാത്രമല്ല ക്രിസ്ത്യാനികളുടെ നേതാവായ പോളികാർപ്പിനെ തിരഞ്ഞുപിടിച്ച് നശിപ്പിക്കുക എന്നും ആജ്ഞ പുറപ്പെടുവിച്ചു.

തന്റെ ജീവൻ അപകടത്തിലാണെന്നു മനസ്സിലാക്കിയ പോളികാർപ്പ് ഒളിക്കുവാനുള്ള സ്ഥലം അന്വേഷിച്ചു നടന്നു. എന്നാൽ ഒരു പൈതൽ അദ്ദേഹത്തെ ഒറ്റിക്കൊടുക്കുകയും അങ്ങനെ ശത്രുക്കളുടെ കൈയ്യിൽ അകപ്പെടുകയും ചെയ്തു. രക്തസാക്ഷിമരണം ദൈവ ഇഷ്ടമാണെന്ന് മനസ്സിലാക്കിയ ഈ ഭക്തൻ സദാപ്രസന്നവദനനായിത്തന്നെ കാണപ്പെട്ടു.

രക്ഷപെടുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചെങ്കിലും അദ്ദേഹം അതിനായി ശ്രമിച്ചില്ല. മരണത്തിന്റെ സമയം സമീപിച്ചുകൊണ്ടിരുന്നു. എന്നാൽ അതിൽ വിവശനാകാതെ പോളികാർപ്പ് ഭക്ഷണം കഴിക്കുകയും ശത്രുക്കൾക്ക് ഭക്ഷണം കൊടുക്കുകയും ചെയ്തു. അന്ത്യാഭിലാഷമെന്നോണം തനിക്ക് പ്രാർത്ഥിക്കുവാൻ ഒരു മണിക്കൂർ സമയം തരേണം എന്ന് അധികൃതരോട് അപേക്ഷിച്ചു. തുടർന്ന് വളരെ കണ്ണുനീരോടുകൂടി മറ്റുള്ളവർക്കായി അദ്ദേഹം പ്രാർത്ഥിച്ചു. പ്രർത്ഥനകേട്ട കാവൽക്കാർ പോളികാർപ്പിനെ തേടിപ്പുറപ്പെട്ടതിൽ ഖേദിച്ചു. വളരെ ദുഃഖത്തോടെയാണെങ്കിലും അദ്ദേഹത്തെ ഗവർണ്ണറുടെ മുൻപിൽ ഹാജരാക്കി. വെളുത്ത തലമുടിയുള്ള പ്രസന്നവദനനായ പോളികാർപ്പിനെ കണ്ട ഗവർണ്ണർക്ക് അദ്ദേഹത്തോട് മനസ്സലിവുതോന്നി ഇപ്രകാരം ചോദിച്ചു, ''അല്ലയോ പോളികാർപ്പേ, നീ നിന്റെ ഈ പ്രായത്തെ ഓർത്തെങ്കിലും ഒരു പ്രവശ്യത്തേക്ക് ഈ കർത്താവിനെ ഒന്ന് തള്ളിപ്പറയുക!''

അതിനുത്തരമായി പോളികാർപ്പ് ഇപ്രകാരം പറഞ്ഞു. ''കഴിഞ്ഞ 86 വർഷം ഞാൻ കർത്താവിനെ സേവിച്ചു. അവൻ എന്നോടു കൂടി ഉണ്ടായിരുന്നു. ഇതുവരെ അവൻ എനിക്ക് ഒരു ദോഷവും ചെയ്തിട്ടില്ല. ഇപ്പോഴും അവൻ എന്നോടുകൂടെയുണ്ട്. പിന്നെ എന്തിന് ഞാൻ എന്റെ അരുമനാഥനെ തള്ളിപ്പറയണം''

ഗവർണ്ണർ കുപിതനായി അദ്ദേഹത്തെ ദഹിപ്പിക്കുവാനായി ആജ്ഞ കൊടുത്തു. അദ്ദേഹത്തിനു ചുറ്റും വിറകുകൾ കൂട്ടി. അതിനു തീ കൊളുത്തി. എന്നാൽ ചുറ്റും പടർന്നു പിടിച്ചതല്ലാതെ അദ്ദേഹത്തിന്റെ ശരീരത്തിൽ തീ സ്പർശിച്ചില്ല. അഗ്നിജ്വാലയുടെ മദ്ധ്യത്തു നിന്നും സ്തുതി ഗീതങ്ങൾ മുഴങ്ങിക്കേട്ടു. ആ സമയത്ത് പടയാളികളിൽ ഒരുത്തൻ ഒരു വലിയ കുന്തമെടുത്ത് പോളികാർപ്പിന്റെ മാർവ്വിൽ കുത്തി. മാർവ്വിൽ നിന്നും പ്രവഹിച്ച രക്തം തീയെ കെടുത്തിക്കളഞ്ഞു.

വീണ്ടും വിറകു കൂട്ടി തീ കൊളുത്തി. പടർന്നുപിടിച്ച തീയുടെ മധ്യത്തുനിന്നും മുഴങ്ങിയ സ്തോത്രഗീതങ്ങളാൽ അന്തരീക്ഷം മുഖരിതമായി. 60 വർഷക്കാലം കർത്താവിന്റെ ഉത്തമഭടനായി പോരാടിയ ഈ ഭക്തൻ അന്ത്യം വരെ ദൈവത്തെ പാടിസ്തുതിക്കുകയും തന്റെ 86-ാമത്തെ വയസ്സിൽ രക്തസാക്ഷിയായിത്തീരുകയും ചെയ്തു.

# 26

## തത്വജ്ഞാനിയായ ജസ്റ്റിൻ

നിയോപൊലിസ് എന്ന ഗ്രീക്കു പട്ടണത്തിലായിരുന്നു ജസ്റ്റിന്റെ ജനനം. മാതാപിതാക്കൾ അക്രൈസ്തവരായിരുന്നങ്കിലും ദൈവഭക്തരായിരുന്നു. ഗ്രീക്ക് ജ്ഞാനത്തിൽ അപാര പാണ്ഡിത്യം നേടിയ ജസ്റ്റിന് അവയിലൊന്നും സമാധനവും സന്തോഷവും കണ്ടെത്തുവാൻ കഴിഞ്ഞില്ല. എന്നാൽ സമാധാനത്തിനുവേണ്ടി തത്വങ്ങൾ പഠിച്ചു നടന്ന ജസ്റ്റിൻ തന്റെ 30-ാമത്തെ വയസ്സിൽ ക്രിസ്തുവിനെ കണ്ടുമുട്ടി. അദ്ദേഹം ക്രിസ്തുവിൽ സമാധാനം കണ്ടെത്തുകയും ചെയ്തു.

ക്രിസ്തുവിൽ സന്തോഷവും സമാധാനവും കണ്ടെത്തിയ ജസ്റ്റിൻ തന്നെ രക്ഷിച്ച ക്രിസ്തുവിനെക്കുറിച്ച് നാടുനീളെ പ്രസംഗിച്ചു. മാത്രമല്ല ഒരു വിശുദ്ധജീവിതം നയിക്കുവാനും അദ്ദേഹം ആരംഭിച്ചു. താമസിയാതെ തന്നെ അദ്ദേഹത്തിന് ക്രിസ്തീയ തത്വജ്ഞാനി എന്ന പേരു ലഭിച്ചു. ജാതികൾക്കുവേണ്ടി അദ്ദേഹം ക്രിസ്തുവിനെ അധികരിച്ച് പുസ്തങ്ങൾ എഴുതി. കൂടാതെ യഹൂദന്മാരുടെ അടുക്കലേക്ക് കടന്നുചെന്ന് ക്രിസ്തുവിനെ അവർക്കു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അനേകരെ ക്രിസ്തുവിലേക്ക് നടത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ക്രൈസ്തവ സഭയ്ക്കുനേരെ അഴിച്ചുവിട്ട പീഢനങ്ങൾക്ക് എതിരായി അദ്ദേഹം മുദ്രാവാക്യങ്ങൾ മുഴക്കി. ചക്രവർത്തിക്കും റോമൻ ഉദ്യോഗസ്ഥന്മാർക്കും എതിരായി അദ്ദേഹം തുറന്ന കത്തുകൾ എഴുതി. തത്ഫലമായി കുറച്ച് നാളത്തേക്ക് ക്രിസ്ത്യാനികൾക്ക് സ്വാതന്ത്ര്യം ഉണ്ടായി. മാത്രവുമല്ല ക്രിസ്ത്യാനികളെ ഉപദ്രവിക്കരുത് എന്ന് ഒരു പ്രഖ്യാപനം ചക്രവർത്തി പുറപ്പെടുവിച്ചു.

ഇതിനുശേഷം ജസ്റ്റിന്, ക്രെസ്സൽസ് എന്ന തത്വജ്ഞാനിയുമായി ഒരു വാദപ്രതിവാദം ഉണ്ടായി. വാദപ്രതിവാദത്തിൽ തോറ്റ ക്രെസ്സൽ എങ്ങനെയെങ്കിലും ജസ്റ്റിനെ നശിപ്പിക്കണം എന്ന് തീരുമാനിച്ചു. മാത്രമല്ല അദ്ദേഹം ജസ്റ്റിനെ ചക്രവർത്തിക്ക് ഒറ്റിക്കൊടുക്കുകയും ചെയ്തു.

ജസ്റ്റിനും അവന്റെ ആറു സുഹൃത്തുക്കളും ചക്രവർത്തിയുടെ മുമ്പിൽ

ഹാജരാക്കപ്പെട്ടു. ദേവിക്കു ബലികഴിക്കുവാൻ അവരോട് ചക്രവർത്തി ആജ്ഞാപിച്ചു. എന്നാൽ അവർ വിസമ്മതിച്ചു. അതുകൊണ്ട് ആദ്യം അവരെ കഠിനമായി വാറുകൊണ്ട് അടിക്കുകയും അതിനുശേഷം ശിരഃച്ഛേദം ചെയ്യുകയും ചെയ്തു.

# 27

## രണ്ട് ഉറ്റസ്നേഹിതന്മാർ

എപ്പിപ്പോഡിയസും, അലക്സാണ്ടറും ഉറ്റസ്നേഹിതൻമാരായിരുന്നു. അവരുടെ ആത്മിയ സ്നേഹബന്ധം അനേകരെ ആകർഷിക്കത്തക്കതായിരുന്നു.

ലിയോബർ പീഢ ആരംഭിച്ചു. ചുട്ടുപഴുത്ത ഇരുമ്പുകസേരകളിൽ ഇരുത്തുക, എണ്ണയിൽ ഇട്ട് തിളപ്പിച്ചു കൊല്ലുക, ശരീരത്തിൽ പല ഭാഗത്തും തിളച്ച എണ്ണ ഒഴിക്കുക കൂടാതെ തേളുകളും, പാമ്പുകളും ഉള്ള ചാക്കിനുള്ളിൽ ക്രിസ്ത്യാനികളെ ഇട്ടിട്ട് വെള്ളത്തിൽ എറിയുക തുടങ്ങിയ അതികഠിനമായ പീഢനമുറകൾ അദ്ദേഹം ആവിഷ്ക്കരിച്ചു.

ഇങ്ങനെ അതിക്രൂരമായ പീഢനങ്ങൾ നിമിത്തം ഇവർ അടുത്ത ഗ്രാമത്തിലേക്ക് പോവുകയും കുറച്ചുനാൾ അവിടെ കർത്താവിനെ സാക്ഷിക്കുകയും ചെയ്തു. എങ്കിലും അവർ പിടിക്കപ്പെടുകയും ഗവർണ്ണറുടെ മുമ്പിൽ ഹാജരാക്കപ്പെടുകയും ചെയ്തു. അധികാരികൾ വളരെ സ്നേഹവും സഹതാപവും കാണിച്ച് അവരെ തെറ്റിക്കുവാനായി ശ്രമിച്ചു. എന്നാൽ അവർ അണുവിടപോലും തങ്ങളുടെ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചില്ല. പിന്നീട് അവരെ കാരാഗൃഹത്തിൽ അടയ്ക്കുകയും ചെയ്തു.

ഗവർണ്ണർ ഇളയവനായ എപ്പിപ്പോഡിയോസിനോട് ഇങ്ങനെ ചോദിച്ചു''നമ്മുടെ ദൈവം ലോകം മുഴുവനും ആരാധിക്കപ്പെടുന്നവനാണ് എന്നാൽ നിങ്ങൾ ക്രൂശിക്കപ്പെട്ട ഒരുത്തനെ ആരാധിക്കുന്നു. ഞങ്ങൾക്ക് പെരുന്നാളുകളും ആഘോഷങ്ങളും ഉണ്ട്. നിങ്ങളാകട്ടെ ഉപവാസത്തെ പുകഴ്ത്തുക.''


ഗവർണ്ണറുടെ ആക്ഷേപകരമായ പ്രസ്താവനകേട്ടു എപ്പിപ്പോഡിയോസ് ഇപ്രകാരം പ്രതിവചിച്ചു, ''നിങ്ങളുടെ സ്നേഹത്തിന്റെ അഭിനയം ക്രൂരത

യാണ്. എനിക്കുവേണ്ടി ക്രൂശിക്കപ്പെട്ട ക്രിസ്തുവിനുവേണ്ടി കഷ്ടം ഏൽക്കുന്നത് എന്റെ ഒരു ഭാഗ്യമാണ്. നിങ്ങളുടെ പെരുന്നാളുകളും, ഉത്സവങ്ങളും നിങ്ങളെ നരകത്തിലേക്ക് നയിക്കുന്നു. എന്നാൽ ഞങ്ങളുടെ വേദന ഞങ്ങളെ നിത്യസന്തോഷത്തിലെത്തിക്കുന്നു. എന്നറിയുക.''

ധൈര്യത്തോടുകൂടി അടർന്നു വീണ വാക്കുകൾ കേട്ട ഗവർണ്ണർ എപ്പിപ്പോഡിയസിനെ ക്രൂരമായി അടിപ്പിച്ചതിനുശേഷം റാക്കിൽ കിടത്തി. (കയ്യും കാലും വലിച്ചു കെട്ടിയതിനു ശേഷം ഇരുവശങ്ങളിൽ നിന്നും ആളുകൾ വലിക്കുകയോ യന്ത്രം കൊണ്ടു കറക്കുകയോ ചെയ്യത്തക്ക നിലയിൽ ക്രമീകരിച്ചിട്ടുള്ള ഒരു പീഢനയന്ത്രമാണ് റാക്ക്). ആ സമയത്ത് അവന്റെ അസ്ഥികളെല്ലാം നുറുങ്ങി. എങ്കിലും ആ യുവാവ് അവയെല്ലാം സന്തോഷത്തോടെ സഹിച്ചു. അവസാനം അവർ അദ്ദേഹത്തെ ശിരഃച്ഛേദം ചെയ്തു.

രണ്ടു ദിവസങ്ങൾക്കുശേഷം ഗവർണ്ണർ അലക്സാണ്ടറെ വിളിക്കുകയും കൂട്ടുകാരന് ഭവിച്ചത് അവന് സംഭവിക്കാതിരിക്കേണ്ടതിന് വിശ്വാസത്തിൽ നിന്നും പിൻമാറുവാൻ അവനെ ഗുണദോഷിക്കയും ചെയ്തു. എന്നാൽ അലക്സാണ്ടറും ഗവർണ്ണറുടെ ആശയത്തോട് യോജിച്ചില്ല.

ക്രിസ്തുവിരോധികളായ അവർ അലക്സാണ്ടറെയും റാക്കിൽ കെട്ടിയിട്ടു കറക്കി. അതിനു ശേഷം അദ്ദേഹത്തെ കരാഗൃഹത്തിൽ അടച്ചു. വീണ്ടും പുറത്തുകൊണ്ടുവന്നു. അലക്സാണ്ടർ യാതൊരു കാരണവശാലും വിശ്വാസത്തിൽ നിന്നും വ്യതിചലിക്കുകയില്ല എന്ന് മനസ്സിലാക്കിയപ്പോൾ മൂന്നുപേർ മാറിമാറി നിന്ന് അദ്ദേഹത്തെ അടിക്കുവാൻ കൽപ്പിച്ചു. അങ്ങനെ പ്രഹരമേറ്റ് ആ വീര യുവാവ് ജീവൻ വെടിഞ്ഞു. എന്നാൽ ആ മുഖത്തു ആനന്ദവും, സന്തോഷവും, സംതൃപ്തിയും വിളയാടിയിരുന്നു.



തോക്കിൻമുനയ്ക്കു മുമ്പിലും ചഞ്ചലപ്പെടാത്ത വിശ്വാസവുമായി
ക്രിസ്ത്യാനികൾ മരണം വരിക്കുന്നു.

# 28

# യജമാനനെ ഒറ്റിക്കൊടുത്ത അടിമ

കൊമഡസ് ചക്രവർത്തിയുടെ കീഴിലെ ഒരു വലിയ ഉദ്യോഗസ്ഥനായിരുന്നു അപ്പോലോനിയസ്. അദ്ദേഹം വളരെ പണ്ഡിതനും അതേസമയം ധനാഢ്യനുമായിരുന്നു. അങ്ങനെ അദ്ദേഹം സുഖമായി താമിസിച്ചുകൊണ്ടിരിക്കുമ്പോൾ ക്രൂശിക്കപ്പെട്ട കർത്താവിനെക്കുറിച്ച് കേൾക്കുവാൻ ഇടയായി. മരിച്ച ഒരു മനുഷ്യനെക്കുറിച്ച് ഇത്രയധികം പ്രചാരങ്ങൾ! ഈ വിഷയത്തെക്കുറിച്ച് കൂടുതൽ പഠിച്ചപ്പോൾ ക്രിസ്തു മരിച്ചവരിൽ നിന്നും ഉയർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നവനാണ് എന്ന് അദ്ദേഹം ഗ്രഹിച്ചു. തുടർന്ന് അദ്ദേഹം തന്റെ ജീവിതത്തെ ക്രിസ്തുവിന്റെ പാദത്തിങ്കൽ സമർപ്പിച്ചു.

ക്രിസ്ത്യാനിയായ അപ്പോലോനിയസിന്റെ ജീവിതത്തിന് ഒരു വലിയ രൂപാന്തരം സംഭവിച്ചു. ആ സമയത്ത് അദ്ദേഹത്തിന്റെ ഒരു അടിമ അദ്ദേഹത്തെ ചക്രവർത്തിക്ക് ഒറ്റിക്കൊടുത്തു. യജമാനനെ ഒറ്റിക്കൊടുക്കുന്ന ദാസൻ മരണശിക്ഷ അനുഭവിക്കേണമെന്നായിരുന്നു അന്നത്തെ നിയമം. എന്നാൽ ക്രിസ്തീയ വിരോധം കൊണ്ട് മരണം വരിക്കാൻ ആ അടിമ തീരുമാനിച്ചു.

അപ്പോലോനിയസ് താൻ അറിഞ്ഞ ദൈവത്തെ തള്ളിപ്പറയുവാൻ ഒരു നിലയിലും തയ്യാറായില്ല. തത്ഫലമായി അദ്ദേഹത്തെ തൂക്കിക്കൊല്ലുവാൻ വിധിച്ചു. അങ്ങനെ ക്രിസ്തുവിരോധികൾ അപ്പോലോനിയസിനെ തൂക്കിക്കൊന്നു.

# 29

# സംസാരിക്കുന്ന ചുണ്ണാമ്പുകട്ടകൾ

പുരാതന ആഫ്രിക്കയിലെ യൂറ്റീക്ക എന്ന സ്ഥലത്തു ഭീകരമായ ഒരു സംഭവമുണ്ടായി. റോമിലെ ചക്രവർത്തിയായ കോമഡസ്സിന്നു ക്രിസ്ത്യാനികളെ വളരെ ക്രൂരമായി കൊല്ലുന്നത് ഒരു വിനോദമായിരുന്നു. അദ്ദേഹം യുറ്റിക്കയിലും ക്രിസ്ത്യാനികളെ മുഴുവനും വേട്ടയാടുവാൻ തുടങ്ങി. 300 ക്രിസ്ത്യാനികളെ പിടിച്ച് കാരാഗൃഹത്തിലടച്ചു. അവർ പാട്ടുകൊണ്ടും പ്രാർത്ഥനകൊണ്ടും കാരാഗൃഹം നല്ല ആത്മീയ അന്തരീക്ഷമുള്ള ഒരു സ്ഥലമാക്കി മാറ്റി. ഇത് സഹിക്കുവാൻ ചുറ്റുപാടുമുള്ളവർക്ക് കഴിഞ്ഞില്ല. ഇവരെ എങ്ങനെയെങ്കിലും കാരാഗൃഹത്തിൽ നിന്നും വിടണമെന്നു തീരുമാനിച്ചു. ക്രിസ്തുവിനെ തള്ളിപ്പറയുവാനായി അവരെ പ്രേരിപ്പിച്ചു. അങ്ങനെ ചെയ്താലുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ചും അവരോടു പറഞ്ഞു. എന്നാൽ തങ്ങൾക്കുവേണ്ടി ജീവൻ നൽകിയ ക്രിസ്തുവിനെ തള്ളിപ്പറയുവാൻ തയ്യാറായില്ല. ഇവരെ കഠിനമായി തന്നെ ഉപദ്രവിക്കുവാൻ തീരുമാനിച്ചു.

രാജാവ് ഒരു പ്രതിമയുണ്ടാക്കി. അതിനെ നമസ്കരിക്കാത്തവരെ പീഡിപ്പിച്ച് വധിക്കുവാനായി ഒരു ചുണ്ണാമ്പു കടൽ ഉണ്ടാക്കി. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞാൽ ലഭിക്കാവുന്ന വാഗ്ദാനങ്ങളും അനുഗ്രഹങ്ങളും സമ്മാനങ്ങളും മറുവശത്ത് നിരത്തിവച്ചിട്ടുണ്ടായിരുന്നു.

ഇതിറിഞ്ഞിട്ട് ഈ മൂന്നൂറു പേരും വളരെ ധൈര്യത്തോടുകൂടി നിലകൊണ്ടു. നീറിക്കൊണ്ടിരിക്കുന്ന ചുണ്ണാമ്പുകടൽ അവർക്ക് ഒരു പ്രശ്നമായിരുന്നില്ല. തടവുകാരായ ഈ ക്രിസ്ത്യാനികൾ ബിംബത്തെ വീണു നമസ്കരിക്കുന്നില്ല എന്നറിഞ്ഞ് മുന്നൂറുപേരെയും ചൂടുകൊണ്ട് തിളച്ചുമറിഞ്ഞു കിടക്കുന്ന ചുണ്ണാമ്പു കടലിലേക്ക് തള്ളിയിട്ടു. ഒടുവിൽ മുന്നൂറു ചുണ്ണാചമ്പുകട്ടകൾ അവശേഷിച്ചു.

“വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ആഴത്തിനോ മറ്റു യതൊരു സൃഷ്ടിക്കോ കർത്താവായ യേശുക്രിസ്തുവിലുള്ള ഈ ദൈവസ്നേഹത്തിൽ നിന്നു വേർതിരിപ്പാൻ കഴിയുമായിരുന്നില്ല. (റോമർ 8:39) നമുക്കോ?

# 30

# രക്തസാക്ഷിയായ ഫെലിസിയറ്റയും പെർപ്പച്ചുവയും

റോമാ ചക്രവർത്തിയായ സെവാറസ് ഭരണമാരംഭിച്ചപ്പോൾ ക്രിസ്ത്യാനികൾക്ക് വലിയ എതിർപ്പുകളൊന്നും നേരിടേണ്ടിവന്നില്ല. മുമ്പ് ക്രിസ്ത്യാനികളെ പീഡിപ്പിച്ച് അതിൽ രസിച്ചിരുന്ന ജനങ്ങൾക്ക് വീണ്ടും അതുതന്നെ വേണമെന്നു തോന്നുകയും, ഉപദ്രവമാരംഭിക്കുകയും ചെയ്തു. ജനങ്ങളുടെ ആഗ്രഹ നിവൃത്തിക്കായി ചക്രവർത്തി ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിനുള്ള അനുവാദം നൽകി. റോമാ സാമ്രാജ്യത്തിൽ ഉൾപ്പെട്ട എല്ലാ നാടുകളിലും വടക്കേ ആഫ്രിക്കവരെയും ആ വാർത്ത എത്തി. അനേകർ രക്തസാക്ഷികളായി. വളരെയധികം പീഡ സഹിച്ച് കർത്താവിന്റെ സന്നിധിയിലെക്കു പോയ ധീരവനിതയാണ് പെർപ്പച്ചുവാ.

ഇരുപത്തിയാറു വയസ്സുള്ള പെർപ്പച്ചുവയ്ക്ക് മുലകുടിക്കുന്ന ഒരു പിഞ്ചുപൈതലുണ്ടായിരുന്നു വിഗ്രഹങ്ങൾക്ക് ബലികഴിക്കുകയില്ല എന്ന കാരണത്താൽ അനേകരെ ഇരുട്ടറകളിൽ കിടത്തിയിരുന്നു. ആ കൂട്ടത്തിൽ പെർപ്പച്ചുവായേയും ഇരുട്ടറയിലിട്ടു. കുഞ്ഞിനെ അവളിൽ നിന്നും വേർപ്പെടുത്തി. എന്നാൽ കാരാഗൃഹ പ്രമാണിക്ക് അവളോട് കരുണ തോന്നിയതുകൊണ്ട് കുറച്ചുസമയം കാരാഗൃഹത്തിനു വെളിയിൽ വന്ന് കുഞ്ഞിനോടുകൂടി കഴിയുവാനുള്ള അവസരം നൽകി.

വിധി ദിവസത്തിൽ അവളെ പുറത്തേക്ക് കൊണ്ടുവന്നു, വിശ്വാസം തള്ളിപ്പറയുവാൻ ന്യായാധിപൻ പറഞ്ഞു. എന്നാൽ അവൾ വളരെ ധൈര്യത്തോടുകൂടി നിന്നു. അവളുടെ വൃദ്ധനായ പിതാവ് ഓമന കുഞ്ഞിനെയും കൊണ്ട് അവളുടെ അടുത്തേക്കു വന്നു; "മകളെ ഈ പിഞ്ചു ഓമനയേയും നരച്ച എന്റെ തലയേയും ഓർത്തു ഒരുപ്രാവശ്യം ഈ വിശ്വാസം തള്ളിപ്പറയുക". ഇതു ന്യായാധിപനേപ്പോലും ദുഃഖിപ്പിച്ചു. കണ്ഠമിടറികൊണ്ട് അദ്ദേഹവും അവളോടു പറഞ്ഞു "ഒരു പ്രാവശ്യത്തേയ്ക്കു നീ തള്ളിപ്പറഞ്ഞാൽ നിന്നെ വിടാം നിനക്കു ബഹുമതിയും താരം". എന്നാൽ വിശ്വാസത്തിൽ നിന്നും അല്പം പോലും അവളെ വ്യതിചലിപ്പിക്കുവാൻ ആർക്കും കഴിഞ്ഞില്ല. അവളുടെ കൂടെ

ഫെലിസിയറ്റസ് എന്ന യുവതിയും ഉണ്ടായിരുന്നു. ഇവർ രണ്ടുപേരും വളരെ സന്തോഷത്തോടുകൂടെ കൊലക്കളത്തിലേയ്ക്ക് ചെന്നു. തന്റെ പിതാവിനെയും കുഞ്ഞിനെയും കണ്ടപ്പോൾ അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി. എന്നാൽ അവൾ വിജയത്തിന്റെ ഗാനം പാടിക്കൊണ്ടിരുന്നു.

അവരെ നഗ്നരാക്കി ഒരുവലയ്ക്കുള്ളിൽ ഇട്ട് തലമുടിയിൽ പരസ്യ സ്ഥലത്തു കെട്ടിത്തൂക്കിയിടുവാൻ കല്പന കൊടുത്തു. തലയിൽ നിന്നും രക്തം തുള്ളിതുള്ളിയായി വീണു. ലജ്ജിതമായ ജനങ്ങൾ അവരെ വസ്ത്രം ധരിപ്പിക്കുവാൽ ആവശ്യപ്പെട്ടു അവളുടെ പിതാവ് രംഗസ്ഥലത്തേയ്ക്ക് വന്നു. "മകളെ നിന്റെ വാത്സല്യ പിതാവിനെ ദുഃഖത്തോടെ ശവക്കുഴിയിൽ ഇറക്കുമോ" എന്നു കെഞ്ചി പറഞ്ഞുകൊണ്ടിരുന്നു. തന്റെ വാത്സല്യ പിതാവിന്റെ വാടിയ മുഖം അവൾക്കു കണ്ടുനിൽക്കുവാൻ കഴിഞ്ഞില്ല; എങ്കിലും അവൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു "ഞാൻ ഒരുനാളും വിഗ്രഹങ്ങൾക്കു ബലികഴിക്കുകയില്ല. ദൈവഹിതം എന്താണോ അതാണ് എന്റെ ലക്ഷ്യം."

അവരെ രണ്ടുപേരെയും ക്രൂരമൃഗങ്ങൾക്കു മുമ്പിൽ എറിഞ്ഞുകൊടുത്തു വേദനിപ്പിച്ച് കൊല്ലണമെന്നു തീരുമാനിച്ചു. അവരെ രണ്ടുപേരെയും കാട്ടുപോത്തിനു മുമ്പിലേയ്ക്ക് എറിഞ്ഞുകൊടുത്തു. ആദ്യം ഫെലിസയറ്റിസിനെ കുത്തിമുറിവേല്പിച്ചു അവൾ വീണുപോയി. അതിനുശേഷം പേർപച്ചുവായെ കഠിനമായി കുത്തിമുറിവേല്പിച്ചു. എന്നാൽ പെർപെച്ചുവാ എഴുന്നേറ്റു ഫെലിസയറ്റിനെ താങ്ങി എഴുന്നേല്പിച്ചു. കാട്ടുപോത്ത് അനങ്ങാതെ നിന്നു. അത് ഉപദ്രവിക്കുന്നില്ല എന്നു കണ്ടിട്ട് ജനങ്ങൾ ഇളകി അവരെ വധസ്ഥലത്തു നിന്നും വലിച്ചിഴച്ചു പുറത്തുകൊണ്ടുവന്നു ശിരഃച്ഛേദം ചെയ്യുന്നതിനായി കൊലക്കളത്തിൽ നിർത്തി. രണ്ടുപേരും അന്യോന്യം ചുംബിച്ച് ധൈര്യപ്പെടുത്തി ഫെലിസയറ്റിന്റെ തലയറുത്തു. അവൾ നിത്യതയിൽ പ്രവേശിച്ചു. എന്നാൽ പെർപ്പച്ചുവയെ കൊല്ലാൻ വന്ന യുവാവിന് തലയറുക്കുവാൻ മുൻപരിചയമില്ലായിരുന്നു. ഒന്നിലധികം പ്രാവശ്യം കഴുത്തിനു വെട്ടിയിട്ടും സാരമായ പരുക്കേ പറ്റിയുള്ളൂ. അയാളുടെ പരിശ്രമം കണ്ടിട്ട് പെർപ്പച്ചുവാ തന്നെ മർമ്മസ്ഥാനം കാണിച്ചു കൊടുത്തിട്ട് വെട്ടുവാൻ പറഞ്ഞു. അങ്ങനെ ആ വീരവനിതയുടെ തലയറുത്തു. രക്തം ഭൂമിയിലേക്ക് ചീറ്റിയൊഴുകി. പെർപ്പച്ചുവ രക്തസാക്ഷിയായി കർത്താവിന്റെ സന്നിധിയിലേയ്ക്കു പ്രവേശിച്ചു.

# 31

## പട്ടാളമേധാവി രക്ഷിക്കപ്പെടുവാൻ മുഖാന്തരമായ അമ്മയും രണ്ട് പെൺക്കളും

മാർസെല്ല എന്ന യുവതിയ്ക്ക് റിയാസ് എന്നും പൊട്ടാഷിയന എന്നും പെരുകളുള്ള രണ്ട് പെൺമക്കൾ ഉണ്ടായിരുന്നു. അവർ സുഖമായും സന്തോഷമായും ജീവിക്കുകയായിരുന്നു. ചക്രവർത്തിയായ സിവാർസിന രോഗം പിടിച്ച് മരിപ്പാറായിരുന്നു. എന്നാൽ ഒരു ക്രിസ്ത്യാനി അദ്ദേഹത്തെ ചികിൽസിക്കുകയും അദ്ദേഹം സൗഖ്യം പ്രാപിക്കുകയും ചെയ്തു. തത്ഫലമായി കുറച്ചുനാളത്തേയ്ക്ക് ക്രിസ്ത്യാനികൾക്ക് സ്വസ്ഥതയുണ്ടായി.

എന്നാൽ ചില ദുഷ്ടന്മാരായ ആളുകൾ ചിലയിടങ്ങളിൽ പീഢ ആരംഭിച്ചു. അക്കൂട്ടത്തിൽ ഈ അമ്മയും, പെൺമക്കളും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. മാത്രമല്ല അവരോട് വിശ്വാസം തള്ളിപ്പറയുവാൻ ആവശ്യപ്പെട്ടു. എന്നാൽ അവർ ക്രിസ്തുവിനുവേണ്ടി മരിക്കുവാൻ തയ്യാറാണ് എന്നു മനസ്സിലാക്കിയപ്പോൾ ആദ്യം മൂത്തവളായ റിയാസിന്റെ ശരീരത്തിൽ തിളച്ച എണ്ണ ഒഴിച്ചു. അതിനുശേഷം ചുട്ടുകളയുകയും ചെയ്തു. തുടർന്ന് അവളുടെ അമ്മയായ മാർസെല്ലയുടെ ദേഹത്തും തിളച്ച എണ്ണ ഒഴിച്ചു. അതിനുശേഷം ചുടുവാൻ ഏൽപ്പിച്ചു. ഇളയ മകളായ പൊട്ടാഷിയന ഇവരുടെ രണ്ടുപേരുടെയും ദുരന്തം കണ്ടുകൊണ്ടിരിക്കുകയായിരുന്നു. മരിച്ച് മൺമറഞ്ഞപോയ കർത്താവിനുവേണ്ടി നശിക്കാതിരിക്കുവാൻ നല്ലവണ്ണം ചിന്തിച്ച് ഒരു തീരുമാനമെടുക്കുവാൻ ഗവർണ്ണർ അവളോട് ആഹ്വാനം ചെയ്തു.

എന്നാൽ അവളും തന്റെ രക്ഷകനിൽ ഉറച്ചുനിന്നു. തങ്ങളുടെ ആഹ്വാനത്തിനു വഴങ്ങാത്ത അവളുടെ ശരീരത്തിലും തിളച്ച എണ്ണ ഒഴിച്ചുകൊണ്ടിരുന്നു. എന്നാൽ അവളുടെ ശരീരം പീഢിപ്പിക്കപ്പെട്ടുകൊണ്ടിരുന്നുവെങ്കിലും അവൾ തന്റെ രക്ഷകനിൽ ആന്ദിച്ചുകൊണ്ടിരുന്നു. തുടർന്ന് അവളെ ജീവനോടെ ദഹിപ്പിച്ചു. അങ്ങനെ പൊട്ടാഷിയന അവളുടെ മുമ്പെപോയ അമ്മച്ചിയേയും ചേച്ചിയേയും അനുഗമിച്ചു.

ഇതു കണ്ടുകൊണ്ടിരുന്ന ബാസിലിഡെസ് ഒന്ന ഒരു ആർമി ഓഫീസർ ക്രിസ്തുവിനെ വിശ്വസിക്കുന്നതിന് ഇടയായി.

കുറച്ചു ദിവസത്തിനകം തന്നെ ആർമി പ്രതിജ്ഞയെടുക്കേണ്ട സമയം വന്നു. എന്നാൽ ഒരു അന്യദൈവത്തിന്റെ മുന്നിൽ നിന്നു പ്രതിജ്ഞയെടുക്കുവാൻ ബാസിലിഡെസ് തയ്യാറായില്ല. തന്റെ വിശ്വാസത്തിൽ ഉറച്ചു നിന്നതുകൊണ്ട് അവർ അദ്ദേഹത്തെ വലിച്ചിഴച്ചു കൊണ്ടുചെന്നു ന്യായാധിപന്റെ മുമ്പിൽ നിറുത്തി. അദ്ദേഹത്തിന്റെ ഉറച്ച വിശ്വാസത്തിൽ നിന്നും പിൻമാറാത്തതിനാൽ പിറ്റെ ദിവസം അദ്ദേഹത്തിന്റെ തലയെ ഛേദിച്ചു. അങ്ങനെ തന്നെ സ്നേഹിച്ച കർത്താവിന്റെ പാദത്തിൽ ബാസിലിഡെസ് സന്തോഷത്തോടെ എത്തിച്ചേർന്നു.

# 32

# സിസിലിയ

റോം എന്ന പട്ടണത്തിൽ സിസിലിയ എന്നു പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളുടെ വിവാഹം വലേറിയൻ എന്ന ഒരു യുവാവുമായി നടത്തപ്പെട്ടു. സിസിലിയയുടെ സൗമ്യതയും, സൽപ്രവൃത്തികളും, സ്വഭാവ ഗുണങ്ങളും അവളുടെ ഭർത്താവായ വലേറിയന്റെ മനസ്സിനെ ഏറെ ആകർഷിച്ചു. അങ്ങനെ അവളുടെ സൽപ്രവൃത്തികൾക്ക് കാരണക്കാരനായ യേശുക്രിസ്തുവിനെ അദ്ദേഹവും അംഗീകരിച്ചു. താമസിയാതെ വലേറിയന്റെ ഇളയ സഹോദരനായ ടിബ്യൂകട്ടയസും കർത്താവിന്റെ മകനായിത്തീർന്നു.

ഈ വാർത്തയറിഞ്ഞ ചക്രവർത്തി രണ്ടു സഹോദരന്മാരെയും ബന്ധിച്ച് കാരാഗൃഹത്തിലടച്ചു. വിശ്വാസത്തിൽ നിന്നും പിൻമാറാത്തതിനാൽ താമസിയാതെ തന്നെ അവരെ ശിരഃച്ഛേദം ചെയ്യുകയും ചെയ്തു. റോമൻ വാളിന്റെ മുന്നിൽ പതറാതെ നിന്ന ആ സഹോദരന്മാരുടെ വിശ്വാസവും അവരുടെ മുഖത്ത് സ്ഫുരിച്ചിരുന്ന പ്രത്യാശയും കണ്ട ഒരു പോലീസ് ഉദ്യോഗസ്ഥൻ യേശുക്രിസ്തുവിനെ അദ്ദേഹത്തിന്റെ സ്വന്തം രക്ഷിതാവായി അംഗീകരിച്ചു. തത്ഫലമായി അദ്ദേഹവും ചക്രവർത്തിയുടെ വാളിന് ഇരയായിത്തീർന്നു.

ഈ സംഭവങ്ങൾക്കെല്ലാം കരണക്കാരിയായ സിസിലിയെയെ ക്രൂരമായി

ദണ്ഡിപ്പിക്കുക എന്നതായിരുന്നു ചക്രവർത്തിയുടെ തീരുമാനം. അതിനു വേണ്ടി അവർ തീ കൂട്ടി കക്ക നീറ്റി. തുടർന്ന് നീറിക്കൊണ്ടിരുന്ന കക്കയ്ക്കുള്ളിലേക്ക് അവളെ തള്ളിയിട്ടു. എന്നാൽ നീറി നീറി യാതന അനുഭവിക്കുമ്പോഴും അവൾ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഒരു പടയാളി അവളുടെ തല ഛേദിച്ചു. അങ്ങനെ, ആ ധീരവനിത അവൾക്കു മുമ്പായി പോയ തന്റെ ഭർത്താവിനോടൊപ്പം തനിക്കായി ഒരുക്കിവെച്ചിരിക്കുന്ന ആ പ്രതിഫലം വാങ്ങുവാനായി അരുമനാഥന്റെ സന്നിധിയിലേക്കു ചേർക്കപ്പെട്ടു.

# 33

# എഴുപതു വയസ്സുകാരി അപ്പോലോനിയ

ഏകദേശം എഴുപതു വയസ്സുണ്ടായിരുന്ന ഒരു വല്യമ്മച്ചിയായിരുന്നു അപ്പോലോനിയ. ഒരു ദൈവമകളായിരുന്ന അവൾ ശാരീരികമായി വളരെ ക്ഷീണിതയായിരുന്നു. എന്നാൽ ദൈവമകളായ താൻ മരിച്ചാൽ സ്വർഗ്ഗത്തു പോകുമെന്നും യേശുക്രിസ്തു മാത്രമാണ് ഏകരക്ഷകൻ എന്നും മറ്റുള്ളവരോട് അവൾ സാക്ഷീകരിച്ചു. യേശുക്രിസ്തുവിൽകൂടി മാത്രമേ രക്ഷയുള്ളു എന്ന അപ്പോലോനിയയുടെ വാക്കുകൾ കേട്ട് ക്ഷമയറ്റ ജനങ്ങൾ അവളെ ഒറ്റിക്കൊടുത്തു. കെട്ടപ്പെട്ടവളായി അവൾ ചക്രവർത്തിയായ മാക്സിമിനസിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടു. രോഷാകുലരായ ജനങ്ങൾ അവളെ ജീവനോടെ ദഹിപ്പിക്കേണം എന്ന് ആർത്തുവിളിച്ചു. ഒടുവിൽ ചക്രവർത്തി അവളെ ചുട്ടുകളയുവാൻ ആജ്ഞാപിച്ചു. അങ്ങനെ അവളെ ഒരു തൂണിൽ കെട്ടി ചുറ്റും വിറക് അടുക്കി വെച്ചു. തന്നെ വിടണമേ എന്ന് ആ ഭക്ത ചുറ്റും നിന്ന പടയാളികളോട് അപേക്ഷിച്ചു. ഉടനെ തന്നെ അവളുടെ കെട്ടഴിച്ചു പുറത്തുകൊണ്ടുവന്നു. അവൾ തന്റെ ദൈവത്തെ തള്ളപ്പറയുന്നതു കേൾക്കുവാൻ ആകാംഷയോടെ കാത്തു നിന്ന ജനത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് ആ ധീരവനിത ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. യേശുക്രിസ്തുവാകുന്ന ഏക രക്ഷകനിൽ വിശ്വസിച്ച് അവനായി നിങ്ങളുടെ ഹൃദയം കൊടുക്കുവിൻ എന്ന് ഉച്ചത്തിൽ ആ ജനാവലിയെ ആഹ്വാനം ചെയ്തതിനുശേഷം സന്തോഷത്തോടെ തീയിലേക്ക് ഇറങ്ങി. ഉടനെ തന്നെ തീ അവളെ വിഴുങ്ങുകയും ചെയ്തു. അങ്ങനെ ആ ക്രിസ്തു ഭക്ത താൻ സ്നേഹിച്ച അരുമനാഥന്റെ അടുക്കലേക്ക് പോയി.



ക്രിസ്തുവിൽ വിശ്വസിച്ചു എന്ന കാരണത്താൽ ശിരഃച്ഛേദം ചെയ്യപ്പെടുന്ന
രണ്ട് വനിതകൾ

# 34

# രക്തസാക്ഷിത്വം വരിച്ച മൂന്ന് സഹോദരന്മാരും ഒരു സഹോദരിയും

റോമൻ ചക്രവർത്തിമാരിൽ ഒരാളായിരുന്ന മാർക്കസ് ഔറേലിയസിന്റെ കാലഘട്ടം ക്രിസ്ത്യാനികൾക്കു പീഢയുടെ കാലഘട്ടമായിരുന്നു. അനേക ദൈവമക്കൾ സന്തോഷത്തോടെ തങ്ങളുടെ ജീവനെ ബലിയർപ്പിച്ച് തിരശ്ശീലക്കപ്പുറം കടന്നുപോയി. ആ കൂട്ടത്തിൽ മറ്റാറസും പെർഗ്ഗമോസിലെ അറ്റാലസും, വിയന്നയിലെ സാൻറസും, കൂടെ ബ്ലാൻറിന എന്ന വനിതയും ഉണ്ടായിരുന്നു. നാലുപേരും ജയിലിലടയ്ക്കപ്പെട്ടു. രാവിലെ മുതൽ വൈകുന്നേരം വരെ വിവിധങ്ങളായ ഉപദ്രവങ്ങളിൽ കൂടി അവരെ കടത്തിവിട്ടെങ്കിലും തങ്ങളുടെ വിശ്വാസത്തിൽ നിന്നും അണുവിടപോലും പിൻമാറുവാൻ അവർ തയ്യാറായില്ല. ഏറിയ കഷ്ടതയിലും ബ്ലാൻറിന സധൈര്യം ഇപ്രകാരം പറഞ്ഞു. "ഞങ്ങൾ യേശുക്രിസ്തുവിന്റെ അനുയായികളാണ്, ഞങ്ങൾ ആർക്കും ഒരു ദോഷവും ചെയ്തിട്ടില്ല."

കുപിതരായ അധികാരസ്ഥൻ അവർ കെട്ടിവലിച്ചുകൊണ്ട് ജനലക്ഷങ്ങളുടെ മധ്യത്തിലൂടെ വധസ്ഥലത്തേയ്ക്ക് കൊണ്ടുപോയി. എന്നാൽ തങ്ങളെ കെട്ടിയിരുന്ന കയറുകളെ ആഭരണങ്ങളായി കരുതിയ അവർ മണവാളന്റെ അടുക്കലേക്ക് പോകുന്ന മണവാട്ടിയുടെ സന്തോഷത്തോടെയാണ് തെരുവിലൂടെ കടന്നുപോയത്. ഇതിൽ രോഷാകുലരായ പീഢകർ അവരെ കൈപ്പേറിയ അനവധി പീഢനങ്ങളിലൂടെ വീണ്ടും കടത്തിവിട്ടു. എന്നാൽ അവരിൽ ഒരു ഭാവഭേദവും ഉണ്ടായില്ല. ചുട്ടുപഴുത്ത ഒരു ഇരുമ്പുകസേരയിൽ ഇരുത്തിക്കൊണ്ടുള്ളതായിരുന്നു അടുത്ത പീഢനമുറ. പക്ഷേ ആ വേദനയുടെ മധ്യത്തിലും അവർ തങ്ങളുടെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും ദൈവത്തെ പാടി സ്തുതിക്കുകയും ചെയ്തു.

ഈ പീഢനമുറകളിലൊക്കെ പരാജിതരായ അവൾ അറ്റാലസ് ഒരു റോമൻ പൗരനാണെന്ന് മനസ്സിലാക്കിയതിനാൽ അദ്ദേഹത്തെ ശിരഃച്ഛേദം ചെയ്തു. സാൻറസിനെയും, മറ്റാറസിനെയും അവർ നിർദാരുണ്യം ഘോര സിംഹങ്ങളുടെ മുമ്പിൽ വലിച്ചെറിഞ്ഞു. സഹോദരൻമാർ കൺമുമ്പിൽ

വച്ച് മരിക്കുന്ന ക്രൂരമായ കാഴ്ച കാണേണ്ടിവന്ന ബ്ലാൻറിന എന്ന യുവതി വളരെ സന്തോഷവതിയായി നിലകൊണ്ടു. തുടർന്ന് അവളെ ഒരു വലയ്ക്കുള്ളിലാക്കി കാട്ടുപോത്ത് യഥേഷ്ടം കുത്തുകയും ചവിട്ടുകയും ചെയ്തു. എന്നാൽ ആ സമയമെല്ലാം അവൾ തന്റെ വേദനകൾ മറന്നുകൊണ്ട് ദൈവത്തിൽ ആനന്ദിക്കുകയായിരുന്നു. ഒടുവിൽ കാട്ടുപോത്തിന്റെ പ്രഹരമേറ്റു ഇഞ്ചിഞ്ചായി മരിക്കുകയും തന്റെ അരുമനാഥന്റെ സന്നിധിയിലേക്ക് ചേർക്കപ്പെടുകയും ചെയ്തു.

# 35

# ക്രിസ്തുവിനെ കണ്ടെത്തിയ മന്ത്രവാദികൾ

ലൂസിയനും, മാർസിയനും രണ്ട് മന്ത്രവാദികളായിരുന്നു. കൂട്ടുകാരായ ഇവർ മന്ത്രവാദം കൊണ്ടും അനേക വീര്യപ്രവർത്തികൾ കൊണ്ടും ജനങ്ങളെ കബളിപ്പിച്ചു ജീവിച്ചുപോന്നു. മന്ത്രവാദത്തിന്റെ രാജാവായ ലൂസിഫറിനെ സേവിച്ച് ജീവിതം നയിക്കുകയായിരുന്ന അവരുടെ ജീവിതത്തിൽ സമാധാനമോ, സന്തോഷമോ കണികാണാൻ പോലുമില്ലായിരുന്നു. നിരാശയും ഭീതിയും തളംകെട്ടി നിൽക്കുന്ന ഒരു നരക തുല്യമായ ജീവിതമായിരുന്നു അവർ നയിച്ചിരുന്നത്. അങ്ങനെയിരിക്കെ പാപത്തിൽ നിന്നും സ്വാതന്ത്ര്യം തരുവാൻ കഴിവുള്ള ക്രിസ്തുവിനെക്കുറിച്ച് അവർ കേൾക്കുകയും അങ്ങനെ അവർ ക്രൂശിന്റെ പടയാളികളായിത്തീരുകയും ചെയ്തു.

അതിനുശേഷം അവർ ധ്യാനത്തിനും, പഠനത്തിനുമായി കുറച്ചുനാൾ ഏകാന്തജീവിതം നയിച്ച് വനാന്തരങ്ങളിൽ താമസിച്ചു. എന്നാൽ വനാന്തര ജീവിതം കൊണ്ട് ആർക്കും ഒരു പ്രയോജനവുമില്ലെന്നു മനസ്സിലാക്കിയ അവർ താമസസ്ഥലത്തേയ്ക്കു വരികയും മുൻപ് തങ്ങൾ മന്ത്രവാദത്താൽ ചതിച്ച ആളുകളോട് ക്രിസ്തുവിനെക്കുറിച്ച് സാക്ഷിക്കുകയും ചെയ്തു.

ഈ വിവരമറിഞ്ഞ ഗവർണ്ണർ സാബിനസ്സ് അവരെ പിടിച്ചുകൊണ്ടു വരുവാൻ കല്പന പുറപ്പെടുവിച്ചു. കെട്ടപ്പെട്ടവരായി അവർ ഗവർണ്ണറുടെ മുമ്പിൽ ഹാജരാക്കപ്പെട്ടു.

മുൻപെ അവർ മന്ത്രവാദികളായിരുന്നപ്പോൾ ഭയപ്പെട്ട് അവരുടെ മുമ്പിൽ കുമ്പിട്ട് നിന്നിരുന്ന ഗവർണ്ണർ ഇപ്പോൾ അവരെ പരിഹസിക്കുവാൻ തുടങ്ങി.

നിങ്ങൾ എന്ത് അധികാരം കൊണ്ടാണ് ക്രിസ്തുവിനെ പ്രസംഗിക്കുന്നത് എന്നും നിങ്ങൾക്ക് ഈ അധികാരം തന്നത് ആരാണ് എന്നും ഗവർണ്ണർ അവരോട് ചോദിച്ചു. അതിന്, അന്ധകാരത്തിന്റെ അടിമകളെ വെളിച്ചത്തേയ്ക്ക് നയിക്കേണ്ടത് ഒരു ഭടന്റെ ചുമതലയാണെന്നും ഈ അധികാരം തന്നത് സർവ്വലോകാധിപനായ ക്രിസ്തുവാണെന്നും ലൂസിയൻ മറുപടി പറഞ്ഞു. അതിനുശേഷം, ക്രിസ്ത്യാനികളെ പീഡിപ്പിച്ച പൗലോസിനെ രക്ഷിച്ച ദൈവം സാത്താനെ സേവിച്ച ഞങ്ങളേയും രക്ഷിച്ചു എന്ന് മാർസിയനും മറുപടി പറഞ്ഞു.

ക്ഷുഭിതനായ ഗവർണ്ണർ അവരോട് ക്രിസ്തുവിനെ തള്ളിപ്പറയുവാൻ ആവശ്യപ്പെട്ടു. തങ്ങളെ സാത്താനിൽ നിന്നും രക്ഷിച്ച ദൈവത്തെ ഒരു രീതിയിലും തള്ളിപ്പറയുകയില്ലായെന്നു ആ ക്രിസ്തു ഭക്തൻ ഗവർണ്ണറോട് പറഞ്ഞു. മാത്രമല്ല മരണത്തെ തങ്ങൾക്ക് ഭയമില്ലായെന്നും പ്രഖ്യാപിച്ചു.

കോപാകുലനായ ഗവർണ്ണർ അവരെ കെട്ടി അവർക്ക് ചുറ്റും പച്ചത്തടി കൂട്ടുവാൻ കൽപിച്ചു. അതിനുശേഷം അതിൽ തീകൊളുത്തി. അങ്ങനെ ആ രണ്ടു ക്രിസ്തു ഭടൻന്മാരും പുകഞ്ഞു പുകഞ്ഞ് തങ്ങൾക്കായി ഒരുക്കിയിരുന്ന ഭവനത്തിലേയ്ക്ക് സമാധാനത്തോടും സന്തോഷത്തോടും കൂടി പ്രവേശിച്ചു.

## 36

# പട്ടിണി കിടന്നു മരിച്ച പട്ടാളക്കാർ

ഡെഷിയസ് ചക്രവർത്തി എഫെസോസ് എന്ന പട്ടണത്തിൽ ഒരു വലിയ അമ്പലം പണിതു. അതിൽ അദ്ദേഹം ഒരു വിലയ ബിംബത്തേയും പ്രതിഷ്ഠിച്ചു. എഫെസോസ് പട്ടണവാസികൾ ബിംബത്തെ വീണു നമസ്ക്കരിക്കണമെന്ന് ഒരു ആജ്ഞയും പുറപ്പെടുവിച്ചു. മാത്രമല്ല കൽപ്പന ലംഘിക്കുന്നവരെ എരിയുന്ന തീച്ചൂളയിൽ ഇട്ടുകളയുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

തുടർന്ന് ചക്രവർത്തി വളരെ ആർഭാടത്തോടെ അമ്പലത്തിൽ എഴുന്നള്ളി ബിംബത്തിന് ബലിയർപ്പിച്ചു. ഒരു വലിയ സൈന്യവും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.

ചക്രവർത്തിയുടെ പട്ടാളത്തിലെ വലിയ ഓഫീസർമാരായ മാക്സിമിനസ്, മാർട്ടിനസ്, ജോയൻസ്, മാൽക്കസ്, ഡയോനിസിസ്, കോൺസ്റ്റാൻറിനസ്സ്, സിറിയാനൻ എന്നിവർ ക്രിസ്ത്യാനികളായിരുന്നു. ചക്രവർത്തിയും മറ്റു പട്ടാളവും ബിംബത്തെ വീണു നമസ്ക്കരിച്ചപ്പോൾ ഈ ഏഴുപേർ മാത്രം ബലിയർപ്പിച്ചില്ല.

ഈ ഉദ്യോഗസ്ഥന്മാർ മിടുക്കൻമാരായതിനാൽ ഇവരെ എങ്ങനെയെങ്കിലും ഇതിൽ നിന്നും പിന്തിരിപ്പിക്കേണമെന്ന് ചക്രവർത്തി വിചാരിച്ചു. അവരോട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഞാൻ ഒരു യാത്രയ്ക്ക് പോകയാണ്. നിങ്ങൾ നന്നായി ചിന്തിക്കുക. മരിച്ച ക്രിസ്തുവിനെ തള്ളിപ്പറയുകയാണെങ്കിൽ നിങ്ങൾക്ക് ഉന്നതസ്ഥാനങ്ങൾ കൈവശമാക്കാം. അല്ലായെങ്കിൽ അഗ്നിക്ക് ഇരയാകുവാൻ തയ്യാറാകുക"

ചക്രവർത്തി യാത്രയ്ക്കു പോയിക്കഴിഞ്ഞപ്പോൾ ഇവർ പട്ടണം വിട്ടു കാട്ടിൽ ഒരു ഗുഹയ്ക്കുള്ളിൽ അഭയം പ്രാപിച്ചു. ഡെഷിയസ് ചക്രവർത്തി തിരിച്ചു വന്നപ്പോൾ വിശ്വാസം ത്യജിക്കുവാൻ മനസ്സില്ലാതെ ആ ഏഴു പട്ടാളക്കാരും ഒരു ഗുഹയ്ക്കുള്ളൽ ഒളിച്ചിരിക്കുകയാണ് എന്ന് അറിയുവാൻ ഇടയായി.

ഉടൻ തന്നെ ചക്രവർത്തി ആ ഗുഹയുടെ വാതിൽ അടപ്പിച്ചു. ആ ഏഴു ധീര പടയാളികൾ പട്ടിണികിടന്ന് തങ്ങൾക്കുവേണ്ടി ജീവൻവെച്ചു കൊടുത്ത കർത്താവിന്റെ സന്നിധിയിൽ എത്തി.

# 37

## അഗതാ

സിസിലിയ എന്ന പട്ടണത്തിൽ ഒരു ക്രൈസ്തവ കുടുംബത്തിൽ അഗതാ എന്ന പെൺകുട്ടി ജനിച്ചു. വളരെ സുന്ദരിയായ അഗതായെക്കുറിച്ച് അന്നത്തെ ഗവർണ്ണറായിരുന്ന ക്വാൻറിയാൻസിന് അറിവുകിട്ടി. അവളെ വിവാഹം കഴിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. തുടർന്ന് അവളെ അദ്ദേഹത്തിന്റെ വസതിയിലേയ്ക്ക് വരുത്തുകയും അവളുടെ മതം ഉപേക്ഷിച്ച് തന്നെ വിവാഹം കഴിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തു. കർത്താവിനെ ഉപേക്ഷിച്ചാൽ അവളുടെ ആഗ്രഹങ്ങളെയെല്ലാം നിറവേറ്റിക്കൊടുക്കാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. പക്ഷേ അഗതാ അതിനു തയ്യാറായില്ല.

തന്റെ ഹിതത്തിന് അവൾ വഴങ്ങാത്തതിനാൽ ഗവർണ്ണർക്ക് സ്നേഹത്തിനു പകരം അവളോട് വൈരാഗ്യം ഉണ്ടായി. എങ്ങനെയെങ്കിലും അവളെ ഉപദ്രവിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. മാത്രമല്ല അതിക്രൂരമായ നിലയിൽ അവളെ പീഡിപ്പിച്ച് കൊലപ്പെടുത്തുവാൻ ഗവർണ്ണർ വിധിയെഴുതുകയും ചെയ്തു,

ചാട്ടവാറുകൊണ്ടുള്ള മർദ്ദനത്തിൽ അവളുടെ പൂമേനി കീറപ്പെട്ടു. രക്തം ധാരധാരയായി ഒഴുകി. അടിയാൽ തന്റെ ശരീരം വീരൂപമാക്കപ്പെട്ടുവെങ്കിലും അഗതായുടെ മുഖതേജസ്സിന് ഒരു കുറവും ഉണ്ടായില്ല. വളരെ സന്തോഷത്തോടെ ആ പീഡനങ്ങളെല്ലാം അവൾ സഹിച്ചു. തന്റെ സ്വർഗ്ഗീയ മണവാളന്റെ അടുക്കൽ വേഗം എത്തുമല്ലോ എന്നവൾ ആശ്വസിച്ചു.

ക്രൂരമായി ഉപദ്രവിച്ചിട്ടും കർത്താവിനെ തള്ളിപ്പറയാത്തതിനാൽ പടയാളികൾ അവളുടെ മുന്നിൽ ഒരു അഗ്നി കുണ്ഡം ഉണ്ടാക്കി. അതിനുശേഷം അഗതായെ ആ ഭയങ്കരമായ തീയിലേയ്ക്ക് വലിച്ചെറിഞ്ഞു. അങ്ങനെ ആ ധീരവനിത പദവിയും, ശ്രേയസ്സുമുള്ള ഗവർണ്ണറെ തള്ളിക്കളഞ്ഞിട്ട് താൻ സ്നേഹിച്ച ആത്മ മണവാളന്റെ അടുക്കൽ സന്തോഷത്തോടെ എത്തിച്ചേർന്നു.

# 38

## ഒറിഗൻ

അലക്സാണ്ട്രിയയിലെ ഒരു വേദശാസ്ത്ര പണ്ഡിതനും ഉപദേഷ്ടാവുമായിരുന്നു ഒറിഗൻ.

പിതാവായ ലിയോനിഡസ് രക്തസാക്ഷി മരണം വരിച്ചതിനെത്തുടർന്ന് കുടുംബത്തിന്റെ ചുമതല ഒറിഗനിലായി. അനേകം പുസ്തകങ്ങൾ എഴുതിയിരുന്നതിനാൽ അവ വിറ്റ് അദ്ദേഹം തന്റെ ആറു സഹോദരങ്ങളെയും പോറ്റിപ്പുലർത്തി.

66-ാമത്തെ വയസ്സിൽ അദ്ദേഹത്തെ ക്രിസ്തു വിരോധികൾ പിടിച്ചു ജയിലിലടച്ചു. ഇത്ര പണ്ഡിതനായിരുന്നിട്ടും അദ്ദേഹത്തോട് കരുണയുടെ ഒരു കണികപോലും അവർ കാട്ടിയില്ല. അവർ അദ്ദേഹത്തിന്റെ കൈകാലുകളെ ബന്ധിച്ച് ഇരുട്ടറയിൽ ഇട്ടു.

ഒരു നിലയിലും ക്രിസ്തുവിനെ തള്ളിപ്പറയുകയില്ല എന്നു മനസ്സിലാക്കിയ പടയാളികൾ അദ്ദേഹത്തിന്റെ കാലുകളെ രണ്ടു തൂണുകളിലായി വലിച്ചുകെട്ടി. എന്നിട്ടും വിശ്വാസത്തിൽ നിന്നും അണുവിടപോലും വ്യതിചലിക്കുകയില്ല എന്നു ഗ്രഹിച്ച അവർ തീകൊണ്ട് അദ്ദേഹത്തിന്റെ ശരീരത്തെ പൊള്ളിച്ചു. എന്നാൽ എത്രമാത്രം ആ ക്രിസ്തുവിരോധികൾ അദ്ദേഹത്തെ പീഡിപ്പിച്ചുവോ അത്രമാത്രം ആ ക്രിസ്തു ഭക്തന്റെ മുഖശോഭ വർദ്ധിച്ചു.

ഈ സമയത്ത് ഒറിഗനെ പീഡിപ്പിച്ച ചക്രവർത്തിയായ സിഡിയസ് മരിക്കുകയും തത്ഫലമായി ഒറിഗൻ സ്വതന്ത്രനാവുകയും ചെയ്തു. തുടർന്ന് തനിക്ക് കിട്ടിയ അവസരങ്ങളെല്ലാം അദ്ദേഹം കർത്താവിനായി ചില വഴിച്ചു. 69-ാമത്തെ വയസ്സിൽ അദ്ദേഹം സ്വാഭാവിക മരണം വരിച്ചു.

# 39

# സുന്ദരിയായ തിയോഡറസും, ദിദിമോസും

അന്ത്യോക്യയിൽ ജനിച്ച തിയോഡറസ് ഒരു സുന്ദരിയും സുശീലയുമായിരുന്നു അന്യദൈവങ്ങളെ സേവിച്ചു പോന്നിരുന്ന അവൾക്ക് ക്രിസ്ത്യാനികളുടെ സാക്ഷ്യവും അവർ സന്തോഷത്തോടെ അനുഭവിച്ചിരുന്ന പീഢനങ്ങളെയും കാണുവാൻ ഇടയായി. അവരിൽ നിന്ന് ക്രിസ്തുവിനെക്കുറിച്ച് വ്യക്തമായറിഞ്ഞ അവളും ഒരു ക്രിസ്തു ഭക്തയായിത്തീർന്നു.

ഈ വാർത്തയറിഞ്ഞ ചക്രവർത്തി അവളോട് റോമൻ ദേവൻമാരെ ആരാധിക്കുവാൻ കല്പിച്ചു. എന്നാൽ അവൾ അവളുടെ വിശ്വാസം കൈവിടുകയില്ലെന്നറിഞ്ഞ ചക്രവർത്തി അവളെ കാരാഗൃഹത്തിലടയ്ക്കുവാൻ കല്പന പുറപ്പെടുവിച്ചു. വിവരമറിഞ്ഞ അവളുടെ പ്രതിശ്രുതവരനായ ദിദിമോസ് എന്ന പടയാളി കാരാഗൃഹത്തിൽ അവളുടെ അടുത്തുചെന്നു. അവളെ ദിദിമോസിന്റെ വസ്ത്രം ധരിപ്പിച്ചു പുറത്തിറക്കി. എന്നാൽ സത്യാവസ്ഥ ചക്രവർത്തിയുടെ കാതുകളിൽ എങ്ങനെയോ എത്തി. കോപാകുലനായ അദ്ദേഹം ദിദിമോസിനെ കൊല്ലുവാൻ കൽപ്പിച്ചു. എന്നാൽ ദിദിമോസിനെ കൊല്ലുവാൻ വേണ്ടി കൊലക്കളത്തിലേക്ക് കൊണ്ടുപോകുമ്പോൾ തിയോഡറസ് ചക്രവർത്തിയോട് താൻ തെറ്റുകാരിയാണെന്നും ദിദിമോസിനെ വിടണമെന്നും കേണപേക്ഷിച്ചു. ആ സമയത്ത്, വിശ്വാസം തള്ളിപ്പറഞ്ഞാൽ രണ്ടുപേരെയും വെറുതെ വിടാമെന്ന് ചക്രവർത്തി കൽപ്പിച്ചു. എന്നാൽ രണ്ടുപേരും അതിനു തയ്യാറായില്ല. തത്ഫമായി രണ്ടുപേരുടെയും തലവെട്ടാൻ ചക്രവർത്തി കൽപ്പിച്ചു. അങ്ങനെ അവർ ഒന്നിച്ച് തങ്ങൾക്കായി ഒരുക്കിയ നിത്യഭവനത്തിലേയ്ക്ക് പ്രവേശിച്ചു.

# 40

## രണ്ടു വധൂവരന്മാർ

അസ്റ്റേറിയസ് എന്ന റോമൻ പൗരന് രണ്ട് പെൺമക്കൾ ഉണ്ടായിരുന്നു. അവർ സുന്ദരികളും, വിശ്വാസസമ്പന്നരും ആയിരുന്നു. അവരിൽ മൂത്തവളായ റൂജിനയുടെ വിവാഹം അർമൻഡേറിയസ് എന്ന ക്രിസ്തീയ യുവാവുമായും, ഇളയവളായ സെക്കുന്ദയുടെ വിവാഹം വേറിസ് എന്ന യുവാവുമായും നടത്തുവാൻ തീരുമാനിച്ച് ഉറപ്പിച്ചു.

ആ സമയത്ത് ക്രിസ്തീയ പീഢ ഉണ്ടായി. പീഢനത്തെ ഭയന്ന രണ്ടു യുവാക്കന്മാരും ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ് അന്യ ദൈവത്തെ നമസ്കരിച്ചു. മാത്രമല്ല തങ്ങളുടെ പ്രതിശ്രുത വധുക്കളോട് കർത്താവിനെ തള്ളിപ്പറയുവാൻ പ്രേരിപ്പിപ്പിക്കുകയും ചെയ്തു.

എന്നാൽ ഈ സഹോദരിമാർ അവരുടെ വിശ്വാസം മുറുകെപിടിച്ചു. എങ്കിലും മറ്റുള്ള ദൈവമക്കളുടെ ഉപദേശ പ്രകാരം റോമിൽ നിന്ന് അകലെ ഒരു സ്ഥലത്തേക്ക് രക്ഷപെടാനായി അവർ ശ്രമിച്ചു. എന്നാൽ വഴിയിൽവച്ച് അവരെ കണ്ടുപിടിക്കുകയും തിരിച്ച് റോമിലേയ്ക്കു കൊണ്ടുവരികയും ചെയ്തു.

യുവതികളുടെ മനം തിരിക്കുവാൻ ഗവർണ്ണർ ആവുന്നത്ര ശ്രമിച്ചു. ഫലമില്ല എന്ന് മനസ്സിലാക്കിയപ്പോൾ ഉപദ്രവിക്കുവാൻ തുടങ്ങി. പീഢനത്തിന്റെ മധ്യത്തിൽ ധൈര്യസമേതം നിന്ന ധീര വനിതകൾ വിശ്വാസത്തിൽ നിന്നും പിൻമാറുകയില്ല എന്നു ബോധ്യമായ ഗവർണ്ണർ അവരെ ശിരഃച്ഛേദം ചെയ്തു.

അങ്ങനെ ആ വനിതകൾ തങ്ങൾക്കായി ഒരുക്കിയിരുന്നു പുതിയ ഭവനത്തിൽ അവരുടെ ആത്മ മണവാളന്റെ അടുക്കലെത്തി.

# 41

## ലോറൻസ്

ലോറസിന്റെ ആത്മീയ പിതാവായിരുന്ന ടെക്സസിനെ കൊല നില ത്തേയ്ക്ക് കൊണ്ടുപോകുമ്പോൾ ശിഷ്യനായ ലോറൻസും അദ്ദേഹ ത്തെ പിൻതുടർന്നു. അതിദുഃഖത്തോടെ അദ്ദേഹം ഗുരുവിനോട് ഇപ്രകാരം ആരാഞ്ഞു, "ഈ മകനെ ഒറ്റയ്ക്കു വിട്ടേച്ചുപോകാൻ ഞാൻ അങ്ങയോട് എന്തുതെറ്റ് ചെയ്തു! ഞാൻ അങ്ങേയ്ക്കു യോഗ്യനായ ശിഷ്യനാണോ എന്നു ഒന്നു പരീക്ഷിച്ചു നോക്കിയാലും." ഗുരു ശിഷ്യനെനോക്കി ഇപ്ര കാരം പ്രതിവചിച്ചു. "മകനേ നിന്റെ യോഗ്യതയ്ക്കനുസരിച്ച് ഇതിലും വിലയേറിയ ഒന്ന് നിനക്കായി ഒരുക്കിയിട്ടുണ്ട്. പോരായ്മകളുള്ള ഒരു ബലഹീനനാണു ഞാൻ. മകനേ! മൂന്നു ദിവസത്തിനകം നീയും എന്റെ പിന്നാലെ വരും" ധൈര്യത്തോടെ ആ ആത്മിയ പിതാവ് തിരശ്ശീലക്കപ്പുറം കടന്നുപോയി.

വലേറിയൻ ചക്രവർത്തിയുടെ കീഴിൽ റോമിലെ ഗവർണ്ണറായിരുന്ന മാട്രിയാനസിന് റോമിലെ ക്രിസ്തീയ വക ഭണ്ഡാരത്തെക്കുറിച്ച് അറിവു കിട്ടി. ഭണ്ഡരവകയെല്ലാം ലോറൻസിന്റെ അധീനതയിലാണെന്നു മനസ്സി ലാക്കിയ ഗവർണ്ണർ അദ്ദേഹത്തെ ബന്ധിച്ചുകൊണ്ടുവരുവാൻ ആജ്ഞ പുറപ്പെടുവിച്ചു. അധികൃതർ ലോറൻസിനെ വലിച്ചിഴച്ച് ഗവർണ്ണറുടെ മുമ്പിൽ ഹാജരാക്കി.

ലോറൻസിനെ കണ്ട ഗവർണ്ണർ പൗരുഷസ്വരത്തോടു ചോദിച്ചു "നിങ്ങൾക്ക് ധാരാളം ധനം ഉണ്ടെന്നു കേൾക്കുന്നു. അത് ശരിയാണോ?" സൗമ്യതയോടെ ലോറൻസ് മറുപടി പറഞ്ഞു "അത് ശരിയാണ് വില യേറിയ ഒരു ധനം സഭയ്ക്കുണ്ട്". അൽപം ഗൗരവത്തോടെ ഗവർണ്ണർ, ധനമെല്ലാം തന്റെ മുന്നിൽ കൊണ്ടുവരുവാൻ കൽപിച്ചു. മൂന്നു ദിവസ ത്തിനകം കൊണ്ടുവരാം എന്ന് ലോറൻസും വാഗ്ദാനം ചെയ്തു.

സംതൃപ്തനായ ഗവർണ്ണർ ലോറൻസിനെ വിട്ടയച്ചു. മൂന്നു ദിവസ ത്തിനുശേഷം ഗവർണ്ണറും പടയാളികളും ലോറൻസിന്റെ ആരാധനാ സ്ഥലത്തേക്ക് കടന്നുചെന്നു. തന്നെ കാത്തു നിൽക്കുന്ന അതിഥികളെ ലോറൻസ് വളരെ വിനയത്തോടെ സ്വീകരിച്ച് ഉൾമുറിയിലേയ്ക്കു കൂട്ടി

ക്കൊണ്ടുപോയി ധനമോഹത്താൽ അന്ധനായ ഗവർണ്ണർ തനിക്ക് ധനം ഇപ്പോൾ കിട്ടുമെന്നു കരുതി. ആകാംക്ഷയോടെ അകത്തേക്ക് പ്രവേശിച്ചു. എന്നാൽ മുറിയ്ക്കുള്ളിൽ വരിവരിയായി നിൽക്കുന്ന കുഞ്ഞുങ്ങളെയും, വിധവമാരെയും കണ്ട് അയാൾ അമ്പരന്നുപോയി. കുപിതനായ ഗവർണ്ണർ "നീ എന്നെ പരിഹസിക്കുകയണോ? ഏൽപ്പിച്ചു തരാമെന്നു പറഞ്ഞ നിക്ഷേപങ്ങൾ എവിടെ?". എന്നു ചോദിച്ചു. ശാന്തസ്വരത്തിൽ ലോറൻസ് പറഞ്ഞു, "അങ്ങയുടെ മുന്നിൽ നിൽക്കുന്ന ഈ ജനങ്ങളാണ് സഭയുടെ സാക്ഷാൽ സമ്പത്ത്".

അപമാനിതനായ ഗവർണ്ണർ ലോറൻസിനെ കാരാഗൃഹത്തിലടയ്ക്കുവാൻ കൽപ്പന പുറപ്പെടുവിച്ചു. അതിനുശേഷം കുണ്ഠത്തിൽ തീ കൂട്ടി, തീയുടെ മുകളിൽ ഒരു ഇരുമ്പ് കട്ടിൽ വച്ചു. ലോറൻസിനെ നഗ്നനാക്കി അതിൻമേൽ കിടത്തി. ലോറൻസ് സാവധാനത്തിൽ മൃതിയടയുന്ന കാഴ്ച കണ്ട് രാജാവ് രസിച്ചുകൊണ്ടിരുന്നു. എന്നാൽ ആ ക്രിസ്തു ഭക്തനാകട്ടെ മരിക്കുന്നതുവരെയും സഭയുടെ നിലനിൽപിനു വേണ്ടിയും പട്ടണം മുഴുവനും കർത്താവിനെ അറിയുന്നതിനുവേണ്ടിയും പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

അന്തിമ നിമിഷത്തിൽ ലോറൻസ് തന്റെ കൈകളെ സ്വർഗ്ഗത്തിലേക്കുയർത്തി പിതാവേ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഏല്പിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ജീവനെവെടിഞ്ഞു. ഈ കാഴ്ച കണ്ടുകൊണ്ട് നിന്നിരുന്ന ഒരു റോമൻ പടയാളി ക്രിസ്ത്യാനിയായിത്തീർന്നു. ഇതു പ്രസിദ്ധമായപ്പോൾ അദ്ദേഹത്തേയും പിടിച്ചു ശിരഃച്ഛേദം ചെയ്തു.

**42**

# സിപ്രിയൻ

വടക്കെ ആഫ്രിക്കയിൽ സാമ്പത്തികമായി നല്ല നിലവാരം പുലർത്തിയിരുന്ന ഒരു അക്രൈസ്തവ കുടുംബത്തിലായിരുന്നു സിപ്രിയൻ ജനിച്ചു വളർത്തപ്പെട്ടത്. ഒരു പ്രഗൽഭ വാഗ്മിയായിരുന്നതിനാൽ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ ജനങ്ങൾ തിങ്ങിക്കൂടുക പതിവായിരുന്നു.

ധനികനായ സിപ്രിയൻ മോടിയുള്ള വസ്ത്രം ധരിച്ച്, സുഖഭോജനവും കഴിച്ച് ആർഭാടമായി ജീവിക്കുകയായിരുന്നു. ലൗകികസുഖം മാത്രം ലക്ഷ്യമാക്കിയിരുന്ന അദ്ദേഹത്തിന്റെ മുദ്രാവാക്യം തിന്നുക, കുടിക്കുക,

ആനന്ദിക്കുക എന്നതായിരുന്നു.


എന്നാൽ സിവില്ലാസ് എന്ന ഒരു ദൈവദാസൻ സിപ്രിയനോടു സുവിശേഷം പറയുകയും അങ്ങനെ അദ്ദേഹം രക്ഷിക്കപ്പെടുകയും ചെയ്തു. അതിനുശേഷം തന്റെ ജീവിതമാകെ വ്യത്യാസപ്പെട്ടു. തിരുവെഴുത്ത് നന്നായി പഠിച്ച് ശിഷ്ടായുസ്സ് കർത്താവിനായി ജീവിക്കേണം എന്ന പ്രതിഷ്ഠയോടുകൂടി അദ്ദേഹം സ്നാനപ്പെട്ടു. തന്റെ സമ്പത്തെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുകയും സാധാരണ വസ്ത്രം ധരിച്ച് സാധാരണക്കാരൻ ജീവിക്കുന്നതുപോലെ ജീവിക്കുവാൻ തീരുമാനിക്കയും ചെയ്തു.

തടർന്ന് സിപ്രിയൻ ഒരു സഭാ ശുശ്രൂഷകനായി. എന്നാൽ തന്റെ വിശുദ്ധ ജീവിതം കണ്ട പുറജാതികൾ അദ്ദേഹത്തെ ഒറ്റിക്കൊടുത്തു. ഒരിക്കൽ ജനങ്ങളാൽ ബഹുമാനിക്കപ്പെട്ട സിപ്രിയൻ ഒരു ക്രിസ്ത്യാനി യായെന്ന കാരണത്താൽ ജനങ്ങൾക്കു നിന്ദിതനായിത്തീർന്നു. അദ്ദേ ഹത്തെ കൊന്നുകളയുക എന്നു ജനം ആർത്തുവിളിച്ചു.

ഡെഷിയസ്സ് ചക്രവർത്തി സിപ്രിയന് എതിരായി ഒരു വിധി പാസ്സാക്കി. അദ്ദേഹത്തെയും, സിസില്ലസിനെയും കൊല്ലുവാൻ തീരുമാനിച്ചു. ഇത റിഞ്ഞ സിപ്രിയൻ വനാന്തരങ്ങളിൽ അഭയംപ്രാപിച്ചു. അദ്ദേഹത്തോ ടൊപ്പം അനേകം ക്രിസ്ത്യാനികളും ഉണ്ടായിരുന്നു. അവർ ഒരുമിച്ച് ഒരു സംഘമായി വനത്തിൽ കൃഷിചെയ്യുകയും, കർത്താവിനെ ആരാധി ക്കുകയും, തിരുവചനം പഠിക്കുകയും ചെയ്തുകൊണ്ടിരുന്നു.

അങ്ങനെ രണ്ടുവർഷം കടന്നുപോയി. ആ സമയം കാർത്തേജിൽ ഒരു മഹാമാരി കടന്നുപിടിക്കുകയും അനേകായിരങ്ങൾ മരണമടയുകയും ചെയ്തു. തങ്ങളുടെ ഗ്രാമവാസികൾ മരിക്കുന്നു എന്ന വാർത്തകേട്ട ഇവർ സഹായത്തിനെത്തി. തങ്ങൾക്കു ശത്രുക്കളായ ഗ്രാമവാസികളെ സ്നേഹിക്കുകയും അവരെ ശുശ്രൂഷിക്കുകയും ചെയ്തു. തങ്ങളെ ആരും സഹായിക്കുവാൻ ഇല്ലാതിരുന്ന ഇരുളടഞ്ഞ പ്രസ്തുത സാഹചര്യത്തിൽ വെളിച്ചവുമായി അവർ നിന്നു. മഹാമാരി അടങ്ങിയപ്പോൾ ദുഷ്ടന്മാർ വീണ്ടും ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാൻ തുടങ്ങി. മഹാമാരിയുടെ കാരണക്കാർ ക്രിസ്ത്യാനികളാണെന്നും ദേവന്മാരുടെ കോപത്താലാണ് മഹാമാരി ഉണ്ടായതെന്നും അവർ അഭിപ്രായപ്പെട്ടു.

തുടർന്ന് സിപ്രിയനെ അവർ നാടുവാഴിയുടെ മുമ്പിൽ ഹാജരാക്കി. നാടുവാഴി അദ്ദേഹത്തോട് ബലികഴിക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ താൻ ഒരുനാളും ബലികഴിക്കുകയില്ല എന്ന് സിപ്രിയൻ മറുപടി പറഞ്ഞു.



സ്പാനിഷ് ജയിലിൽ ക്രൂരമർദ്ദനത്തിന് വിധേയനാകുന്ന ക്രിസ്തുവിശ്വാസി

"നീ നല്ലവണ്ണം ചിന്തിക്കുക; നിന്റെ ജീവനെ നഷ്ടമാക്കുന്നത് എന്തിനാണ് എന്ന് നാടുവാഴി വീണ്ടും ചോദിച്ചു". "എന്നെ ചോദ്യംചെയ്ത് വെറുതെ സമയം കളയാതെ നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയതുകൊൾവിൻ; ഞാൻ കർത്താവിന്റെ വകയാണ്" എന്നതായിരുന്നു സിപ്രിയന്റെ മറുപടി.

തന്നെ ശിരഃച്ഛേദം ചെയ്യുവാൻ നാടുവാഴി കൽപ്പന പുറപ്പെടുവിച്ചു എന്ന് കേട്ട സിപ്രിയൻ സ്തോത്രം എന്നാണ് പറഞ്ഞത്. അതിനുശേഷം അദ്ദേഹം മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കവെ അദ്ദേഹത്തിന്റെ ശിരസ്സിനെ പടയാളികൾ വെട്ടിയെടുത്തു. അനേക ദൈവമക്കൾ അവിടെ തിങ്ങിക്കൂടിയിരുന്നു. അങ്ങനെ അദ്ദേഹം മഹത്വത്തിലേക്ക് ചേർക്കപ്പെട്ടു.

# 43

## യുജിനിയ

അലക്സാണ്ട്രിയയിലെ ഗവർണ്ണറായ ഫിലിപ്പോസിന് യുജിനിയ എന്ന സുന്ദരിയും സുശീലയുമായ ഒരു മകൾ ഉണ്ടായിരുന്നു. അവളുടെ ഭവനത്തിലെ ഒരു അടിമ ക്രിസ്ത്യാനിയായിരുന്നു. യുജിനിയയെ കാണുമ്പോഴെല്ലാം ആ ക്രിസ്ത്യാനിയായ അടിമ അവളോട് കർത്താവിനെക്കുറിച്ച് പറയുമായിരുന്നു. അങ്ങനെ തുടർച്ചയായി യേശുക്രിസ്തുവിനെക്കുറിച്ച് കേട്ട യുജിനിയ ഒരു ക്രിസ്ത്യാനിയായിത്തീർന്നു.

അവളുടെ മാനസാന്തരം പിതാവ് അറിഞ്ഞാലുണ്ടാകുന്ന ഭവിഷത്തുക്കളെക്കുറിച്ച് മനസ്സിലാക്കിയ അവൾ ആരും അറിയാതെ ഭവനത്തിൽ നിന്നും ഒളിച്ചോടി. ഒരു പുരുഷവേഷത്തിൽ അന്നത്തെ സഭാപരിപാലകനായിരുന്ന ഹെലനസിന്റെ ആശ്രമത്തിലെത്തിച്ചേർന്നു. യുജിനിയസ്സ് എന്നപേരിൽ അവൾ ആശ്രമത്തിൽ താമസമാരംഭിച്ചു. ആ സമയത്ത് ആശ്രമനേതാവ് മരിക്കുകയും തൽസ്ഥാനത്ത് യൂജീനിയസ്സിനെ തെരഞ്ഞെടുക്കുകയും ചെയ്തു.

യുജിനിയസ്സിന്റെ പ്രാർത്ഥനയുടെ ഫലമായി രോഗിയായിരുന്ന മെലനിയ എന്ന പുറജാതിക്കാരിയുടെ അസുഖം മാറി. തത്ഫലമായി അവളും യുജിനിയസ്സിന്റെ ദൈവത്തിൽ വിശ്വാസമർപ്പിച്ചു. തന്നെ വിവാഹം കഴിക്കേണമെന്ന് അവൾ യുജിനിയസ്സിനോട് അഭ്യർത്ഥിച്ചു. എന്നാൽ

യുജീനിയസ്സ് അതിനു വഴങ്ങിയില്ല. തന്റെ ആഗ്രഹം സാധിക്കുകയില്ല എന്നുകണ്ട മെലനിയ തനിക്കു ലഭിച്ച നൻമ മറന്ന്, ആശ്രമവാസികളെയും, യുജിനിയസ്സിനെയും ഗവർണ്ണർക്ക് ഒറ്റിക്കൊടുത്തു. ഭാഗ്യമെന്നു പറയട്ടെ അവരെ വിസ്തരിച്ചിരുന്നത് യുജിനിയസ്സിന്റെ പിതാവ് തന്നെയായിരുന്നു.

യുജിന തന്റെ പിതാവിന്റെ സന്നിധിയിൽ തന്നെത്താൻ വെളിപ്പെടുത്തി. കാണാതെപോയ മകളെ കണ്ടുകിട്ടിയതിൽ ഗവർണ്ണർ അത്യന്തം സന്തോഷിച്ചു. അവൾ ഇത്ര ധൈര്യത്തോടെ ആർക്കുവേണ്ടി കഷ്ടത സഹിച്ചുവോ ആ കർത്താവിനെക്കുറിച്ച് അറിയുവാൻ ആ പിതാവ് ആഗ്രഹിച്ചു. താമസിയാതെ തന്നെ അദ്ദേഹം തന്റെ മകളുടെ ദൈവത്തെ കണ്ടെത്തുകയും ചെയ്തു.

ഈ വാർത്തയറിഞ്ഞ ചക്രവർത്തി ഗവർണ്ണറെ കൊല്ലുവാൻ ആജ്ഞ പുറപ്പെടുവിച്ചു. വളരെ ധൈര്യത്തോടെ ആ പിതാവ് ശിക്ഷ സ്വീകരിക്കുകയും മകൾക്കു മുൻപായി കർത്തൃസന്നിധിയിൽ ചേർക്കപ്പെടുകയും ചെയ്തു.

പിതാവിന്റെ മരണശേഷം യുജിനിയ തന്റെ കൂട്ടുകാരായ പ്രോത്തിയസിനോടും, ഹൈസിന്തസിനോടും ഒരുമിച്ച് റോമിലേക്കുപോയി. എന്നാൽ അവിടെവച്ച് സുവിശേഷവിരോധികൾ അവളെ പിടിക്കുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. അതിനുശേഷം ആ മൂന്നുപേരുടെയും കഴുത്തിൽ കല്ലുകെട്ടി അവരെ ടൈബർ നദിയിലേയ്ക്ക് എറിഞ്ഞുകളഞ്ഞു. അങ്ങനെ കഷ്ടതനിറഞ്ഞ അവരുടെ ഇഹലോകവാസം അവസാനിക്കുകയും സന്തോഷ നാട്ടിലേക്ക് പ്രവേശിക്കുകയും ചെയ്തു.

# 44

# ബധിരയായ സോയേ

റോമൻ കാരാഗൃഹത്തിലെ ജയിലറും ഭാര്യയായ സോയെയും സുഖമായി ജീവിക്കുകയായിരുന്നു. എന്നാൽ സോയേ എന്ന യുവതി ഒരു ബധിരയായിരുന്നു. കരാഗൃഹത്തിൽ അനേകം കുറ്റവാളികൾ വരുകയും പോവുകയും ചെയ്തുകൊണ്ടിരുന്നു. ഈ സമയത്ത് ചക്രവർത്തിയുടെ പീഢനഫലമായി അനേക വിശ്വാസികളും ജയിലിൽ വരുവൻ ഇടയായി. എന്നാൽ അവരുടെ ഭാഷയും, ജീവിതശൈലിയും മറ്റുള്ളവരിൽ നിന്നും

തികച്ചും വിഭിന്നമായിരുന്നു. മാത്രമല്ല അവരുടെ സന്തോഷവും, സമാധാനവും നിസ്തുലമായിരുന്നു.

പീഢനങ്ങളെ ഈ ക്രിസ്തുവിശ്വാസികൾ നിശബ്ദമായി സഹിച്ചു. ഒരു തെറ്റും ചെയ്യാതെ അവർ സന്തോഷത്തോടെ പീഢനങ്ങൾ ഏറ്റു വാങ്ങുന്നതു കണ്ട സോയേയ്ക്ക് അവരിൽ എന്തോ പ്രത്യേകയുണ്ടെന്ന് മനസ്സിലായി. മാത്രമല്ല അവരുടെ മാഹാത്മ്യത മനസ്സിലാക്കുവാൻ അവൾ ആഗ്രഹിക്കുകയും ചെയ്തു. തുടർന്ന് അവൾ ആംഗ്യഭാഷയിൽ അവരോട് ആരാഞ്ഞു. ആ ദൈവമക്കൾ ആംഗ്യഭാഷയിൽതന്നെ ക്രിസ്തുവിനെക്കുറിച്ച് അവൾക്ക് പറഞ്ഞുകൊടുത്തു. അങ്ങനെ ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് ബോദ്ധ്യമായ സോയേ തന്നെ സ്നേഹിച്ച കർത്താവിനുവേണ്ടി ഹൃദയം കൊടുത്തു.

പീഢനങ്ങളുടെ നടുവിൽ ശക്തിയോടെ നിൽക്കുവാൻ അവൾക്ക് ധൈര്യം കിട്ടേണ്ടതിന് ആ ദൈവമക്കൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആ സമയം എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് അവൾ ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. ഇത് കണ്ട ഭർത്താവും കർത്താവിനായി ഹൃദയത്തെ കൊടുത്തു. ഈ സംഭവം കാട്ടുതീ പോലെ പടർന്നു.

ക്രിസ്തു വിരോധികൾ ഈ ദൈവമക്കളെ ന്യായാധിപന്റെ അടുക്കൽ കൊണ്ടുവന്നു. റോമൻ യുദ്ധദേവതയായ മാർസിനു യാഗം കഴിക്കുവാൻ ന്യായാധിപൻ അവരോട് ആജ്ഞാപിച്ചു. എന്നാൽ തന്നെ സ്നേഹിച്ച ക്രിസ്തുവിൽ അവൾ ഉറച്ചുനിന്നു. അവളെ ദൈവസ്നേഹത്തിൽ നിന്നും വേർതിരിക്കുവാൻ ഒരു ശക്തിക്കും കഴിഞ്ഞില്ല.

ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ് ദേവതയെ ആരാധിക്കാത്തതിന്റെ കാരണത്താൽ പടയാളികൾ അവളെ ഒരു മരത്തിൽ കെട്ടിയിട്ടതിനുശേഷം താഴെ പച്ച വൈക്കോൽ കൂട്ടി തീ കൊളുത്തി. അങ്ങനെ പുകഞ്ഞു പുകഞ്ഞു അവൾ തന്റെ ജീവിതം കർത്താവിന്റെ കൈയിൽ സമർപ്പിച്ചു. തുടർന്ന് അവളുടെ ഭർത്താവിനെ കല്ലുകെട്ടി നദിയിലേയ്ക്ക് എറിഞ്ഞു കളഞ്ഞു.

അങ്ങനെ അവർ സ്നേഹിച്ച ആത്മനാഥന്റെ മാർവ്വിൽ അവരിരുവരും അഭയം പ്രാപിച്ചു.



ലോറൻസ് സാൻഡറുടെ രക്തസാക്ഷി മരണം

# 45

# ഇരട്ടകളായ മാർക്കസും, മാർസെലിയാനസും

റോമിലെ ഒരു ഉന്നത കുടുംബത്തിൽ മാർക്കസും, മാർസെലിയാനസും ഇരട്ടകളായി പിറന്നു. ജാതികളായ ഇവർ അന്യ ദൈവങ്ങളെയായിരുന്നു ആരാധിച്ചിരുന്നത്.

എന്നാൽ അവരുടെ സ്വാമിമാരിൽ നിന്നും ക്രിസ്തുവിനെക്കുറിച്ച് കേൾക്കുവാനും തുടർന്ന് ക്രിസ്ത്യനികളായിത്തീരുവാനും രണ്ടുപേർക്കും ഇടയായി. ആ സമയത്തായിരുന്നു ഡയോക്ലിഷ്യൻ ചക്രവർത്തി ക്രൈസ്ത വപീഡ ആരംഭിച്ചത്. ക്രിസ്തുവിരോധികൾ ഇവരെ രണ്ടുപേരെയും പിടിച്ച് ക്രൂരമായി മർദ്ദിച്ചു. മാത്രമല്ല ശിരഃച്ഛേദം ചെയ്യുവാൻ വേണ്ടി കാരാഗൃഹ ത്തിലടയ്ക്കുകയും ചെയ്തു.

മാർക്കസും, മാർസെലിയാനസും താമസിയാതെ തന്നെ കൊല്ലപ്പെടും എന്ന വാർത്ത കേട്ട ബന്ധുജനങ്ങളും, സ്നേഹിതന്മാരും ന്യായാധിപനോട് ഒരു മാസത്തെ അവധിയ്ക്കായി അപേക്ഷിച്ചു. അതിനുള്ളിൽ അവരുടെ മനസ്സ് മാറ്റാമെന്നും വാഗ്ദാനം ചെയ്തു. അതനുസരിച്ച് ന്യായാധിപൻ അവധി കൊടുക്കുകയും ചെയ്തു.

ക്രിസ്തുവിനെ തള്ളിപ്പറയേണം എന്ന അപേക്ഷയുമായി അപ്പനും, അമ്മയും, സഹോദരൻമാരും മാറിമാറി അവരെ സമീപിച്ചു. എന്തിനധികം പറയുന്നു, ആ സഹോദരന്മാരെ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും മാറ്റുവാൻ ചെന്നവർ എല്ലാം ക്രൂശിന്റെ പടയാളികളായിത്തീർന്നു. തത്ഫ ലമായി ആ ഭവനത്തിൽ സന്തോഷവും സ്തുതിയും അലതല്ലി.

താമസിയാതെ തന്നെ ക്രിസ്തുവിനെ തള്ളിപ്പറയാത്ത കാരണത്താൽ ആ രണ്ടു സഹോദരന്മാരുടെയും തലകൾ ഛേദിക്കപ്പെട്ടു. തുടർന്ന് ന്യായാധിപൻ അവരുടെ പിതാവിനെ വിളിച്ച് ഒരു മാസംകൊണ്ട് നിങ്ങൾ എന്തു നേടി എന്നു ചോദിച്ചു. പിതാവ് വളരെ സന്തോഷത്തോടെ ഇപ്രകാരം പ്രതിവചിച്ചു; "ഞങ്ങളെല്ലാവരും ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അനുഗമിക്കുന്നവരായിത്തീർന്നു കൂടാതെ അവരുടെ കൂട്ടുകരും."

ഇതു കേട്ട ന്യായാധിപൻ അത്ഭുതപ്പെട്ടു. മാത്രമല്ല ഈ ക്രിസ്തുവിനെക്കുറിച്ച് കൂടുതൽ അറിയുകയും അങ്ങനെ ക്രൂശിന്റെ പോരാളിയായിത്തീരുകയും ചെയ്തു. ജോലിയിൽ തുടരാൻ സാധിക്കയില്ല എന്നു മനസ്സിലാക്കിയ അദ്ദേഹം തന്റെ ജോലി ഉപേക്ഷിക്കുകയും തനിക്കുള്ളതൊക്കെയും വിറ്റ് ക്രൂശിന്റെ സാക്ഷിയായി ജീവിതകാലം ചെലവഴിക്കുകയും ചെയ്തു.

# 46

# രക്തസാക്ഷികളായ ആറായിരത്തൊന്ന് പട്ടാളക്കാർ

ആറായിരം പട്ടാളക്കാർ അടങ്ങിയ ഒരു സംഘം കിഴക്കേ പാളയിത്തിൽ താമസിക്കുകയായിരുന്നു. അവർ എല്ലാവരും ദൈവമക്കൾ ആയിരുന്നു. ഇവരോട് ഗദർലിക്ക്പോയി അവിടെ അകിൻറനിയയിലുള്ള ശത്രുക്കളോട് ഏറ്റു മുട്ടുവാൻ കൽല്പനയുണ്ടായി. മാത്രമല്ല യുദ്ധത്തിനു പോകുന്നതിന് മുൻപ് ചക്രവർത്തിയുമൊന്നിച്ച് അർഫ പർവതത്തിൽപോയി ദേവന് ബലികഴിക്കണമെന്നും ആജ്ഞ പുറപ്പെട്ടു. കൂടാതെ ഗദർലിയയിലുള്ള ക്രിസ്ത്യാനികളെ മുടിച്ചുകളയുവാൻ പ്രതിജ്ഞ ചെയ്യുവാനും ആജ്ഞാപിച്ചു.

എന്നാൽ ആ സംഘത്തിലെ ഒറ്റ വ്യക്തിപോലും ഇതിനു തയ്യാറായില്ല. ഞങ്ങൾ ശത്രുക്കൾക്കെതിരെ യുദ്ധംചെയ്യാം എന്നാൽ അന്യദൈവത്തെ നമസ്ക്കരിക്കുകയോ നിരപരാധികളായ ക്രിസ്ത്യാനികളെ കൊന്നു മുടിക്കുകയോ ചെയ്യുകയില്ല എന്ന് ആ ദൈവമക്കൾ പ്രതിവചിച്ചു. കുപിതനായ ചക്രവർത്തി അവരെ വേർതിരിക്കുവാൻ കൽല്പിച്ചു. അതിനുശേഷം പത്തുപേർക്ക് ഒരാൾവീതം മാറ്റിനിറുത്തി. കൂടാതെ അവരെ ശിരച്ഛേദം ചെയ്യുകയും ചെയ്തു. എന്നാൽ ഇതു കണ്ടുനിന്നശേഷം പട്ടാളക്കാർക്ക് ഒരു ചലനവും ഉണ്ടായില്ല. അവർ കർത്താവിൽ ഉറച്ചു നിന്നു. അധികാരികൾ വീണ്ടും പത്തുപേരിൽ ഒരാളെ വേർപെടുത്തി കൊന്നുകളഞ്ഞു. എന്നാൽ ആ ശ്രമവും വിഫലമായിരുന്നു. മറ്റു പട്ടാളക്കാരിൽ ഒരു ഭാവഭേദവും ഉണ്ടായില്ല.

ശേഷമുള്ള പട്ടാളക്കാർ ചക്രവർത്തിയോട് ഇപ്രകാരം പറഞ്ഞു: “ഞങ്ങൾ അങ്ങയുടെ പ്രജകളാണ്. ചക്രവർത്തിക്കുവേണ്ടി യുദ്ധം ചെയ്യുവാനും ഞങ്ങൾ തയ്യാറാണ്. അങ്ങ് ഞങ്ങൾക്ക് ശമ്പളം തരുന്നു. എന്നാൽ നിരപരാധികളയ ദൈവമക്കളെ കൊല്ലുവാൻ ഞങ്ങളുടെ കൈകൾ ഒരിക്കലും പൊങ്ങുകയില്ല. ഞങ്ങൾ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ദൈവത്തെ ഒരുനാളും തള്ളിപ്പറയുകയില്ല. ക്രിസ്ത്യാനികളെ തിരഞ്ഞുപിടിച്ച് കൊലപ്പെടുത്തുവാൻ ഞങ്ങളോട് പറയുന്നത് എന്തിനാണ്? ഞങ്ങളും ക്രിസ്ത്യാനികളാണ്. അതിൽ ഞങ്ങൾ അഭിമാനം കൊള്ളുകയും ചെയ്യുന്നു. കൂട്ടുസഹോദരന്മാർ സന്തോഷത്തോടെ മരിക്കുന്നതു കണ്ട ഞങ്ങൾക്ക് ആ സന്തോഷത്തിലേയ്ക്ക് പ്രവേശിക്കുവാൻ ഭയമില്ല. ജീവിച്ചാലും, മരിച്ചാലും ഞങ്ങൾ ക്രിസ്തുവിനുള്ളവരാണ്”

ഈ മറുപടികേട്ട ചക്രവർത്തിക്ക് സഹതാപം തോന്നേണ്ടതിനു പകരം കോപമാണ് ഉണ്ടായത്. ബാക്കിയുള്ള പട്ടാളക്കാരെയും വെട്ടുക എന്ന് അദ്ദേഹം ആജ്ഞാപിച്ചു. അങ്ങനെ ബാക്കിയുള്ള പട്ടാളക്കാരും വധിക്കപ്പെട്ടു. അങ്ങനെ ആ ആറായിരം പട്ടാളക്കാരും തങ്ങൾക്കുവേണ്ടി ജീവനെ വെടിഞ്ഞ കർത്താവിനുവേണ്ടി അന്ത്യത്തോളം നിലനിന്നു. മരിച്ചാലും, ജീവിച്ചിരുന്നാലും ഞങ്ങൾ ക്രിസ്തുവിനുള്ളവരാണ് എന്നുള്ള മുദ്രാവാക്യം ആക്ഷരീകമായി അവരുടെ ജീവിതത്തിൽ നിറവേറി.

ആ ദൈവമക്കളെ കൊന്ന പട്ടാളക്കാർ ആർത്ത് അട്ടഹസിക്കുവാൻ തുടങ്ങി. എന്നാൽ വിവരമറിയാതെ വേറൊരു സംഘത്തിലെ വിക്ടർ എന്നു പേരുള്ള ഒരു പട്ടാളക്കാരൻ കാര്യം അന്വേഷിച്ചു. ക്രിസ്ത്യാനികളായ ആറായിരം പട്ടാളക്കാർ മരിച്ചതിലുള്ള സന്തോഷമാണ് ആ ആരവം എന്നു കേട്ടപ്പോൾ അദ്ദേഹം ഖേദിച്ചു. മാത്രമല്ല നിരപരാധികളായ ക്രിസ്ത്യാനികളെ കൊന്നുമുടിച്ച നിങ്ങൾ എത്ര ദുഷ്ടൻമാരാണ് എന്ന് അദ്ദേഹം ആ ക്രിസ്തുവിരോധികളായ പട്ടാളക്കാരോട് ചോദിച്ചു. മറുപടിയയി നീ ഒരു ക്രിസ്ത്യാനിയാണോ എന്ന് അവർ അദ്ദേഹത്തോട് ചോദിച്ചു. താൻ ഒരു ദൈവമകനാണെന്ന് അദ്ദേഹം ധൈര്യത്തോടെ ഉത്തരം പറഞ്ഞു. ഉടനെതന്നെ അദ്ദേഹത്തെയും ശിരഃച്ഛേദം ചെയ്തു.



ജൂലിയസ് പാമർ, ജോൺ ഗ്വിൻ, തോമസ് അസ്കിനേ എന്നീ ക്രിസ്തുവിശ്വാസികളെ ദഹിപ്പിക്കുന്നു.

# 47

# പ്രഥമ ബ്രിട്ടീഷ് രക്തസാക്ഷി

ആൽബൻ ആയിരുന്നു ഒന്നാമത്തെ ബ്രിട്ടീഷ് രക്തസാക്ഷി. അന്യ ദൈവത്തെ സേവിച്ച് ജീവിതം നയിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു ഇദ്ദേഹം. മാക്സിമിസിന്റെ കാലത്ത് വിശ്വാസപീഢ അനുഭവിക്കേണ്ടി വന്ന ആംഫിബാലസ് എന്ന ഒരു വിശ്വാസിക്ക് ആൽബൻ അഭയം നൽകി. എന്നാൽ ആ മനുഷ്യന്റെ പ്രാർത്ഥനയും ജീവിതവും ആൽബനെ അതിയായി ആകർഷിച്ചു. താമസിയാതെ ആൽബൻ സത്യദൈവത്തെ അറിയുകയും ഒരു ക്രിസ്ത്യാനിയായി തീരുകയും ചെയ്തു.

അംഫിബാലസിനെ അന്വേഷിച്ച് പടയാളികൾ ഒടുവിൽ ആൽബന്റെ വീട്ടിലെത്തി. എന്നാൽ വിശ്വാസിയായ ആൽബൻ ആംഫിബാലസിന്റെ വസ്ത്രം ധരിച്ച് അദ്ദേഹത്തിനു പകരം രക്തസാക്ഷിയാകുവാൻ തയ്യാറായി. പക്ഷേ ജഡ്ജിക്ക് ആൽബനെ മനസ്സിലായി. ആൽബൻ അഭയാർത്ഥിയെ ഒളിപ്പിച്ചു തങ്ങളെ കബളിപ്പിച്ചു എന്ന് അറിഞ്ഞ അദ്ദേഹം കുപിനായി.

ആൽബനോട് അന്യദൈവത്തെ ആരാധിക്കുവാനും ബലികഴിക്കുവാനും ആവശ്യപ്പെട്ടു. എന്നാൽ ആൽബൻ, താൻ ഒരു ക്രിസ്ത്യാനിയാണെന്നും അന്യദൈവങ്ങളെ നമസ്കരിക്കുകയില്ല എന്നും ധൈര്യസമേതം പറഞ്ഞു. തുടർന്ന് ജഡ്ജി അവനോട് അവന്റെ പേര് പറയുവാൻ ആവശ്യപ്പെട്ടു. അതിനുത്തരമായി "എന്നെ എന്റെ അമ്മയപ്പന്മാർ ആൽബൻ എന്നു പേരിട്ടു. ഞാൻ ബിംബത്തെ ആരാധിച്ചിരുന്നു. എന്നാൽ ഇന്നു ഞാൻ സത്യദൈവത്തെ ആരാധിക്കുന്നു. ഈ കാണുന്ന ബിംബത്തെ ആരാധിക്കുന്നതുകൊണ്ട് യതൊരു പ്രയോജനവും ഇല്ല. കാരണം അവയ്ക്ക് കണ്ണുണ്ടെങ്കിലും കാണുന്നില്ല, ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല കാരണം അവയ്ക്ക് ജീവൻ ഇല്ല" എന്നു പറഞ്ഞു.

രോഷായകുലനായ ജഡ്ജി ആൽബനെ ക്രൂരമായി അടിക്കുവാൻ ആജ്ഞാപിച്ചു. ശരീരമാസകലം അടിച്ചു പൊട്ടിച്ചതിനുശേഷം ആൽബനെ ശിരഃച്ഛേദം ചെയ്തു.

# 48

# സെബാസ്റ്റിൻ

ഗർവ്വിഷ്ടനും ക്രൂരനുമായ ഡയോക്ലിഷ്യന്റെ ഭരണകാലത്തു ക്രിസ്ത്യാനികൾ സഹിച്ച കഷ്ടതകൾക്കു അതിരില്ലായിരുന്നു. ആ സമയത്ത് കഷ്ടമനുഭവിച്ച ദൈവത്തിന്റെ ഒരു വിലയേറിയ ഭക്തനാണ് സെബാസ്റ്റിൻ. അദ്ദേഹം ഗാൾ ദേശത്ത് നാരിബോൺ എന്ന പട്ടണത്തിൽ ജനിച്ചു. ചെറുപ്പത്തിൽ തന്നെ വിശുദ്ധിയിൽ വളർത്തപ്പെട്ട ഈ യുവാവിന്റെ വിദ്യാഭ്യാസം മിലാൽ എന്ന പട്ടണത്തിലായിരുന്നു. വിദ്യാഭ്യാസാനന്തരം ഒരു വലിയ ഉദ്യോഗസ്ഥനായി അദ്ദേഹം നിയമിക്കപ്പെട്ടു. അതേസമയം തന്നെ അദ്ദേഹം ഉറച്ച ഒരു വിശ്വാസിയുമായിരുന്നു. ജഡികമോഹങ്ങളിലേക്കു തന്നെ വഴിതിരിക്കുന്ന പലതുമുണ്ടായിരുന്നെങ്കിലും അവയിൽ ഒന്നിലും വീഴാതെ ഒരു ദൃഢവിശ്വാസിയായി അദ്ദേഹം ജീവിച്ചു. യജമാനന്മാരാൽ സ്നേഹിക്കപ്പെട്ടവനും, സമന്മാരാൽ മർദ്ദിക്കപ്പെട്ടവനും ഇളയവരാൽ ബഹുമാനിക്കപ്പെട്ടവനുമായിരുന്നു അദ്ദേഹം.

എന്നാൽ അദ്ദേഹത്തെ എങ്ങനെയെങ്കിലും നശിപ്പിക്കണമെന്ന് അസൂയാലുക്കളായ ചിലർ വിചാരിച്ചു. മറ്റൊരു കുറ്റവും അദ്ദേഹത്തിൽ കാണുവാൻ കഴിയാത്തതിനാൽ അദ്ദേഹം ഒരു ക്രിസ്ത്യാനിയാണെന്ന് ചക്രവർത്തിക്ക് ഒറ്റിക്കൊടുത്തു.

സെബാസ്റ്റിനെ പിടിച്ചുകെട്ടി ചക്രവർത്തിയുടെ മുമ്പിൽകൊണ്ടുവന്നു. ചക്രവർത്തി അദ്ദേഹത്തോട് താൻ മുറുകെപിടിച്ചിരിക്കുന്ന വിശ്വാസത്തെ ത്യജിക്കുകയും എന്റെ ദൈവത്തെ സേവിക്കാത്തതും എന്ത് എന്ന് ചോദിച്ചു.

സെബാസ്റ്റിൻ ചക്രവർത്തിയോട് പറഞ്ഞു: ''ഞാൻ എന്നെ രക്ഷിച്ച കർത്താവിന്റെ ദാസൻ, അതിനാൽ ഈ നല്ല വിശ്വാസം കാരണം രാജാവിനെ ബഹുമാനിക്കുന്നതിലുപരി രാജാവിനെതിരായി ഒന്നും ചെയ്തിട്ടില്ല. പിന്നെയോ അങ്ങേയ്ക്കുവേണ്ടി പ്രാർത്ഥിക്കുക മാത്രമേ ചെയ്യുന്നുള്ളൂ.''

ഇതിൽ രോഷാകുലനായ ചക്രവർത്തി അദ്ദേഹത്തെകൊണ്ടുപോയി അമ്പ് എയ്തു കൊല്ലുവാൻ കൽപ്പിച്ചു. റോമാ പട്ടണത്തിനു വെളിയിൽ ക്യാംബസ് മാർട്ടിയസ്സ് എന്ന സ്ഥലത്തേയ്ക്ക് അവർ അദ്ദേഹത്തെ കൊണ്ടുപോയി. അതിനുശേഷം അമ്പുകൾ എയ്തു. ശരങ്ങളേറ്റ് അദ്ദേഹം അവശനായി നിലത്തുവീണു. മരിച്ചുവെന്നു കരുതി അവർ സെബാസ്റ്റിനെ അവിടെ ഉപേക്ഷിച്ചിട്ടു മടങ്ങിപ്പോയി.

എതാനും സ്നേഹിതന്മാർ തന്റെ ശരീരം മറവു ചെയ്യുവാനായി ചെന്നു നോക്കിയപ്പോൾ ജീവൻ ഉണ്ടെന്നു മനസ്സിലായി. ഉടനെതന്നെ വീട്ടിലേയ്ക്ക് കൊണ്ടുവരികയും ശുശ്രൂഷിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം സുഖം പ്രാപിച്ചു.

നടക്കത്തക്ക പ്രാപ്തിയായപ്പോൾ ഇപ്രകാരം പറഞ്ഞു: "അല്ലയോ ചക്രവർത്തിയേ, ക്രിസ്ത്യാനികൾക്കെതിരെയുള്ള ക്രൂരത കൈവെടിയൂ."

മരിച്ചുവെന്നു കരുതിയ സെബാസ്റ്റിനെ കണ്ടപ്പോൾ ചക്രവർത്തി പരിഭ്രാന്തനായി. തുടർന്ന് അവനെ അടിച്ചുകൊല്ലുക എന്ന് അദ്ദേഹം കൽപ്പിച്ചു. കൂടാതെ അവന്റെ ശരീരം മറവു ചെയ്യാതെ കുഴിയിൽ ഇട്ടുകളയുവാനും ആജ്ഞാപിച്ചു. അങ്ങനെ ആ ക്രിസ്തു വിരോധികൾ ആ ദൈവഭക്തനെ അടിച്ചുകൊന്ന് കുഴിയിലിട്ടു. എന്നാൽ ലൂസിന എന്ന ഒരു സ്ത്രീരത്നം അദ്ദേഹത്തിന്റെ ശരീരം ക്യാലകോംസിൽ കൊണ്ടുപോയി മറവുചെയ്തു.

## 49

# ബാലനായ വൈറ്റസ്സ്

വലേറിയൻ റോമൻ ചക്രവർത്തിയായി വാഴുന്ന സമയം ക്രിസ്ത്യാനികൾ അതി ക്രൂരമായ പീഢനങ്ങൾ അനുഭവിക്കേണ്ടതായി വന്നു. അനേകായിരങ്ങൾ രക്തസാക്ഷികളായിത്തീർന്നു. ആ കൂട്ടത്തിൽ ഒരാളായിരുന്നു കപ്പദോക്യയിലെ കൈസര്യ പട്ടണത്തിൽ ജനിച്ച വില്ലസ് എന്ന ബാലൻ.

ഈ കുട്ടി തന്റെ ആയയിൽ നിന്നും കർത്താവിനെക്കുറിച്ച് അറിയുകയും അങ്ങനെ യേശുക്രിസ്തുവിനെ തന്റെ സ്വന്ത രക്ഷകനായി സ്വീകരിക്കുകയും ചെയ്തു. മകൻ ഒരു ക്രിസ്ത്യാനിയായെന്ന വിവരം

അപ്പനേയും, അമ്മയേയും ദുഃഖത്തിലാഴ്ത്തി. ഈ വിശ്വാസത്തിൽ നിന്നും തങ്ങളുടെ മകനെ പിൻതിരിക്കുവാൻ ആ മാതാപിതാക്കൾ ആവോളം ശ്രമിച്ചു. എന്നാൽ തങ്ങളുടെ ആഗ്രഹത്തിന് വഴങ്ങി ക്രിസ്തുവിനെ തള്ളിപ്പറയുകയില്ലെന്ന് മനസ്സിലായപ്പോൾ അവർക്ക് അതിയായ കോപം ഉണ്ടായി. അപ്പൻ അവനെ ക്രൂരമായി അടിച്ച് പട്ടണികിടത്തി. എന്നിട്ടും ഫലമില്ലെന്നു മനസ്സിലായപ്പോൾ അവനെ ന്യായാധിപന്റെ കയ്യിൽ ഏൽപ്പിച്ചു.

ന്യായാധിപൻ വളരെ സ്നേഹം നടിച്ച് അവനോട് പറഞ്ഞു: "മകനേ നീ ഈ മരിച്ചു മൺമറഞ്ഞുപോയ ഒരു മനുഷ്യനെ എന്തിന് പിൻപറ്റണം അവനെ തള്ളിപ്പറഞ്ഞ് നിന്നെ സ്നേഹിക്കുന്ന അമ്മയുടെ അടുത്തേയ്ക്ക് പോകുക." "നിത്യരക്ഷയെ അവഗണിച്ച് ഞാൻ ലോകസുഖങ്ങളെ നേടണമെന്നാണോ ചക്രവർത്തി പറയുന്നത്" എന്ന് ആ കുട്ടി പ്രതിവചിച്ചു. തുടർന്ന് ചക്രവർത്തി അവനെ ക്രൂരമായി അടിച്ചിട്ട് വീട്ടിലേയ്ക്ക് വിട്ടു. അടിയാലുള്ള വേദനകാരണം വില്ലസ്സ് കർത്താവിനെ തള്ളിപ്പറയുമെന്ന് ചക്രവർത്തി വിചാരിച്ചു.

എന്നാൽ ബാലൻ തന്റെ വിശ്വാസത്തിൽ നിന്നും അണുവിടപോലും വ്യതിചലിക്കുന്നില്ലെന്ന് മനസ്സിലായപ്പോൾ, അവന്റെ അപ്പനായ ഹൈലസ് അവനെ തിരിച്ച് ന്യായധിപന്റെ അടുക്കൽ കൊണ്ടുപോകുവാൻ തീരുമാനിച്ചു. ഇതറിഞ്ഞ വില്ലസ്സ് അവിടെ നിന്നും അടുത്ത പട്ടണത്തിലേയ്ക്ക് ഒളിച്ചോടി, എന്നാൽ അവനെ അവിടെവെച്ച് പിടിച്ച് ചക്രവർത്തിയുടെ മുമ്പിൽ ഹാജരാക്കി.

അവനോടുകൂടെ അവന്റെ സുഹൃത്തായ മോഡസ്റ്റസും, അവനെ കർത്താവിങ്കലേക്ക് നടത്തിയ അവന്റെ ആയ ക്രെസീൻലായും ഉണ്ടായിരുന്നു. അവരെ മൂന്നുപേരെയും ചക്രവർത്തി എരിയുന്ന തീച്ചൂളയിലേക്ക് എറിഞ്ഞുകളഞ്ഞു. മഹാ സന്തോഷത്തോടെ അവർ തങ്ങൾ പ്രിയം വച്ച നാട്ടിൽ എത്തിച്ചേർന്നു.

# 50

## മാസിലിയക്കാരനായ വിക്ടർ

ഗാൾ ദേശത്തിലുള്ള മാസിലിയ എന്ന നഗരത്തിൽ വിക്ടർ എന്ന യുവാവ് ജീവിച്ചിരുന്നു. ഒരു ഭക്തനായതുകൊണ്ട് തന്റെ സമയം മുഴുവനും അദ്ദേഹം ക്രൈസ്തവ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിരുന്നു. തന്റെ കഴിവും ഉത്സാഹവും കർത്താവിനുവേണ്ടിയായിരുന്നു. എന്നാൽ അദ്ദേഹത്തെ മറ്റുള്ളവർ ഒറ്റികൊടുക്കുകയും ചക്രവർത്തിയുടെ കൽപ്പന പ്രകാരം അദ്ദേഹത്തെ പിടിച്ച് ന്യായാധിപതിയുടെ മുമ്പാകെ ഹാജരാക്കുകയും ചെയ്തു.

അവനിൽ നിന്നും വിവരങ്ങൾ അറിഞ്ഞതിനുശേഷം തിരിച്ച് ജാതീയ വിശ്വാസത്തിലേയ്ക്ക് തിരിച്ചുവരണമെന്ന് അവനെ ഗുണദോഷിച്ചു. മാത്രമല്ല അങ്ങനെ ചെയ്യുകയാണെങ്കിൽ മിടുക്കനായ അദ്ദേഹത്തിന് ചക്രവർത്തിയുടെ പ്രതിഫലവും ഉയർന്ന സ്ഥാനമാനങ്ങളും ലഭിക്കും എന്ന് വാഗ്ദാനം ചെയ്തു.

വിക്ടറാകട്ടെ താൻ സ്വർഗ്ഗീയ രാജാവായ ക്രിസ്തുവിന്റെ ദാസനാണെന്ന് മറ്റെല്ലാം രണ്ടാംതരമാണെന്നും മാത്രമല്ല, തനിക്ക് സ്ഥാനമാനങ്ങൾ ആവശ്യമില്ല എന്നും ധൈര്യത്തോടെ പ്രസ്താവിച്ചു.

തുടർന്ന് അദ്ദേഹത്തെ ക്രൂരനായ ഡയോക്ലിഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. ചക്രവർത്തി ഒന്നുകൂടെ അവനോട് ചക്രവർത്തിയുടെ ദൈവത്തെ കുമ്പിടണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ വിക്ടർ തെല്ലും ചഞ്ചലിച്ചില്ല. കുപിതനായ ഗവർണ്ണർ അവനെ തെരുവീഥിയിലൂടെ കെട്ടിവലിക്കുവാൻ ആജ്ഞാപിച്ചു. അങ്ങനെ വലിച്ചുകൊണ്ടു പോകുന്നതിനിടയിൽ ക്രൂരന്മാരായ ആളുകൾ നിർദയമായി വിക്ടറോട് പെരുമാറി. അതിനുശേഷം കൈയ്യും, കാലും മരച്ചട്ടത്തിൽ വലിച്ചുകെട്ടി ദണ്ഡിപ്പിക്കുവാനായി ചക്രവർത്തി കൽപ്പിച്ചു.

ഇതുകേട്ടപ്പോൾ വിക്ടർ ഞെട്ടിവിറച്ചു. എങ്കിലും തന്റെ കണ്ണുകൾ സഹായം വരുന്ന പർവ്വതത്തിലേയ്ക്ക് അദ്ദേഹം ഉയർത്തി. അതിനുശേഷം വളരെ ക്ഷമയോടുകൂടെ സകലവും സഹിച്ചു. തുടർന്ന് അദ്ദേഹത്തെ

മരച്ചട്ടത്തിൽ നിന്നും അഴിച്ച് കുണ്ടറയിൽ ഇട്ടു. എന്നാൽ അദ്ദേഹം അവിടെവച്ച് മൂന്നു പേരെ കർത്താവിങ്കലേയ്ക്കു നയിച്ചു. ഇതറിഞ്ഞ ചക്രവർത്തി അദ്ദേഹത്തെ കൊല്ലുവാൻ ആജ്ഞാപിച്ചു.

ആ ക്രിസ്തുവിരോധികൾ വീണ്ടും അദ്ദേഹത്തെ മരച്ചട്ടത്തിൽ വലിച്ചുകെട്ടി. അതിനുശേഷം ഗദകൊണ്ട് കണക്കില്ലാതെ പ്രഹരിച്ചു. വീണ്ടും കാരാഗൃഹത്തിൽ യാതന അനുഭവിക്കുവാൻവേണ്ടി പാർപ്പിച്ചു. പ്രഹരമേറ്റ് എല്ലുകൾ നുറുങ്ങിയ വിക്ടർ വേദനയൽ പുളയുകയായിരുന്നു.

അൽപ ദിവസങ്ങൾക്കു ശേഷം അദ്ദേഹത്തെ വീണ്ടും ചക്രവർത്തിയുടെ അടുത്തേയ്ക്ക് കൊണ്ടുവന്നു. മുമ്പിലത്തേക്കാൾ ധൈര്യത്തോടെ അദ്ദേഹം ചക്രവർത്തിയുടെ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു. അവിടെയും ക്രിസ്തുവിനെ സാക്ഷിച്ചു.

തുടർന്ന് വിക്ടറുടെ മുന്നിൽ ഒരു ധൂമപീഠം വെച്ച് അവനോട് അന്യദൈവത്തെ ആരാധിക്കുവാൻ കൽപ്പിച്ചു. എന്നാൽ അദ്ദേഹമാകട്ടെ ചെന്ന് അവിടെയുണ്ടായിരുന്ന ധൂമപീഠത്തെയും ബിംബത്തേയും കാൽ കൊണ്ട് തൊഴിച്ചു. ഉടൻതന്നെ ബിംബത്തെ തൊഴിച്ച കാൽ മുറിക്കുവാൻ ആജ്ഞാപിച്ചു. മാത്രമല്ല കാൽ മുറിച്ചതിനുശേഷം അദ്ദേഹത്തെ കൽചക്കിൽ ഇട്ട് അരയ്ക്കുവാനും കൽപ്പിച്ചു. ചക്കിലിട്ട് അരച്ചുകൊണ്ടിരിക്കവെ അതിന്റെ ഒരുവശം പൊളിഞ്ഞു. കഠിനമായ ചതവുകൾ പറ്റിയ അവനെ അതിൽ നിന്ന് വലിച്ചെടുത്തു. ഒരു ജീവച്ഛവം മാത്രം! തുടർന്ന് ആ ക്രിസ്തുവിരോധികൾ അദ്ദേഹത്തെ ശിരഃച്ഛേദം ചെയ്തു. അങ്ങനെ അവൻ ഭയം തെല്ലുപോലുമില്ലാതെ അവന് ശക്തികൊടുത്ത അവന്റെ രക്ഷകന്റെ അടുത്ത് എത്തിച്ചേർന്നു.

# 51

# രക്തസാക്ഷികളായ മൂന്ന് സഹോദരന്മാർ

കിലക്യയിലെ ഗവർണ്ണരായ മാക്സിമിനസ് തർസോസ് വാഴുന്ന സമയം, ക്രിസ്തു വിരോധിയായിരുന്ന ഗവർണ്ണറെ സന്തോഷിപ്പിക്കുവാൻ വേണ്ടി ദെമത്രയോസ് എന്ന ഉദ്യോഗസ്ഥൻ മൂന്ന് ക്രിസ്ത്യാനികളെ കെട്ടി അവന്റെ അടുക്കൽ കൊണ്ടുവന്നു.

ആദ്യം നിന്ന ടാർക്കസിനോട് നീ ആരാണ് എന്ന് ഗവർണ്ണർ ചോദിച്ചു. താൻ ഒരു ക്രിസ്ത്യാനിയാണെന്ന് ടാർക്കസ് പ്രതിവചിച്ചു. മറുപടികേട്ട് കോപാക്രാന്തനായ ഗവർണ്ണർ സ്നേഹഭാവത്തോടെ ഇപ്രകാരം പറഞ്ഞു: "നീ ഈ ദൈവത്തെ തള്ളിപ്പറയുകയാണെങ്കിൽ പണവും, ബഹുമാനങ്ങളും നൽകാം. മത്രമല്ല ചക്രവർത്തിപോലും അങ്ങനെ ചെയ്യുന്നു."

ദ്രവ്യാഗ്രഹം പാപമാണെന്നും അതു മുഖാന്തരം പാപങ്ങളും, ചതിവുകളും, മോഷണങ്ങളും മാത്രമല്ല കൊലപാതകങ്ങൾപോലും ഉണ്ടാകുന്നു എന്നും ടാർക്കസ് ഗവർണ്ണറോട് പറഞ്ഞു. എന്നാൽ ക്രിസ്തു വിശ്വാസികൾക്ക് സന്തോഷവും, സമാധാനവും ഉണ്ട്. മാത്രമല്ല ക്രിസ്ത്യാനി എന്ന പേരിനെക്കാൾ അധികമായി തനിക്ക് യാതൊരു ആഗ്രഹവും ഇല്ലെന്നും ആത്മജ്ഞാനമില്ലാത്ത ചക്രവർത്തിമാർ അന്യദൈവങ്ങളെ സേവിക്കുന്നതിനാൽ അവർ പിശാചിന്റെ അവകാശമായ നരകത്തിലേയ്ക്ക് ആനയിക്കപ്പെടുന്നു എന്നും അദ്ദേഹം ഗവർണ്ണറെ ബോധിപ്പിച്ചു.

മറുപടികേട്ട് വികാരഭരിതനായ ചക്രവർത്തി ആ ക്രിസ്തു ഭക്തനെ ക്രൂരമായി അടിക്കുവാൻ ആജ്ഞ പുറപ്പെടുവിച്ചു. പടയാളികൾ അദ്ദേഹത്തെ ദണ്ഡുകൊണ്ട് കഠിനമായി അടിച്ചു. അദ്ദേഹത്തിന്റെ താടിയെല്ലിനെ അവർ തകർത്തു. ഇതിലൊന്നും തൃപ്തരാകാതെ അവർ വീണ്ടും ചാട്ടവാറുകൊണ്ടു അടിച്ച് എല്ലുകളെല്ലാം കാണുമാറാക്കി. അതിനുശേഷം മറ്റു രണ്ടുപേരെ വിസ്തരിക്കുവാൻ വേണ്ടി തിരിയുകയും ടാർക്കസിനെ ബന്ധിച്ച് കുണ്ടറയിൽ ഇടുകയും ചെയ്തു.

രണ്ടാമതായി പ്രോബസിനെ മാക്സിമിനസിന്റെ അടുക്കൽ കൊണ്ടു



'അഗ്നിക്ക് എന്റെ കർത്താവിലുള്ള വിശ്വാസത്തിൽ നിന്നും എന്നെ പിന്തിരിപ്പിക്കുവാൻ സാധിക്കില്ല' – ബാഡ്‌വി

വന്നു. നീ ആരാണ്! എന്ന ഗവർണ്ണറുടെ ചോദ്യത്തിന് തന്റെ സഹോദരൻ പറഞ്ഞ അതേ മറുപടിതന്നെ പ്രോബസും പറഞ്ഞു. അദ്ദേഹത്തെയും മർദ്ദനത്തിന് ഏൽപ്പിച്ചുകൊടുത്തു. ക്രൂരമായ അടിയേറ്റ പ്രോബസിന്റെ ശരീരത്തിൽ നിന്നും രക്തം ധാരധാരയായി ഒഴുകി. അപ്പോൾ അടുത്തുനിന്ന ദെമിത്രിയോസ് അദ്ദേഹത്തോട് ശരീരത്തിൽ നിന്നൊഴുകുന്ന രക്തം കണ്ടെങ്കിലും ഒരു പ്രാവശ്യത്തേക്ക് ദേവനെ നമസ്ക്കരിക്കുക എന്നു പറഞ്ഞു. ഒരു പ്രാവശ്യത്തേക്ക് ക്രിസ്തുവിനെ തള്ളിപ്പറഞ്ഞാൽ രക്ഷപ്പെടാം എന്നുള്ള ആജ്ഞയുടെ മുന്നിൽ പ്രോബസ് ഒന്നു തല കുലുക്കുക മാത്രമേ ചെയ്തുള്ളൂ. ഇതിൽ കുപിതനായ ഗവർണ്ണർ അവന്റെ മുഖം കാണത്തക്കവണ്ണം തരിച്ചുകെട്ടുക അവൻ എങ്ങനെ സഹിക്കുന്നു എന്നു കാണാമല്ലോ എന്നു പറഞ്ഞു. തുടർന്നുള്ള അടികളെല്ലാം നെഞ്ചത്തായിരുന്നു. എന്നാൽ ഒരു ഭാവഭേദവും കൂടാതെ വളരെ സന്തോഷത്തോടെ അദ്ദേഹം അവയെല്ലാം സഹിച്ചു. മാത്രമല്ല ശരീരത്തിൽ താൻ എത്രത്തോളം പങ്കപ്പാടുകൾ ഏൽക്കുന്നുവോ അത്രത്തോളം ബലവും, ധൈര്യവും തന്റെ ആത്മാവിൽ വസിക്കുന്നു എന്നും അദ്ദേഹം പ്രസ്താവിച്ചു. പടയാളികൾ അദ്ദേഹത്തെയും ചങ്ങലയിൽ ബന്ധിച്ച് കുണ്ടറയിൽ ഇട്ടു.

മൂന്നാമതായി ആൻഡ്രോണിക്കസിനെ കൊണ്ടുവന്നു. ഗവർണ്ണർ ചോദ്യം വീണ്ടും ആവർത്തിച്ചു. മറ്റു രണ്ടുപേരും പറഞ്ഞതുപോലെ വളരെ ധൈര്യത്തോടെ അദ്ദേഹവും മറുപടി പറഞ്ഞു. മറ്റ് രണ്ടുപേർക്കും നൽകിയ ശിക്ഷാരീതികൾ അദ്ദേഹത്തിനും നൽകി. വളരെ സന്തോഷത്തോടും പ്രത്യാശയോടും കൂടി അദ്ദേഹം അവയെല്ലാം സഹിച്ചു. അവർ അദ്ദേഹത്തെയും കുണ്ടറയിൽ അടച്ചു.

ചില ദിവസങ്ങൾക്കുശേഷം മൂവരെയും പുറത്തുകൊണ്ടുവന്നു. അവരുടെ വിശ്വാസം വർദ്ധിച്ചതേയുള്ളൂ എന്നു മനസ്സിലാക്കിയ ഗവർണ്ണറുടെ കോപം പതിന്മടങ്ങ് വർദ്ധിച്ചു.

ടാർക്കസിന്റെ കൈവെള്ളയിൽ തീക്കനൽ വച്ചുകെട്ടി. അതിനുശേഷം അവർ അദ്ദേഹത്തെ പുകഞ്ഞു കത്തിക്കൊണ്ടിരുന്ന നനഞ്ഞ കച്ചിയുടെ മുകളിൽ തലകീഴായി കെട്ടിത്തൂക്കി. ആ എരിതീയിൽ യാതനയനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ ടാർക്കസ് ഇപ്രകാരം പറഞ്ഞു: ''നിങ്ങളുടെ സർവ്വശക്തികളും എന്റെ നേരെ പ്രയോഗിച്ചാലും നിങ്ങൾക്കോ, ചക്രവർത്തിക്കോ, നിങ്ങൾ സേവിക്കുന്ന വിഗ്രഹങ്ങൾക്കോ ജീവനുള്ള ദൈവത്തിൽ നിന്നും എന്നെ വേർപെടുത്തുവാൻ കഴിയുകയില്ല.''

പിന്നീട് പ്രോബസിനോട് ബലികഴിക്കുവാൻ മനസ്സുണ്ടോ എന്ന് ഗവർണ്ണർ ചോദിച്ചു. ക്രിസ്തുവിലുള്ള എന്റെ വിശ്വാസത്തിനുവേണ്ടി കഷ്ടം സഹിക്കുവാൻ മുൻപിലത്തേതിനെക്കാൾ ഞാൻ സന്നദ്ധനാണ് എന്ന് അദ്ദേഹം പ്രതിവചിച്ചു. തുടർന്ന് പ്രോബസിനെ പടയാളികൾ ചാട്ടവാറുകൊണ്ട് അടിച്ചു. ചുട്ടുപഴുത്ത കമ്പികൾ അദ്ദേഹത്തിന്റെ ശരീരത്തിൽ വച്ചു തിരികെ കാരാഗൃഹത്തിലടക്കുകയും ചെയ്തു.

ആൻഡ്രോണിക്കസിനെയും അവർ ഗവർണ്ണറുടെ മുമ്പിൽ ഹാജരാക്കി. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ് ഉന്നത സ്ഥാനം നേടിയ നിന്റെ കൂട്ടു സഹോദരൻമാരെപ്പോലെ നീയും ക്രിസ്തുവിനെ തള്ളിപ്പറയുക എന്ന് ആൻഡ്രോണിക്കസിനോട് ഗവർണ്ണർ ഒരു കള്ളം പറഞ്ഞു. ഇതുകേട്ട ആൻഡ്രോണിക്കസ് ഇങ്ങനെ പറഞ്ഞു: "ഗവർണ്ണറേ! എന്റെ വീരന്മാരായ സഹോദരന്മാരുടെ മേൽ ബലഹീനത ചുമത്തുന്ന താങ്കളുടെ കൗശലവാക്കുകളിൽ ഞാൻ മയങ്ങിപ്പോകുമെന്ന് നിരൂപിക്കാതെ നിങ്ങൾ ഭയപ്പെടുത്തുന്നതായ കാര്യങ്ങൾ പ്രയോഗത്തിൽ വരുത്തിയാലും, നിങ്ങൾ കണ്ടുപിടിച്ചിട്ടുള്ളതിൽ ഏറ്റവും ക്രൂരമായ മാർഗ്ഗം പ്രയോഗിച്ചാലും ദൈവസ്നേഹത്തിൽ നിന്നും എന്നെ പിന്തിരിക്കുവാൻ സാദ്ധ്യമല്ല!"

ഉജ്ജ്വലമായ മറുപടിയുടെ മുന്നിൽ പതറിപ്പോയ ഗവർണ്ണർ അദ്ദേഹത്തെ വാറുകൊണ്ട് കഠിനമായി വീണ്ടും അടിപ്പിച്ച് കാരാഗൃഹത്തിലാക്കി. എന്നാൽ അടിയാലുണ്ടായ മുറിവുകൾ വളരെവേഗം സുഖമായി. കാരാഗൃഹപ്രമാണി വൈദ്യനെ വിളിച്ചു മരുന്നുകൊടുത്തതായിരിക്കും എന്നു കരുതിയ ഗവർണ്ണർ അദ്ദേഹത്തേയും ശിക്ഷിക്കുവാൻ കൽപ്പിച്ചു. ആ സമയം അൻഡ്രോണിക്കസ് ഇപ്രകരം പറഞ്ഞു: "ഞാൻ സേവിച്ചു നിൽക്കുന്ന കർത്താവ് എന്നെ സൗഖ്യമാക്കുവാൻ കഴിവുള്ളവനാണ്."

കുറച്ചു ദിവസങ്ങൾക്കുശേഷം മൂന്നാമതും അവരെ കാരാഗൃഹത്തിൽ നിന്നും പുറത്തു കൊണ്ടുവന്നു. അവരുടെ വിശ്വാസം മേൽക്കുമേൽ ദൃഢമാകുന്നു എന്നു മനസ്സിലാക്കിയ ഗവർണ്ണർ ജനത്തെയെല്ലാം വിളിച്ചു കൂട്ടി. ആ ദൈവമക്കളെ അവർ കൊലക്കളത്തിലേയ്ക്ക് കൊണ്ടുവന്നു. അതിനുശേഷം അനേക ദിവസം പട്ടിണികിടന്ന വന്യമൃഗങ്ങളെ അഴിച്ചുവിട്ടു. അത്ഭുതമെന്നു പറയട്ടെ! ഒരൊറ്റ മൃഗം പോലും അവരെ തൊട്ടില്ല. നിരാശനായ ഗവർണ്ണർ ഒരു കരടിയെ കൊണ്ടുവരുവാൻ കൽപ്പിച്ചു. എന്നാൽ കരടിയും അവരെ തൊട്ടില്ല.

പരാജിതനായ ഗവർണ്ണറുടെ വൈരാഗ്യം ജ്വലിച്ചു. ആ ക്രിസ്തു ഭക്തരുടെ

ശിരസ്സുകളെ ഉടലിൽ നിന്നും വേർതിരിച്ചു. അങ്ങനെ ആ മൂന്നു വീരന്മാരും കർത്താവിന്റെ മാർവ്വിടത്തിൽ ചേർക്കപ്പെട്ടു.

# 52

# രക്തസക്ഷിയയ റോമാനസ്

ഗലാറിയസ് എന്ന ക്രൂരനായ ചക്രവർത്തിയുടെ ഭരണകാലത്ത് അനേകം ക്രിസ്ത്യനികൾ രക്തസാക്ഷികളായി മരിക്കേണ്ടിവന്നു. അന്ത്യോക്യയിൽ റോമാനസ് കർത്താവിന്റെ വേല ചെയ്തുകൊണ്ടിരുന്നു. സുവിശേഷ വിരോധിയയ ഗലറിയസിന്റെ മുമ്പിൽ റോമാനസിനെ പിടിച്ചുകെട്ടി കൊണ്ടുവന്നു നിർത്തി. ദൈവത്തെ തള്ളിപ്പറഞ്ഞാൽ റോമാനസിനേയും മറ്റു തടവുകാരെയും വിട്ടയയ്ക്കാം എന്നു പറഞ്ഞു. താൻ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ മകനാണെന്ന് റോമാനസ് അതിധൈര്യത്തോടുകൂടി പറഞ്ഞു. കോപാകുലനായ ചക്രവർത്തി റോമാസിനെ ശിക്ഷിക്കുവാൻ ചാട്ടവാറുകൊണ്ടു അടികൊള്ളും തോറും ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ച് പാട്ടുപാടികൊണ്ടിരുന്നു. ഇതിൽ കുപിതനായ ചക്രവർത്തി റൊമാനസിനെ ഇരുവശങ്ങളിൽ നിന്നും എല്ലു കാണുന്നതുവരെയും വാർന്നെടുക്കുവാൻ പറഞ്ഞു. ഈ സമയത്ത് റോമാനസ് പറഞ്ഞു "കർത്താവിൽ മാത്രമേ രക്ഷയുള്ളൂ". കോപാകുലനായ ചക്രവർത്തി ഒരു കത്തിയെടുത്ത് റോമാനസിന്റെ ഇരുകവിളുകളും കത്തികൊണ്ടു വരഞ്ഞു മുഖത്തുനിന്നും രോമങ്ങൾ പിഴുതെടുത്തു. കണ്ണുകൾ മാന്തിപ്പറിച്ചു. മുഖത്ത് അനേകം കുഴികളുണ്ടായി. റോമാനസ് വിളിച്ചുപറഞ്ഞു. എനിക്ക് അനേക വായകൾ തന്നതുകൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. പരാജിതനായ ചക്രവർത്തി വിളിച്ചുപറഞ്ഞു "യേശുക്രിസ്തു ഇന്നലത്തെ ദൈവമാണ്". അതിനുത്തരമായി റോമ്മനസ് അവിടെ കൂടിവന്ന ജനത്തോട് സുവിശേഷം വിളിച്ചുപറഞ്ഞു. ഏഴുവയസ്സായ ഒരു കുഞ്ഞിനെ റോമാനസ് വിളിച്ചു. മുൻപോട്ടു നിർത്തി അവനോടു ചോദിച്ചു "കുഞ്ഞേ, നമ്മൾ യേശുക്രിസ്തു എന്ന ഏക ദൈവത്തെ സേവിക്കേണമോ? ആ കുഞ്ഞു പറഞ്ഞു "യേശുക്രിസ്തു എന്ന ഏക ദൈവത്തെ മാത്രം സേവിച്ചാൽ മതി". ക്രൂരനായ ചക്രവർത്തി ആ കുഞ്ഞിനോട് എന്തു ചെയ്തു എന്ന് ചുവടെ ചേർക്കുന്നു.



സുവിശേഷകനെ തന്റെ കൈവശമുണ്ടായിരുന്ന ബൈബിളുകൾ കൂട്ടിയിട്ട്
തീവെച്ച് കൊലചെയ്യുന്നു.

റോമാനസിനെ തീക്കനലിലേക്കു വലിച്ചെറിഞ്ഞു. ദൈവത്തിന്റെ വീര ഭടൻ പാട്ടു പാടികൊണ്ടിരുന്നു. ആ സമയം ശക്തിയായ കാറ്റടിച്ച് തീ കെട്ടുപോയി. തുടർന്ന് റോമാനസിനെ കെട്ടിതൂക്കികൊന്നു. അങ്ങനെ ആ ഭക്തൻ താൻ സ്നേഹിച്ച കർത്താവിന്റെ അടുക്കലേയ്ക്ക് സന്തോഷ ത്തോടെ ചെന്നു ചേർന്നു.

# 53

# രക്തസാക്ഷിയായ പിഞ്ചു പൈതൽ

ചക്രവർത്തി റൊമാനസിനെ കൊലപ്പെടുത്തുന്നത് ആറുവയസ്സുള്ള ഒരു ബാലൻ നോക്കിക്കൊണ്ടിരുന്നു. അതിനുശേഷം വളരെ ധൈര്യ ത്തോടുകൂടി ചക്രവർത്തിയോട് പറഞ്ഞു "കർത്താവ് മാത്രമേ ഏക ദൈവമുള്ളൂ. അവൻ അരാധനയ്ക്കു യോഗ്യനാണ്." ഇതു കേട്ടിട്ട് ചക്രവർത്തി ചോദിച്ചു "നിനക്ക് ഇതെങ്ങനെ മനസ്സിലായി" "ഇത് എന്റെ അമ്മയിൽ നിന്നാണ് എനിക്കു മനസ്സിലായത്." ആ കുഞ്ഞിന്റെ അമ്മയെവിളിച്ച് മുമ്പിൽ നിർത്തിയതിനുശേഷം ക്രൂദ്ധനായ ചക്രവർത്തി കൽപ്പിച്ചു-ആ ബാലനെ ചാട്ടവാറുകൊണ്ട് കഠിനമായി മർദ്ദിക്കണം. ചാട്ടവാറുകൊണ്ടുള്ള അടിയേറ്റു പുളയുന്ന കുഞ്ഞിനെ കണ്ടിട്ട് ആ മതാവിന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകാൻ തുടങ്ങി. അല്പം വെള്ളം വേണമെന്ന് ദാഹാർത്തനായ ആ പൈതൽ കേണു. ദാഹം സഹിക്കവെയ്യാതെ അവന്റെ തൊണ്ട വരണ്ടു. അമ്മ ബാലനോട് പറഞ്ഞു; "അവനുവേണ്ടി കർത്താവ് കാൽവറിക്രൂശിൽ കിടന്ന് എത്രമാത്രം ദാഹിച്ചു". അവന്റെ അമ്മ അവനെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തി. ഇതു കണ്ട് രാജാവ് ഏറ്റവും കോപിഷ്ടനായി ആ പിഞ്ചു പൈതലിന്റെ തലമുടി വലിച്ചുപറിക്കുവാൻ പറഞ്ഞു. കൂടാതെ അവന്റെ നെറ്റിയിൽ നിന്നും തൊലിയുരിച്ചെടുക്കുവാനും കല്പിച്ചു. അതിനുശേഷം ബാലനെ കഠിനമായ വേദന സഹിക്കുവാൻ വിട്ടു. ഈ സമയമെല്ലാം അവന്റെ അമ്മ അവനെ ഉമ്മവെച്ചുകൊണ്ടിരുന്നു. ആരച്ചാരന്മാർ കൊലക്കത്തിയു മായി വന്നപ്പോൾ അവന്റെ അമ്മ പറഞ്ഞു "മകനേ, നീ അമ്മയ്ക്കു മുമ്പായി പോയി ആശ്വസിക്ക. അമ്മയ്ക്കുവേണ്ടി കാത്തിരിക്കുക." പിഞ്ചു പൈതലിന്റെ കഴുത്തിനുനേരെ വാൾ ഉയർന്നപ്പോൾ അവന്റെ അമ്മ ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചു. കർത്താവിനോട് ഇങ്ങനെ പ്രാർത്ഥിച്ചു

"കർത്താവേ, എന്റെ കുഞ്ഞിനെ തൃക്കയ്യിൽ ഭരമേല്പിക്കുന്നു. അവൻ നിനക്കേറ്റവും പ്രിയപ്പെട്ടവനാണല്ലോ". അവസാനമായി ചലനമറ്റ ശിരസ്സിൽ ആ മാതാവിന്റെ കണ്ണുനീർ തൂകി.

# 54

## ജൂലിറ്റയും, പിഞ്ചുപൈതലായ സിറിയസും

ഏ.ഡി. 305-ൽ ഗാലറസ്സ് കോൺസ്റ്റാന്റ്യസിനോടു കൂടി ഭരണമേറ്റു. കോൺസ്റ്റാൻറ്യസ് നല്ലവനും ഗാലറസ്സ് ക്രൂരനുമായിരുന്നു.

ഗാലറസ്സിന്റെ സമയത്ത് അനേക ക്രിസ്ത്യാനികൾ കൂട്ടത്തോടെ കൊല്ലപ്പെട്ടു. വളരെ ക്രൂരമായ രീതിയിലായിരുന്നു അദ്ദേഹം ക്രിസ്ത്യാനികളെ കൊന്നൊടുക്കിയത്.

ഈ പീഢനങ്ങളെക്കുറിച്ച് അറിഞ്ഞ ഉന്നതകുല ജാതയായ ജൂലിറ്റ തന്റെ ഓമന മകനെയും കൂട്ടിനായി രണ്ട് വേലക്കാരികളെയും കൂട്ടി അവിടെ നിന്നും ഓടിപ്പോയി. എന്നാൽ തർസോസിൽ വച്ച് അവൾ പിടിക്കപ്പെടുകയും ഗവർണ്ണറായ അലക്സാണ്ടറിന്റെ അടുത്തു കൊണ്ടുവരപ്പെടുകയും ചെയ്തു. വിശ്വാസം തള്ളിപ്പറയുവാൻ ഗവർണ്ണർ അവളോട് പറഞ്ഞുവെങ്കിലും അവൾ അതിനു വഴങ്ങിയില്ല. മാത്രമല്ല താൻ ഒരു ക്രിസ്ത്യാനിയാണെന്ന് അവൾ ധൈര്യസമേതം ബോധിപ്പിക്കയും ചെയ്തു. അതേത്തുടർന്ന് ഗവർണ്ണർ അവളെ കൊല്ലുവാൻ കല്പിച്ചു. അതിനായി അവർ അവളെ ചക്രത്തിലിട്ടു. അങ്ങനെ വേദനയനുഭവിച്ച് കിടക്കുന്ന സമയത്ത് അവളുടെ പൈതൽ അമ്മയുടെ അടുത്ത് പോകുവാൻ വേണ്ടി കരഞ്ഞു. കുഞ്ഞിന്റെ ഭംഗികണ്ട ഗവർണ്ണർക്കു അവന്റെ കരച്ചിലിൽ സഹതാപം തോന്നി. അവനെ ശാന്തമാക്കുവാൻ കളിപ്പിക്കുകയും ഓമനിക്കുകയുമൊക്കെ ചെയ്തിട്ടും അവൻ ശാന്തനായില്ല. അമ്മയുടെ അടുത്തെത്താൻ അവൻ കരഞ്ഞു.

കരയുന്നതിനിടയിൽ കുഞ്ഞ് അമ്മ പറഞ്ഞ വാക്കുകേട്ട് ഞാൻ ക്രിസ്ത്യാനിയാണ് എന്ന് ഏറ്റുപറഞ്ഞു. ഞാൻ ക്രിസ്ത്യനിയാണ് എന്നുള്ള കുഞ്ഞിന്റെ വാക്കുകൾ കേട്ട നിമിഷം ഗവർണ്ണർ അവനെ കല്ലിലേയ്ക്ക് വലിച്ചെറിഞ്ഞു. ആ അമ്മയുടെ മുൻപിൽവെച്ചുതന്നെ ആ ഓമന

മകന്റെ തലച്ചോർ വെളിയിൽ ചാടി. അവളെ അതിനുശേഷം ചക്രത്തിൽ നിന്നും വെളിയിലെടുക്കുകയും തല വെട്ടിക്കളകയും ചെയ്തു. അങ്ങനെ ആ അമ്മയും, മകനും തങ്ങൾക്കുവേണ്ടി ജീവനെ കൊടുത്ത കർത്താവിന്റെ അടുക്കൽ ഒന്നിച്ച് എത്തിച്ചേർന്നു.

# 55

## വിൻസെന്റ്

ഗലേറിയന്റെ പീഢ അതികഠിനമായി നടന്നുകൊണ്ടിരുന്ന സമയത്ത് ഒരു സ്പാനിഷ് ക്രിസ്ത്യാനിയായിരുന്ന വിൻസെൻറും അദ്ദേഹത്തിന്റെ ആത്മീയ പിതാവായ വലേറിയസും ഒരുമിച്ച് ബന്ധിക്കപ്പെട്ടു. അവരെ വലിയ ചങ്ങലയാൽ ബന്ധിച്ചു, കുറച്ചു ദിവസങ്ങൾക്കുശേഷം ഗവർണ്ണറുടെ മുൻപാകെ ഹാജരാക്കി. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞാൽ വെറുതെ വിടാമെന്നും അതല്ലായെങ്കിൽ ക്രൂരമായ മരണത്തിന് തയ്യാറാകുവാനും ഗവർണ്ണർ അവരെ ആഹ്വാനം ചെയ്തു.

ഞങ്ങൾ ഞങ്ങളുടെ വിശ്വാസത്തിൽ സ്ഥിരമായി നിൽക്കുമെന്ന് വിൻസെന്റ് പ്രതിവചിച്ചു. ഇതുകേട്ട ഗവർണ്ണർ സഭാപാലകനായ വലേറിയസിനെ നാടുകടത്തി. അതിനുശേഷം വിൻസെന്റിനെ ചക്രത്തിലിട്ടു കറക്കി. ചൂണ്ടൽ കൊണ്ട് അവർ അദ്ദേഹത്തിന്റെ പച്ചമാംസം പറിച്ചെടുത്തു. തുടർന്ന് അദ്ദേഹത്തെ ഇരുട്ടറയിൽ ഇട്ടു.

ഏതാനും ദിവസങ്ങൾക്കു ശേഷം വീണ്ടും അവർ അദ്ദേഹത്തെ പുറത്തിറക്കി. അദ്ദേഹത്തിന്റെ ശരീരമാസകലം തീകൊണ്ട് പൊള്ളിച്ചു. വീണ്ടും തടവറയിൽ ഇട്ടു. മരിച്ചുകാണും എന്നു വിചാരിച്ചു പടയാളികൾ ചെന്നു നോക്കിയപ്പോൾ നല്ല ആരോഗ്യവാനായ വിൻസെന്റിനെയാണ് അവർക്ക് കാണുവാൻ കഴിഞ്ഞത്. വിവരമറിഞ്ഞ ഗവർണ്ണർ കലികൊണ്ടുതുള്ളി. പുതിയ തരം പീഢനങ്ങളിൽകൂടി അദ്ദേഹത്തെ കടത്തിവിടുവാൻ ഗവർണ്ണർ ആജ്ഞാപിച്ചു. എന്നാൽ അതിനുവേണ്ടിയുള്ള ഉപകരണങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്ന സമയത്ത് വിൻസെന്റ് അക്കരെ നാട്ടിലേക്ക് പ്രവേശിച്ചു. തന്റെ ഭക്തനെ അക്കരെ നാട്ടിലേക്ക് വിളിക്കുവാൻ കർത്താവിന് പ്രസാദം തോന്നി. ഗവർണ്ണർ വീണ്ടും ലജ്ജിതനായി.



ഇറ്റലിയിൽ പ്രൊട്ടസ്റ്റന്റ് വിശ്വാസികളെ പീഡിപ്പിച്ച വിധങ്ങൾ

തുടർന്ന് വിൻസെന്റിന്റെ ശരീരം വയലിൽ ഇട്ടുകളക, കഴുകൻ അതു തിന്നട്ടെ എന്ന് ഗവർണ്ണർ കല്പിച്ചു. എന്നാൽ ഒരു കഴുകൻ പോലും ആ ശരീരം സ്പർശിച്ചില്ല. തുടർന്ന് അതിനെ നദിയിൽ ഒഴുക്കുവാൻ അദ്ദേഹം കൽല്പിക്കുകയും അതനുസരിച്ച് ആ ക്രിസ്തു ഭക്തന്റെ ശരീരം നദിയിൽ ഒഴുക്കുകയും ചെയ്തു.

# 56

# സറ്റേർണിനസ്സും നാല് ആൺമക്കളും

ഡയോക്ലിഷ്യന്റെ പീഢ ആഫ്രിക്കയിലേയ്ക്കും പടർന്നു പിടിച്ചു. അനേകം ക്രിസ്ത്യാനികൾ പിടിക്കപ്പെടുകയും ക്രൂരമായി കൊല്ലപ്പെടുകയും ചെയ്തു. പിടിക്കപ്പെട്ടവരുടെ കൂട്ടത്തിൽ അബെയ്ല എന്ന പട്ടണത്തിലെ സറ്റേർണിനസ്സും അദ്ദേഹത്തിന്റെ നാലു പുത്രൻമാരും, എട്ട് കൂട്ടുകാരും ഉൾപ്പെട്ടിരുന്നു.

ഇവരെ പിടിച്ചതിനുശേഷം എല്ലാവരേയും കാണിക്കേണ്ടതിന് വേണ്ടി കാർത്തേജിലേയ്ക്കു കൊണ്ടുപോയി അവിടുത്തെ ന്യായാധിപനായ അനലിനസ്സിന്റെ മുമ്പാകെ നിറുത്തി.

അവർ വിശ്വാസത്തിൽ നിന്നും വ്യതിചലിക്കുകയില്ലെന്ന് മനസ്സിലായപ്പോൾ അനേക തരത്തിലുള്ള പീഢകൾ ചെയ്യുവാൻ ആരംഭിച്ചു.

സറ്റേർണിനസ്സിനെ അടിച്ച് ദേഹം മുഴുവനും മുറിവേൽപ്പിച്ചു. അതിനു ശേഷം ചുട്ടുപഴുത്ത ഇരുമ്പ്കൊണ്ട് ദേഹം മുഴുവനും പൊള്ളിച്ചു. ഇങ്ങനെ ക്രൂരമായി ഉപദ്രവിച്ചതിനുശേഷം കാരാഗൃഹത്തിൽ അടച്ചു. മാത്രവുമല്ല ഭക്ഷണമൊന്നും കൊടുക്കരുതെന്ന് കൽല്പിക്കുകയും ചെയ്തു.

ഇതു കണ്ടിട്ട് മറ്റുള്ളവരിൽ ഒരു വ്യത്യാസവും ഉണ്ടായില്ല എന്നു കണ്ടിട്ട് ആ എട്ടുപേരെയും ക്രൂരമായി മർദ്ദിച്ചു. മർദ്ദനത്തിനിടയിൽ രണ്ട്പേർ ഇഹലോകവാസം വെടിഞ്ഞു. അതിനുശേഷം മറ്റു ആറു പേരെയും കാരാഗൃഹത്തിൽ പട്ടിണിക്കിട്ടു.

എന്നാൽ ഇതുകൊണ്ടൊന്നും ആ ബാലന്മാരുടെ മനസ്സ് മാറിയില്ല. തങ്ങളുടെ പിതാവിന്റെ ദൈവത്തെ അവർ മുറുകെപ്പിടിച്ചു. അവരെ ക്രൂരമായി ഉപദ്രവിച്ചതിനുശേഷം കാരാഗൃഹത്തിൽ പിതാവിനോടുകൂടി



പീഡനത്തിന് നടുവിലും ക്രിസ്തുവിനെ തള്ളിപ്പറയാതിരിപ്പാൻ
സ്വന്തമായി നാവ് അറക്കുന്ന വിശ്വാസി

ഇട്ടു. പട്ടിണി കിടന്ന് അവർ കർത്താവിന്റെ മാർവ്വിൽ അണഞ്ഞു. ആ കുഞ്ഞുങ്ങൾ പിതാവിനെയും പിതാവ് കുഞ്ഞുങ്ങളെയും അന്ത്യംവരെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു.

# 57

# മൂന്നു സഹോദരിമാർ

തെസ്സലോനിക്യ പട്ടണത്തിലെ ഒരു ഭവനത്തിൽ വിശ്വാസികളായ മൂന്നു സഹോദരിമാരുണ്ടായിരുന്നു. ചിലോനിയ, അഗപ്പെ, ഐറിൻ എന്നു പേരുകളുള്ള ഈ സഹോദരിമാർ ക്രിസ്ത്യാനികളായിരുന്നെങ്കിലും വിശ്വാസം മറച്ചുകൊണ്ടായിരുന്നു ജീവിച്ചിരുന്നത്. തങ്ങൾ ഭീരുക്കളായതിൽ അവർക്ക് ലജ്ജതോന്നി. തുടർന്ന് തങ്ങളെ ധൈര്യപ്പെടുത്തണമെന്ന് മൂന്നുപേരും കർത്താവിനോട് പ്രാർത്ഥിച്ചു.

പടയാളികൾ ഈ മൂന്നു സഹോദരിമാരെയും പിടിച്ച് ക്രിസ്തുവിരോധിയായിരുന്ന ഗവർണ്ണർ ഡുക്ലിയറ്റസിന്റെ മുമ്പിൽ ഹാജരാക്കി. മൂത്തവളായ ചിലോനിയയോട് വിശ്വാസത്തിൽ നിന്നും പിന്മാറുവാൻ ആഗ്രഹമുണ്ടോ എന്ന് ഗവർണ്ണർ ചോദിച്ചു. ഒരിക്കലും കർത്താവിനെ വിട്ടുമാറുകയോ അന്യദൈവത്തെ നമസ്ക്കരിക്കുകയോ ചെയ്യുകയില്ലെന്ന് അവൾ ധൈര്യസമേതം മറുപടി പറഞ്ഞു. രണ്ടാമത്തവളായ അഗപ്പെയും അതു തന്നെ മറുപടി പറഞ്ഞു. എന്നാൽ ഇവരെ രണ്ടുപേരെയും അനിയത്തിയുടെ മുമ്പിൽവച്ച് തീകൂട്ടി ചുട്ടുകളഞ്ഞു.

ഇളയവളും, 18 വയസ്സുകാരിയുമായ ഐറിനെ എങ്ങനെയെങ്കിലും വ്യതിചലിപ്പിക്കണമെന്ന് ഗവർണ്ണർ വിചാരിച്ചു. ചേച്ചിമാർ ചുട്ടു ചാമ്പലാകുന്നതു കാണുമ്പോൾ ഇളയവളായ ഐറിൻ മനം തിരിയുമെന്ന് ഗവർണ്ണർ വിചരിച്ചതു വ്യർത്ഥമായി തീർന്നു. അന്യദൈവങ്ങളെ ആരാധിക്കുന്നതിലും ഏറെ ഉത്തമം എന്റെ ചേച്ചിമാരുടെ പിന്നാലെ പോകുന്നതാണ് എന്ന് അവൾ വളരെ ധൈര്യത്തോടുകൂടി ഗവർണ്ണറോട് പറഞ്ഞു.

ഐറിനെ വിശ്വാസത്തിൽ നിന്നും മാറ്റുവാൻ കഴിയുകയില്ല എന്ന് ഗവർണ്ണർക്ക് ബോധ്യമായപ്പോൾ അവളെ അപമാനിക്കുവാൻ തീരുമാനിച്ചു. ദുഷ്ടന്മാരായ പട്ടാളക്കാർ അവളെ നഗ്നയാക്കി തെരുവീഥിയിൽ കൂടി കൊണ്ടുപോയി. ആ ക്രിസ്തു വിരോധികൾ അവളെ അപമാനിച്ചതിനുശേഷം

അവൾക്കു ചുറ്റും തീകൂട്ടി. അങ്ങനെ അവൾ ആ അഗ്നിയിൽ എരിഞ്ഞടങ്ങി. മരണത്തോളം വിശ്വസ്തയായി നിന്ന ആ ധീരവനിത മനുഷ്യർക്ക് ഉപദ്രവിക്കുവാൻ സാധിക്കാത്ത സ്ഥലത്തേയ്ക്ക് മറഞ്ഞു.

# 58

## തിയോഡറ്റാസ്

ഡൻമേഷ്യയിലെ ഗവർണ്ണറായിരുന്ന തിയോറ്റിക്കസ് ചക്രവർത്തിയുടെ കല്പന പ്രകാരം തന്റെ അധികാര പരിധിയിലുള്ള സകല സ്ഥലങ്ങളിൽ നിന്നും ക്രിസ്ത്യാനികളെ നിർമ്മൂലനം ചെയ്യുവാൻ ആരംഭിച്ചു. തത്ഫലമായി അനേകം ദൈവമക്കൾ കൊല്ലപ്പെടുകയും, അനേകർ കാരാഗൃഹത്തിലടയ്ക്കപ്പെടുകയും ചെയ്തു. അനേകർ വനങ്ങളിൽ അഭയം പ്രാപിച്ചു. അവർ ഗുഹകളിൽ താമസിക്കുകയും കായ്കനികൾ ഭക്ഷിച്ചു ജീവിക്കുകയും ചെയ്തു.

ഗ്രാമങ്ങളിലുള്ള അനേകർ പട്ടിണികിടന്നു മരിച്ചു. ശേഷിച്ചവരെ നശിപ്പിക്കുന്നതിനുവേണ്ടി, ക്രയവിക്രയം മുഴുവൻ ദേവന്മാർക്ക് അർപ്പിച്ചതിനുശേഷമേ പാടുള്ളൂ എന്ന ഒരു ആജ്ഞയും പുറപ്പെടുവിച്ചു. എന്നാൽ ഈ വ്യവസ്ഥയെ പ്രതികൂലിച്ച അനേകർ നിത്യതയിൽ ചേർക്കപ്പെട്ടു.

ഇക്കാലത്ത് വഴിയമ്പല സൂക്ഷിപ്പുകാരനായിരുന്ന ഒരു ക്രിസ്ത്യനി ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ പേരായിരുന്നു തിയോഡറ്റാസ്. പീഡിതരായ ജനങ്ങൾക്ക് ഭക്ഷണസാധനങ്ങളും മറ്റും എത്തിച്ചുകൊടുക്കുകയും തന്നാൽ ആവുംവിധം അവരെ സഹായിക്കുകയും ചെയ്തു. കൂടാതെ രക്തസാക്ഷികളായി മരിക്കുന്നവരുടെ ശരീരങ്ങൾ മറവു ചെയ്തുകൊണ്ടിരുന്നതും ഈ സഹോദരനായിരുന്നു. താൻ പിടിക്കപ്പെട്ടാൽ പീഢനമേൽക്കേണ്ടിവരും എന്ന് അറിയാമായിരുന്നിട്ടും അവയൊന്നും വകവയ്ക്കാതെ താൻ ധൈര്യസമേതം കർത്താവിനെ സേവിച്ചു. ലോകം തനിക്കു യോഗ്യമല്ല എന്ന് താൻ മനസ്സിലാക്കിയിരുന്നു.


വിശ്വാസത്തിൽ സ്ഥിരതയില്ലാതിരുന്ന അനേകർ ഈ സമയത്ത് കർത്താവിനെ തള്ളിപ്പറഞ്ഞു. അക്കൂട്ടത്തിൽ ഒരാളയിരുന്നു പോളി

ക്രോണിക്കസ്, വിടുതൽ പ്രാപിച്ചതിനുശേഷം അദ്ദേഹം തിയോഡറ്റാസിനെ ഒറ്റിക്കൊടുത്തു.

തന്നെ ഒറ്റിക്കൊടുത്തു എന്നറിഞ്ഞപ്പോൾ തിയോഡറ്റാസ് ഗവർണ്ണറുടെ മുമ്പിൽ ഹാജരായി. അദ്ദേഹം കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. പീഢിപ്പിക്കുവാനായി കാരാഗൃഹത്തിനുള്ളിൽ സൂക്ഷിച്ചിരുന്ന ആയുധങ്ങളെ കണ്ട അദ്ദേഹം അവയെ നോക്കി പുഞ്ചിരിച്ചു.

ക്രിസ്തുവിനെ തള്ളിപ്പറയുകയാണെങ്കിൽ അവനെ വെറുതെ വിടാം എന്ന് ഗവർണ്ണർ ആജ്ഞാപിച്ചു. മാത്രമല്ല തള്ളിപ്പറയുകയാണെങ്കിൽ ഗവർണ്ണറുടെ സ്നേഹിതനും, പട്ടണത്തിലെ പ്രധാനിയുമായി തനിക്ക് ജീവിക്കാൻ കഴിയുമെന്നും ഗവർണ്ണർ വാഗ്ദാനം ചെയ്തു.

എന്നാൽ തിയോഡറ്റാസ് പ്രസ്തുത വാഗ്ദാനങ്ങളെയെല്ലാം നിരസിച്ചു. മാത്രമല്ല ക്രിസ്തുവാണ് തന്റെ സ്നേഹിതനെന്നും ലോകസൃഷ്ടിതാവിന്റെ മകനായ തനിക്ക് ഇതിലും ഉന്നതമായ മറ്റൊരു സ്ഥാനം ഇല്ല എന്നും പറഞ്ഞു. ഇതിൽ കുപിതനായ ഗവർണ്ണർ അദ്ദേഹത്തെ ക്രൂരമായി ഉപദ്രവിക്കുവാൻ കല്പിച്ചു. അവർ അദ്ദേഹത്തെ മർദ്ദിച്ചതിനുശേഷം ഒരു മരച്ചുവട്ടിൽ ബന്ധിച്ചു. അതിനുശേഷം ചുട്ടുപഴുത്ത കമ്പികൊണ്ട് അദ്ദേഹത്തിന്റെ ശരീരം മുഴുവൻ പൊള്ളിച്ചു. തുടർന്ന് കാണുവാനായി തടിച്ചുകൂടിയ ജനങ്ങളെ തന്റെ ശരീരത്തിൽ നിന്ന് ചീന്തപ്പെട്ട മാംസം കാണിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "തനിക്കുവേണ്ടി ക്രൂശുമരണം സഹിച്ചവനായ ക്രിസ്തുവിനെ പ്രതി ഒരു ക്രിസ്ത്യാനി കഷ്ടം സഹിക്കേണ്ടത് ഇപ്രകാരമായിരിക്കേണം". അഞ്ചുദിവസത്തെ കാരാഗൃഹവാസത്തിനുശേഷം വീണ്ടും പടയാളികൾ അദ്ദേഹത്തെ പുറത്തുകൊണ്ടുവന്നു. തുടർന്ന് അദ്ദേഹത്തെ പീഢിപ്പിക്കുകയും അതിനുശേഷം ശിരഃച്ഛേദം ചെയ്യുകയും ചെയ്തു. അങ്ങനെ തിയോഡറ്റാസ് ക്രിസ്തുവിനോട് ചേർന്നു.



നാഥാ നിനക്കായ്... നഗ്നനായി അഗ്നികുണ്ഠത്തിൽ ദഹിപ്പിക്കപ്പെടുന്ന ജോൺ ഒൾകാസിൽ

Pictures thankfully taken from FOXE'S CHRISTIAN MARTYRS OF THE WORLD

## 59

# ഏഴ് വല്യമ്മച്ചിമാരെ മുക്കിക്കൊന്നു

ഗവർണ്ണറായിരുന്ന തിയോഡറ്റാസിന് ക്രിസ്ത്യാനികളെ കൊന്നു മുടി ക്കുവാനുള്ള അധികാരം ചക്രവർത്തി നൽകി. ക്രൂരനായ ഗവർണ്ണർ അതിൽ ഏറ്റവും സന്തോഷവാനായിരുന്നു.

പ്രായം ചെന്ന ഏഴു സ്ത്രീകളെ അനസ്വര എന്ന സ്ഥലത്ത് ഗവർണ്ണറുടെ മുമ്പിൽ കെട്ടപ്പെട്ടവരായി കൊണ്ടുവന്നു. അവരുടെ പ്രായത്തെച്ചൊല്ലി ഗവർണ്ണർ ആ വല്യമ്മച്ചിമാരെ കണക്കിന് കളിയാക്കി. അതിനുശേഷം അവരോട് മറ്റുള്ളവരോട് ചേർന്ന് മിനാർ, ഡയാന ദേവികളുടെ പ്രതിമകളെ അലങ്കരിക്കുക എന്നു കല്പിച്ചു. അതു അവിടുത്തെ ഒരു ഉൽസവമായിരുന്നു.

അവരെ അമ്പലത്തിലെ പ്രതിമകളെ കഴുകുവാൻവേണ്ടി കൊണ്ടു പോയെങ്കിലും അവർ അതിനും തയ്യാറായില്ല. ക്രുദ്ധനായ ഗവർണ്ണർ അവരുടെ കഴുത്തിൽ വലിയ കല്ലുകൾ കെട്ടി വിഗ്രഹം കഴുകുവാൻ ഉപയോഗിക്കുന്ന വലിയ കുടുമിയിൽ ഇടുവാൻ കൽപ്പിച്ചു. അങ്ങനെ ആ വല്യമ്മച്ചിമാർ ശ്വാസംമുട്ടി മരിച്ചു. എന്നാൽ അവരുടെ വിശ്വാസത്തിൽ നിന്നും അവരെ വ്യതിചലിപ്പിക്കുവാൻ ആർക്കും, ഒന്നിനും കഴിഞ്ഞില്ല.

## 60

# നവ ദമ്പതികൾ

വടക്കെ ആഫ്രിക്കയിലെ മോറിറ്റേനിയ എന്ന സ്ഥലത്ത് സന്തോഷ മായി ജീവിച്ചിരുന്ന നവ ദമ്പതികളായിരുന്നു തിമോഥിയും മോറോയും. അവരുടെ വിവാഹം കഴിഞ്ഞിട്ട് ഒരു മാസം മാത്രമേ ആയിരുന്നുള്ളു.

തിമോഥി മോറിറ്റേനിയയിലെ സഭാ ശുശ്രൂഷകനായിരുന്നു. ഈ സമയത്ത് അവിടത്തെ ഗവർണ്ണറായിരുന്ന അറിയാനസ് ക്രിസ്ത്യാനികളെ പീഢിപ്പിക്കുവാൻ തുടങ്ങി. പടയാളികൾ തിമോഥിയെ പിടിക്കുകയും

അവർ ഒരുമിച്ച് തങ്ങൾക്കായി ഒരുക്കിയിരുന്ന നിത്യസന്തോഷത്തിലേക്ക് പ്രവേശിച്ചു.

# 61

# ധൈര്യശാലിയായ ബെയ്സിൽ

ഏഷ്യാമൈനറിൽ ഗലാത്യ എന്ന നഗരത്തിൽ ബെയ്സിൽ എന്ന ഒരു ദൈവമകൻ ജീവിച്ചിരുന്നു. അദ്ദേഹം വളരെ ശക്തമായി സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്നു. എന്നാൽ ഇത് കോൺസ്റ്റാന്റിനോപ്പിളിലുള്ള അറിയൂസ് വിഭാഗത്തിപ്പെട്ട ബിഷപ്പിന് ഇഷ്ടപ്പെട്ടില്ല. മാത്രമല്ല ആ സമയത്ത് അറിയൂസും, പട്ടണക്കാരും ചേർന്ന് തങ്ങളിൽ വിശ്വസിക്കാത്ത അനേകരെ കൊന്നൊടുക്കി. മാത്രമല്ല ബെയ്സിലിനോട് ഇനി ഒരിക്കലും പ്രസംഗിക്കരുതെന്നും താക്കീത് നൽകി. എന്നാൽ അവരുടെ ഭീതിപ്പെടുത്തലിനൊന്നും അവൻ വഴങ്ങിയില്ല.

തുടർന്ന് അവർ അദ്ദേഹത്തെ പിടിച്ച് അന്നത്തെ ചക്രവർത്തിയായ ജൂലിയന്റെ അടുത്തുകൊണ്ടുപോയി. ജൂലിയന്റെ പിതാവ് ഒരു ക്രിസ്ത്യാനിയായിരുന്നെങ്കിലും ജൂലിയൻ ഒരു അവിശ്വാസിയായിരുന്നു. കൂടാതെ അദ്ദേഹം അനേക ദൈവമക്കളെ കൊന്നൊടുക്കുകയും ചെയ്തു. എന്നാൽ ആ സമയം ജൂലിയൻ പേർഷ്യൻ രാജ്യത്തോട് യുദ്ധം ചെയ്യുന്നതിനു വേണ്ടി തയ്യാറെടുക്കുകയായിരുന്നതിനാൽ ഇതു ശ്രദ്ധിച്ചില്ല. ബെയ്സിൽ വീണ്ടും ക്രിസ്തുവിനെക്കുറിച്ച് പ്രസംഗിച്ചുകൊണ്ടിരുന്നു. കൂടാതെ വിഗ്രഹാരാധനയെ അദ്ദേഹം അങ്ങയറ്റം എതിർത്തു. ഇതിൽ ക്ഷുഭിതരായ ജനങ്ങൾ അദ്ദേഹത്തെ പിടിച്ച് ന്യായാധിപന്റെ അടുക്കൽ കൊണ്ടുവന്നു. ന്യായാധിപൻ ബെയ്സിലിനെ ക്രൂരമായി അടിച്ചു. തുടർന്ന് അദ്ദേഹത്തെ ചക്രത്തിലിട്ട് കറക്കിയതിനുശേഷം ജയിലിൽ അടച്ചു.

ചക്രവർത്തി തിരിച്ചു വന്നതിനുശേഷം ബെയ്സിലിനെ തന്റെ അടുക്കൽ കൊണ്ടുവരുവാൻ അദ്ദേഹം കൽപ്പിച്ചു. അവന്റെ വിശ്വാസത്തിൽ നിന്നും അവനെ പിൻതിരിപ്പിക്കുവാൻ ചക്രവർത്തി ശ്രമിച്ചു. എന്നാൽ പ്രയോജനമുണ്ടായില്ല.

ധൈര്യശാലിയായ ബെയ്സിൽ ചക്രവർത്തിയോട് താങ്കൾ യുദ്ധത്തിൽ പരാജയപ്പെടുമെന്നും വധിക്കപ്പെടുമെന്നും ചക്രവർത്തിയോട് പറഞ്ഞു.

ഇതിൽ ക്രുദ്ധനായ ചക്രവർത്തി അദ്ദേഹത്തെ വീണ്ടും കാരാഗൃഹത്തിൽ അടച്ചു. ചക്രവർത്തിയുടെ മരണശേഷം ബെയ്സിൽ കാരാഗൃഹത്തിൽ നിന്നും വിടുവിക്കപ്പെടുകയും ജീവിച്ചിരുന്ന നാൾകളൊക്കെയും ധൈര്യത്തോടു കൂടെ കർത്താവിനെ സാക്ഷിക്കുകയും ചെയ്തു.

## 62

# കടന്നലുകളുടെ കുത്തേറ്റു മരിച്ച മാർക്കസ്

അരിത്തുസ്സിയിലെ സഭാപരിപാലകനായിരുന്നു മാർക്കസ്, വളരെ ധൈര്യത്തോടും വീര്യത്തോടും കൂടി കർത്താവിനുവേണ്ടി പോരാടുന്ന ഒരു യോദ്ധാവായിരുന്നു അദ്ദേഹം. അനേകരെ കർത്താവിനുവേണ്ടി നേടിയ അദ്ദേഹം ഒരു ആരാധനാലയവും പണിതു.

തന്റെ കൂട്ടുകാർ ഇല്ലാതിരുന്ന സമയത്ത് ക്രിസ്തു വിരോധികൾ അദ്ദേഹത്തെ പിടിച്ചു. അതിനുശേഷം ഏറ്റവും ക്രൂരമായി എങ്ങനെ പീഢിപ്പിക്കുവാൻ സാധിക്കും എന്നതിനെക്കുറിച്ച് അവർ ആലോചിച്ചു. ഒടുവിൽ ആ ദുഷ്ടന്മാർ അദ്ദേഹത്തെ പീഢിപ്പിക്കുന്നതിനുവേണ്ടി ഒരു മാർഗ്ഗം കണ്ടെത്തി.

അവർ അദ്ദേഹത്തിന്റെ കൈകാലുകൾ കെട്ടി. അതിനുശേഷം അദ്ദേഹത്തെ ഒരു കുട്ടയിലാക്കി കടന്നലുകൾ ഉള്ള ഒരു മരത്തിൽ അതിനെ കെട്ടിത്തൂക്കി. അതിനുശേഷം കടന്നലുകൾ ആക്രമിക്കുവാൻ വേണ്ടി അദ്ദേഹത്തിന്റെ ശരീരത്തിൽ നന്നായി തേൻ പുരട്ടി. തേൻ പുരട്ടിയതിനുശേഷം ആ ദുഷ്ടന്മാർ കടന്നലുകളുടെ കൂട് അനക്കി. തുടർന്ന് കടന്നലുകൾ വന്ന് അദ്ദേഹത്തെ ആക്രമിക്കുവാൻ തുടങ്ങി. അങ്ങനെ കടന്നലുകളുടെ കുത്തേറ്റ് അദ്ദേഹം താൻ നോക്കിപ്പാർത്തിരുന്ന ഭവനത്തിൽ എത്തിച്ചേർന്നു.

## 63

# സ്കൂൾ അദ്ധ്യാപകന്റെ മരണം

റോമാ പട്ടണത്തിലെ ഒരു സ്കൂളിൽ കാസ്സിയൻ എന്നൊരു അദ്ധ്യാപകനുണ്ടായിരുന്നു. കുട്ടികളെ നന്നായി പഠിപ്പിക്കുന്നതോടൊപ്പം വളരെ കൃത്യനിഷ്ഠയുള്ള ഒരു അദ്ധ്യാപകനായരുന്നു അദ്ദേഹം. എല്ലാ കാര്യങ്ങളും ചന്തവും ഉചിതവുമായി നടക്കണമെന്നുള്ള സ്വഭാവക്കാരനായിരുന്ന അദ്ദേഹം തെറ്റുകണ്ടാൽ കുട്ടികൾക്ക് നല്ല ബാലശിക്ഷ നൽകുമായിരുന്നു. എന്നാൽ ചില കുട്ടികൾക്ക് ആ അദ്ധ്യാപകനെ ഇഷ്ടമായില്ല.

കാസ്സിയൻ ഒരു ക്രിസ്ത്യാനിയാണ് എന്നുള്ള വിവരം ന്യായാധിപന് കിട്ടി. രോഷാകുലരായ വിദ്യാർത്ഥികളുടെ കൈയിൽ അദ്ദേഹത്തെ ഏൽപ്പിക്കുവാൻ ന്യയാധിപൻ തീരുമാനിച്ചു. അങ്ങനെ വിദ്യാർത്ഥികൾ വളരെ ക്രൂരമായ രീതിയിൽ അവരുടെ അദ്ധ്യാപകനോട് പെരുമാറി. അവസാനം അവർ ഒരു ഇരുമ്പ് കമ്പികൊണ്ട് അദ്ദേഹത്തെ കുത്തിക്കൊന്നു.

## 64

# ധൈര്യശാലിയായ ടെലിമാക്കസ്

റോമാകൊലക്കളത്തിലെ അവസാനത്തെ രക്തസാക്ഷി (ഏ.ഡി. 375)

റോമാസാമ്രാജ്യം അധഃപതനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ജനങ്ങൾ സുഖലോലുപരും ജഡികരും ആയിത്തീർന്നു. യുദ്ധത്തിൽ രാഷ്ട്രത്തിന് വേണ്ടി പോരാടുന്നതിന് ചക്രവർത്തിമാർക്കോ യോദ്ധാക്കൾക്കോ കഴിവില്ലാതെയായി.

വെറിക്കൂത്തും, ഉല്ലാസവും കളിയും വിനോദവും മാത്രമായി ജീവിച്ചിരുന്നവരെ ഗോത്രവർഗ്ഗക്കാർ അക്രമിച്ചു കീഴടക്കി. ചക്രവർത്തിയായ വാലൻസും കൊല്ലപ്പെട്ടു.

തിയോഡിയസ്സ് ഗോത്രവർഗ്ഗക്കാരെ കീഴടക്കി നഗരത്തെ ഭരിച്ചു.

തിയോഡിയസ്സിന്റെ മരണശേഷം അദ്ദേഹത്തിന്റെ പുത്രന്മാർ ഭരിച്ചു. അവർ ഗോത്രവർഗ്ഗക്കാരെ കീഴടക്കി. തിരിച്ചുവന്നു. ഇതു റോമാക്കാരുടെ അവസാനത്തെ വിജയം എന്നുവേണമെങ്കിൽ പറയാം.

ജയത്തിന് ശേഷം സാധാരണ ചെയ്യാറുള്ളതു പോലെ ജനങ്ങൾ കൊലക്കളത്തിൽ തടിച്ചുകൂടി.

തോറ്റ രാജ്യത്തിൽ നിന്ന് പിടിച്ചുകൊണ്ടുവന്ന അഭയാർത്ഥികളെ ക്രൂരമായ രീതിയിൽ പീഡിപ്പിക്കുവാനും കൊല്ലുവാനും തുടങ്ങി. ശവശരീരം വലിച്ചുകൊണ്ട് നടന്ന മണ്ണിൽ കൂടി ചോര ഒഴുകി. ആ മണ്ണുമാറ്റി വേറെ മണ്ണ് ഇട്ടതിനുശേഷം ആ രാജ്യത്തിലെ തന്നെ യുവ യോദ്ധാക്കളെ വിളിച്ചു, അവർ തമ്മിൽ തമ്മിൽ യുദ്ധം ആരംഭിച്ചു ഒന്നിനുപുറകെ ഒന്നായി യോദ്ധാക്കൾ മരിച്ചുകൊണ്ടിരുന്നു. ചക്രവർത്തിയും സ്ത്രീകളും പുരുഷന്മാരും ഈ കാഴ്ച കണ്ട് ആർത്തുകൊണ്ടിരുന്നു. അവരുടെ ഹൃദയം അത്രമാത്രം ക്രൂരതനിറഞ്ഞിരുന്നു.

അടുത്ത രംഗം വാൾപയറ്റായിരുന്നു. വാൾ ശത്രുവിന്റെ കയ്യിൽ നിന്നുതാഴെ വിഴുകയും മുറിവേല്ക്കുകയും ചെയ്യുമ്പോൾ അയാൾ ജയിച്ച ആളുടെ കാൽ ചുവട്ടിൽ വീഴും. ജയിച്ച ആൾ ഞാൻ ജയിച്ചു എന്നു വിളിച്ചു പറയും.

അയാളെ കൊല്ലുകയോ വിടുവിക്കുകയോ എന്നതു ജനം തീരുമാനിക്കുന്നു. കൈഉയർത്തിയാൽ അവനെ അവിടെ നിന്ന് ആശുപത്രിയിലേക്ക് മാറ്റും, കൈ താഴ്ത്തിയാൽ അവനെ കൊന്നുകളയും.

അനേകർ വീണ്ടും പോരാടി യോദ്ധാക്കൾ മാറി മാറി മരിച്ചുകൊണ്ടിരുന്നു. ജനങ്ങൾ കൈകൊട്ടി അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

ഈ സമയത്തു കൊലക്കളത്തിലേയ്ക്ക് ആരോ ഒരു മനുഷ്യൻ കടന്നുവന്നു. കണ്ടാൽ ഒരു സന്യാസിയാണെന്ന് തോന്നും. യോദ്ധാക്കളുടെ നടുവിൽ ചാടി നിന്ന് കൊണ്ട് രണ്ട് കൈയ്യും വിടർത്തി അരുത് എന്നു പറയുന്നു.

ചക്രവർത്തിയും ജനങ്ങളും നിശബ്ദരായി. യോദ്ധാക്കളിൽ ഒരുവൻ മറ്റവനെ കൊല്ലുവാൻ തുടങ്ങിയ സമയമായിരുന്നു കുറ്റമില്ലാത്ത രക്തം ചൊരിയുന്നതു വീരകൃത്യമല്ലാ, ലജ്ജാവഹമാണെന്നും അദ്ദേഹം പറഞ്ഞു. യേശു നിങ്ങളെ സ്നേഹിച്ചു നിങ്ങൾക്കുവേണ്ടി തന്റെ ജീവനെ കൊടുത്തു അവനിൽ വിശ്വസിക്കുക നിങ്ങൾ രക്ഷിക്കപ്പെടും. നിങ്ങൾക്ക് അന്യോന്യം സ്നേഹിക്കുവാനും കഴിയും.

ജനങ്ങൾ കുപിതരായി രക്തം കണ്ടിട്ടും മതിവരാത്ത ദുഷ്ടന്മാർ ഇതു പ്രസംഗ പീഡമല്ല കൊലക്കളമാണ് മല്ലയുദ്ധം തുടങ്ങുക കൊല്ലുക എന്നാർത്തതും യോദ്ധാക്കൾ വാൾകൊണ്ടു വെട്ടുവാൻ തുടങ്ങി എന്നാറെ ഈ ഭക്തൻ അവരുടെ ഇടയിലേയ്ക്കു എടുത്തു ചാടി. യോദ്ധാക്കൾ ഇതു ഒരു ശല്യമായി കരുതി അദ്ദേഹത്തെ വെട്ടി നുറുക്കി. ജനങ്ങൾ കൈയ്യിൽകിട്ടിയതു കൊണ്ടു അദ്ദേഹത്തെ എറിഞ്ഞു.

അദ്ദേഹത്തിന്റെ മുഖത്തെ തേജസുകണ്ട ചിലർ അത്ഭുതസ്തബ്ദരായി. അദ്ദേഹത്തിന്റെ മരണം വെറുതെയായിരുന്നാലും ചക്രവർത്തിയുടെയും ജനങ്ങളുടെയും കണ്ണു തുറക്കുവാൻ മതിയായതായിരുന്നു. ഈ കൊലക്കളത്തിൽ വെച്ചുകൊല്ലപ്പെട്ട അവസാനത്തെ വ്യക്തി ടെലിമാക്കസ് എന്ന ആ ഭക്തനായിരുന്നു.

ടെലിമാക്കസ്സ് ഏഷ്യയിൽ നിന്നും റോമിലെ വിശ്വാസികളെ കണ്ടു അവരെ വചനത്തിൽ ഉറപ്പിക്കുന്നതിനുവേണ്ടി വന്നതായിരുന്നു. കൊലക്കളത്തിലെ ഈ കാഴ്ചകണ്ട ആദ്ദേഹം ഈ രംഗം എന്നെന്നേക്കും അവസാനിപ്പിക്കണമെന്നാഗ്രഹിച്ചു. തന്റെ ജീവനെ വിലയേറിയതായി അദ്ദേഹം എണ്ണിയില്ല.

## ഉപസംഹാരം

കർത്താവായ യേശുക്രിസ്തുവിന്റെ കഷ്ടാനുഭവ മരണവും പുനരുത്ഥാനവുമാണ് സഭയുടെ അടിസ്ഥാനം. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല എന്ന നിത്യനിയമത്തിന്റെ പൂർത്തീകരണം ക്രിസ്തു സാദ്ധ്യമാക്കിയതിനാൽ മാത്രമാണ് നാം രക്ഷ പ്രാപിച്ചത്. ഈ പാപപരിഹാരക്കബലിയിൽ വിശ്വസിക്കുന്ന ഏവനും രക്ഷ ലഭിക്കുമെന്നതു തിരുവചനയാഥാർത്ഥ്യമാണ്. അതേസമയം ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ വരം നൽകിയിരിക്കുന്നു എന്നു പരിശുദ്ധാത്മാവ് നമ്മെ ഉത്ബോധിപ്പിക്കുന്നു (ഫിലി. 1:29).

നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനാണെന്നും ആകയാൽ ഇപ്പോൾ അൽപനേരത്തേക്കു നാനാപരീക്ഷകളാൽ ദുഃഖിച്ചിരിക്കേണ്ടിവന്നാലും ആനന്ദിക്കും (1 പത്രോ. 1:56) എന്നു പരിശുദ്ധാത്മാവു നമ്മെ ആശ്വസിപ്പിക്കുന്നു.

ക്രിസ്തുവിൻ നാമത്തിൽ കഷ്ടം അനുഭവിക്കുക എന്നത് ഭാഗ്യമാണ്. പദവിയാണ്. പ്രത്യാശയുടെ പ്രതിഫലനമാണ്. വിശ്വാസത്തിന്റെ പ്രത്യക്ഷപ്രതീകമാണ്. രക്ഷകനോടുള്ള അനുസരണവും അനുഗമനവും അനുകരണവുമാണ്; ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾക്കു അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു (1 പത്രോ. 2:21).

ദൈവജനത്തിന്റെ വിശ്വാസജീവിതത്തിൽ സമർപ്പണ ജീവിതത്തിന്റെ തിരിനാളം കൊളുത്തുവാൻ ഈ കൃതി മുഖാന്തരമായെങ്കിൽ ഞാൻ ധന്യയായി.

******